VOL NO: 06 I ISSUE 40
www.nerpatham.com
mail@nerpatham.com
2022 OCTOBER 01 I ₹10

# നേർപഥം
വാരിക

## നായ്പ്പേടിയിൽ ഒരു സംസ്ഥാനം!

പൂർവികർ പകുത്തുതന്ന മൂല്യങ്ങളുപയോഗിച്ചും മതനിരപേക്ഷ സമൂഹത്തോട് ചേർന്നുനിന്നുകൊണ്ടുമുള്ള ജനാധിപത്യ പോരാട്ടം മാത്രമാണ് ന്യൂനപക്ഷ പ്രശ്നങ്ങൾക്കുള്ള പരിഹാരം. ബുള്ളറ്റുകളല്ല, ബാലറ്റുകളുടെ ഏകീകരണമാണ് ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ ചാലകശക്തി. പോപ്പുലർ ഫ്രണ്ടിന്റെ വഴികൾ ന്യൂനപക്ഷങ്ങൾക്ക് നഷ്ടങ്ങൾ മാത്രം വരുത്തിയതാണ് ചരിത്രം. എന്നാൽ പരിഹാരങ്ങളുടെ പേരിൽ ഏകപക്ഷീയമായി പ്രവർത്തിക്കാനാണ് കേന്ദ്ര ഏജൻസികൾ ശ്രമിക്കുന്നത്. മാളത്തിൽ നിന്ന് തലപൊക്കാൻ ശ്രമിക്കുന്ന വിഷജീവികളെ അന്വേഷിക്കുന്നവർ ഫണം വിടർത്തിയാടുന്ന കരിനാഗങ്ങളെ അവഗണിക്കുന്ന സ്ഥിതിയാണ് രാജ്യത്തുള്ളത്.




# അൺ എത്തിക്കൽ ആക്ഷൻ! അൺ പോപ്പുലർ റിയാക്ഷൻ!!

|| സ്വന്തം ന്യൂനതകൾ തിരിച്ചറിയുക

|| ഖബ്ർ ശിക്ഷ; സത്യമോ മിഥ്യയോ?

|| പ്രയാസഘട്ടങ്ങളിൽ അടിപതറരുത്

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്‌മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

# 0297
# നേർപഥം
വാരിക

2022 ഒക്ടോബർ 1
1444 റബീഉൽ അവ്വൽ 4
പുസ്തകം 06 / ലക്കം 40






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**05**
മുഖമൊഴി
ഭരണകൂടത്തോടുള്ള പ്രതിഷേധം
പൊതുജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടാകരുത്

**06**
ലേഖനം
പ്രയാസഘട്ടങ്ങളിൽ
അടിപതറരുത്
അധ്യ.അബ്ദുസ്സമദ്,
കലൂർ

**09**
ലേഖനം
സ്വന്തം ന്യൂനതകൾ
തിരിച്ചറിയുക
മുജാഹിദ് ബാലുശ്ശേരി

**16**
ലേഖനം
വ്യഭിചാരത്തിലേക്ക്
നയിക്കുന്ന ചില കാര്യങ്ങൾ
അബൂ ആമിർ

**18**
ലേഖനം
ക്വബ്ർ ശിക്ഷ;
സത്യമോ മിഥ്യയോ?
ബഹീജ് വാണിയമ്പലം

**21**
ലേഖനം
സമയം എന്ന അനുഗ്രഹം
അബ്ദുല്ലത്വീഫ് സുല്ലമി

**22**
ആരോഗ്യപഥം
സാമൂഹിക വിരുദ്ധ
ക്രമരാഹിത്യ വ്യക്തിത്വം
ഡോ. മുനവ്വർ

**24**
നിയമപഥം
നമ്മുടെ രാജ്യത്തെ കോടതികൾ
അബൂആദം അയ്മൻ

**26**
ലേഖനം
ഫിത്നയും
മുസ്‌ലിംകളുടെ നിലപാടും
ശൈഖ്സ്വാലിഹ് ആലുശൈഖ്
വിവ: സിയാദ് കണ്ണൂർ

**30**
ക്വുർആൻ ദർശനം
അദ്ദുഖാൻ (പുക)
അബ്ദുർറഹ്മാനുബ്നു
നാസ്വിറുസ്സഅ്ദി

**34**
നമുക്കുചുറ്റും
നായ്‌പ്പേടിയിൽ
ഒരു സംസ്ഥാനം!
ടി.കെ അശ്റഫ്

# മുജാഹിദ് ആദർശ സമ്മേളനത്തിന് പയ്യന്നൂരിൽ പ്രൗഢമായ സമാപനം

പയ്യന്നൂർ: സ്രഷ്ടാവിന്റെ ഏകത്വം ഉറക്കെ പ്രഖ്യാപിക്കാൻ നാടിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഒഴുകിയെത്തിയ വൻ ജനാവലിയെ സാക്ഷിനിർത്തി ആത്മീയ വാണിഭങ്ങൾക്കും ജെന്റർ ന്യൂട്രാലിറ്റി ചതിക്കുഴികൾക്കുമെതിരെ പയ്യന്നൂരിൽ സംഘടിപ്പിച്ച മുജാഹിദ് ആദർശ സമ്മേളനത്തിന് പ്രൗഢമായ സമാപനം!

പയ്യന്നൂരിലും പരിസരപ്രദേശങ്ങളിലുമുൾപ്പെടെ ജില്ലയിലെ ആയിരക്കണക്കിന് വീടുകളിലേക്ക് സന്ദേശമെത്തിച്ചതോടൊപ്പം സന്ദേശ പ്രയാണവും സമ്മേളനത്തിന്റെ മുന്നോടിയായി സംഘടിപ്പിച്ചിരുന്നു. സംഘാടകരുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് സ്ത്രീകളടക്കം നൂറുകണക്കിനു പേർ ടൗൺ സ്‌ക്വയറിലേക്ക് എത്തിച്ചേർന്നു.

സമ്മേളത്തിലെ ഓരോ ക്ലാസ്സും നല്ലൊരു വൈജ്ഞാനിക വിരുന്നാണ് സമ്മാനിച്ചത്. ഓരോ ക്ലാസ്സിന്റെയും പ്രസക്തിയും പ്രാധാന്യവും എടുത്തുകാണിച്ചുകൊണ്ടുള്ള അധ്യക്ഷ ഭാഷണം സമ്മേളനത്തിന്റെ തുടക്കത്തെ ഗംഭീരമാക്കി.

ജെന്റർ ന്യൂട്രാലിറ്റിയുടെ അപകടങ്ങളും പൊള്ളത്തരങ്ങളും ബോധ്യപ്പെടുത്താൻ സമ്മേളനത്തിന് സാധിച്ചു. ലിബറൽ ചിന്താഗതികൾക്കെതിരെയുള്ള ശക്തമായ ബോധവൽക്കരണമാണ് സമ്മേളനത്തിലൂടെ മുന്നോട്ടുവച്ചത്.

ഇസ്‌ലാമിന്റെ പേരിൽ വ്യാജ കറാമത്തും വിശ്വാസ ചൂഷണവും ആത്മീയവാണിഭവും നടത്തുന്നവരുടെ കള്ളത്തരങ്ങൾ തുറന്നുകാട്ടുന്നതോടൊപ്പം, ഇസ്‌ലാമിന്റെ സുന്ദരമായ തൗഹീദീ ആശയം ജനങ്ങളെ പഠിപ്പിക്കുവാനും സമ്മേളനത്തിലൂടെ സാധിച്ചു.

തങ്ങളുടെ തീവ്ര രാഷ്ട്രീയ അജണ്ടകൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ ശക്തമായ താക്കീതു നൽകിയ സമാപന പ്രസംഗം പ്രാദേശിക തലത്തിൽ തൗഹീദീ മുന്നേറ്റത്തിന് ആവേശം പകരുന്നതായിരുന്നു.

വിഷയത്തിന്റെ വേരിൽ സ്പർശിച്ച ക്ലാസ്സുകൾകൊണ്ടും ടൗൺ സ്‌ക്വയറിന് പുറത്തേക്കൊഴുകിയ നിറഞ്ഞ പങ്കാളിത്തം കൊണ്ടും സംഘാടന മികവുകൊണ്ടും ആദർശ സമ്മേളനം പയ്യന്നൂരിന്റെ മണ്ണിൽ പുതിയൊരു ദഅ്‌വാ ചരിത്രം കുറിച്ചു.

ജാമിഅ അൽഹിന്ദ് ഡയറക്ടറും വിസ്ഡം സംസ്ഥാന വൈസ് പ്രസിഡന്റുമായ ഫൈസൽ മൗലവി പുതുപ്പറമ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കണ്ണൂർ ജില്ലാ പ്രസിഡന്റ് അബ്ദുന്നാസിർ സ്വലാഹി ആധ്യക്ഷ്യം വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സെക്രട്ടറി അബ്ദുൽ മാലിക് സലഫി വിഷയാവതരണം നടത്തി.

'ജെന്റർ ന്യൂട്രാലിറ്റി; ചതിക്കുഴികൾ' എന്ന വിഷയത്തിൽ ഡോ. അബ്ദുല്ല ബാസിൽ പ്രബന്ധം അവതരിപ്പിച്ചു. സി.പി. സലീം സമാപന പ്രസംഗം നടത്തി. വി.മേമി പ്രമേയമവതരിപ്പിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പയ്യന്നൂർ മണ്ഡലം പ്രസിഡന്റ് ഇഖ്ബാൽ എം.ടി.പി സ്വാഗതവും വിസ്ഡം സ്റ്റുഡന്റ്‌സ് ജില്ലാ പ്രസിഡന്റ് അബ്ബാസ് ഹാമിദ് നന്ദിയും പറഞ്ഞു.

ഏഴാമത് ആദർശ സമ്മേളനം തൃശൂർ ജില്ലയിലെ കുന്ദംകുളത്തിനടുത്ത തൊഴിയൂരിൽ ഒക്ടോബർ 24നു നടക്കും, ഇൻശാ അല്ലാഹ്.

# ഭരണകൂടത്തോടുള്ള പ്രതിഷേധം പൊതുജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടാകരുത്

ഒരു മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രത്തിലാണ് നാം ജീവിക്കുന്നത്. പൗരന്മാർക്ക് സംഘടിക്കുവാനും അവകാശങ്ങൾ ചോദിച്ചുവാങ്ങുവാനും അനീതിക്കെതിരെ പ്രതിഷേധിക്കുവാനും ഇവിടെ അനുവാദമുണ്ട്; സ്വാതന്ത്ര്യമുണ്ട്. എന്നാൽ മറ്റുള്ളവരുടെ അവകാശങ്ങളെ ചവിട്ടിമെതിക്കുവാനും കവർന്നെടുക്കുവാനും അവരെ ബുദ്ധിമുട്ടിക്കുവാനും ആർക്കും അവകാശമില്ല. എന്നാൽ അതാണിന്ന് നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നതും.

മണിക്കൂറുകളോളം ഗതാഗത സ്തംഭനമുണ്ടാക്കി യാത്രക്കാരെ വലച്ചും രോഗികളെ പ്രയാസപ്പെടുത്തിയും പ്രകടനം നടത്തുന്നു, ബന്ദിന്റെയും ഹർത്താലിന്റെയും പേരിൽ റോഡുകളിൽ കല്ലും മരവുമിട്ടും ടയറുകൾ കൂട്ടിയിട്ട് കത്തിച്ചും ഗതാഗതം സ്തംഭിപ്പിക്കുന്നു... ഇതെല്ലാം നടക്കുന്നത് പ്രാകൃതയുഗത്തിലല്ല, ആധുനിക കാലഘട്ടത്തിലാണ്; സാംസ്കാരിക കേരളത്തിലാണ്. ഈ കുളിമുറിയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും നഗ്നരാണ്; എന്തിനേറെ മതഘോഷയാത്രകൾ നടത്തി ഗതാഗതക്കുരുക്കുണ്ടാക്കി മതസംഘടനകൾ പോലും ഇതിൽ പങ്കുചേരുന്നു!

ഏതാനും ദിവസം മുമ്പ് കേരളത്തിൽ നടന്ന ഒരു ഹർത്താൽ എന്തുമാത്രം ജനങ്ങളെ ബുദ്ധിമുട്ടിച്ചു എന്നതും എത്ര ഭീമമായ സാമ്പത്തിക നഷ്ടമാണ് സംസ്ഥാനത്തിനുണ്ടാക്കിത്തീർത്തതെന്നും ആലോചിക്കുക. 'വഴിയിൽനിന്ന് ഉപദ്രവങ്ങൾ നീക്കം ചെയ്യൽ ധർമമാകുന്നു' എന്നു പഠിപ്പിച്ച പ്രവാചകന്റെ അനുയായികളെന്ന് അഭിമാനിക്കുന്നവരും മുസ്‌ലിംകളുടെ സംരക്ഷണത്തിന്റെ മൊത്തക്കുത്തക സ്വയം ഏറ്റെടുത്തതായി നടിക്കുന്നവരുമാണ് 12 മണിക്കൂർ നേരം പൊതുജനത്തെ വലച്ചതും വാഹനത്തിൽ നിരത്തിലിറങ്ങിയവരെയും കടകൾ തുറന്നവരെയും അക്രമിച്ചതും എന്നതാണ് ഇതിലെ വിരോധാഭാസം. കേരളത്തിൽ ഹർത്താലും അതിന്റെ പേരിലുള്ള അക്രമവും പൊതുമുതൽ നശിപ്പിക്കലും ആദ്യമല്ല. ഇതിലും വലിയ അക്രമങ്ങളും പൊതുമുതൽ നശിപ്പിക്കലും ഹർത്താലിന്റെയും ബന്ദിന്റെയും മറവിൽ രാഷ്ട്രീയ പാർട്ടികൾ നടത്തിയിട്ടുണ്ട്. അവരാരും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും പേരിലോ ബോധലോ തക്ബീർ മുഴക്കിയോ ആയത്തും ഹദീസും നബിചരിത്രവും ഉദ്ധരിച്ചോ അക്രമങ്ങളെ ന്യായീകരിച്ചവരല്ല. എന്നാൽ ഇക്കൂട്ടർ തക്ബീർ മുഴക്കി പൊലീസിനെ നേരിടുന്നവരാണ്. സ്വർഗം നേടുന്ന പ്രവർത്തനങ്ങളാണ് തങ്ങൾ ചെയ്യുകൊണ്ടിരിക്കുന്നത് എന്ന് പ്രഖ്യാപിക്കുന്നവരാണ്. അതാകട്ടെ മുസ്‌ലിം സമൂഹത്തിന് ഗുണകരമല്ലാത്തതും സംഘ്പരിവാറിന്റെ താൽപര്യങ്ങൾക്ക് അനുകൂലവുമായ പ്രവർത്തനമാണ്. ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതുമാണ്.

ഭരണകൂടം തങ്ങളോട് അക്രമവും അനീതിയും കാണിച്ചുവെങ്കിൽ അതിനെ നിയമപരമായും രാഷ്ട്രീയമായുമാണ് നേരിടേണ്ടത്; അല്ലാതെ പൊതുജനങ്ങളെ ബുദ്ധിമിട്ടിച്ചും അവരുടെ സഞ്ചാര സ്വാതന്ത്ര്യം നിഷേധിച്ചുമല്ല. ജന്തുജാലങ്ങളോടുപോലും കാരുണ്യം കാണിക്കുവാൻ പഠിപ്പിക്കുന്ന ഇസ്‌ലാം മനുഷ്യ ജീവനും സ്വത്തിനും അഭിമാനത്തിനും പവിത്രത നൽകിയ മതമാണ്. സ്വന്തം താൽപര്യം മാത്രം സംരക്ഷിക്കുകയും അതിന്റെ മാർഗത്തിൽ മറ്റുള്ളവരെ ഉപദ്രവിക്കുകയും ചെയ്യുന്ന സ്വാർഥമതികൾ വർധിച്ചുകൊണ്ടിരിക്കെ സത്യവിശ്വാസികൾ ചെയ്യേണ്ടത് പ്രവാചക ശിഷ്യന്മാരെപോലെ അന്യരുടെ സുഖക്ഷേമം ആഗ്രഹിക്കുകയും അതിനുവേണ്ടി തങ്ങളാലാകുന്നത് ചെയ്യുകയുമാണ്.

ഗതാഗതം സ്തംഭിപ്പിക്കുന്ന പ്രകടനങ്ങളിൽനിന്നും മതഘോഷ യാത്രകളിൽനിന്നും ബന്ദ്, ഹർത്താൽ പോലുള്ള ജനദ്രോഹ പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിൽക്കാൻ സത്യവിശ്വാസികൾ തയാറാവേണ്ടതുണ്ട്. വഴിയിലെ ഉപദ്രവകരമായ വസ്തുക്കൾ നീക്കം ചെയ്യൽ ധർമമാണെന്ന പ്രവാചക വചനത്തിൽനിന്ന് പ്രചോദനമുൾക്കൊണ്ടുകൊണ്ട് സകലവിധ ജനദ്രോഹ പ്രവർത്തനങ്ങളിൽനിന്നും സത്യവിശ്വാസികൾ അകന്നുനിൽക്കണം. ■

ലേഖനം



# പ്രയാസഘട്ടങ്ങളിൽ അടിപതറരുത്

**അഡ്വ.അബ്ദുസ്സമദ്, കലൂർ**

ഇഹലോക ജീവിതം പ്രശ്നകലുഷിതമാണ്. ദാരിദ്ര്യവും സമ്പന്നതയും മനുഷ്യന് ഒരുപോലെ പ്രശ്നങ്ങൾ തീർക്കുന്നു. ദാരിദ്ര്യംമൂലം പട്ടിണിമരണങ്ങളും അജ്ഞതയും അനാരോഗ്യകരമായ ജീവിത സാഹചര്യങ്ങളും കലാപങ്ങളും ഉണ്ടാകുന്നു. മറുവശത്ത് അമേരിക്ക പോലുള്ള പാശ്ചാത്യരാജ്യങ്ങളിൽ സമ്പന്നതയുടെ അസന്തുലിതാവസ്ഥയുണ്ടാക്കുന്ന അരാജകത്വം നടമാടുന്നു. കലാശാലകളിൽ അസ്വസ്ഥരാകുന്ന വിദ്യാർഥികൾ സഹപാഠികളെ വെടിവെച്ചുകൊല്ലുന്നു. കൗമാരക്കാർ തോക്കുമായി നിരത്തിലറങ്ങിയും കലാലയങ്ങളിൽ ചെന്നും തുതുരാ വെടിയുതിർത്ത് നിരപരാധികളെ കൊന്നതിന്റെ വാർത്തകൾ വന്നുകൊണ്ടേയിരിക്കുന്നു. അക്രമങ്ങളും കൊലയും കൊള്ളിവയ്പ്പും വഴിവിട്ട ബന്ധങ്ങളും സാർവത്രികം.

കുടുംബ ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്നു. സ്ത്രീ-പുരുഷ ബന്ധങ്ങൾക്ക് വിലക്കുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. സ്വതന്ത്രലൈംഗികതാവാദികൾ പെരുകിക്കൊണ്ടിരിക്കുന്നു.

സന്താനങ്ങളില്ലാതെ ചില ദമ്പതികൾ വിലപിക്കുമ്പോൾ, മറുഭാഗത്ത് സന്താനങ്ങളുണ്ടായിട്ടും അവരുടെ വഴിതെറ്റിയ ജീവിതം മൂലം കണ്ണീരിൽ കഴിയുന്ന നിസ്സഹായരായ മാതാപിതാക്കൾ!

മദ്യവും മയക്കുമരുന്നും കൂടുതൽ പേരെ കീഴ്പ്പെടുത്തുകയാണ്. മദ്യപാനം സംസ്കാരത്തിന്റെ മേന്മയായി വാഴ്ത്തുന്ന കാഴ്ചകൾ! ക്യാമ്പസുകളിലും ആളൊഴിഞ്ഞ വഴിവക്കുകളിലും മയക്കുമരുന്നു കച്ചവടം സജീവം. ആൺ-പെൺ വ്യത്യാസമില്ലാതെ കൗമാരപ്രായക്കാരായ വിദ്യാർഥികൾ മയക്കുമരുന്നുകൾക്ക് അടിമകളായിക്കൊണ്ടിരിക്കുന്നു.

എല്ലാമുണ്ടായിട്ടും അയൽവാസിയുടെ സൗഭാഗ്യങ്ങൾ കണ്ട് പിന്നെയും അസ്വസ്ഥരാകുന്ന പൊങ്ങച്ച സംസ്കാരം പടർന്നുപിടിക്കുന്നു. പരസ്പരം പൊരുത്തപ്പെടാതെ കുടുംബക്കോടതിയിലെത്തി വാശി തീർക്കുന്ന യുവദമ്പതികൾ. മാനസിക പിരിമുറുക്കത്തിന് പരിഹാരം തേടി 'ജീവനകലകൾ' പഠിക്കാൻ ജനം ഓടുകയാണ്. പലരും കൗൺസിലിംഗ് വിദഗ്ധരെ തേടിക്കൊണ്ടിരിക്കുന്നു.

പക്ഷേ, എവിടെയും സമാധാനമില്ല. ആൾദൈവങ്ങളും ധ്യാന കേന്ദ്രങ്ങളും മഖ്ബറകളും ജനങ്ങളെ കൂടുതൽ അസ്വസ്ഥരാക്കുന്ന കാലഘട്ടം! ശാന്തികേന്ദ്രങ്ങൾ പരസ്പരം മത്സരിക്കുകയാണ്. എന്നിട്ടും അശാന്തരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു!

ഭൗതിക ദർശനങ്ങൾ പ്രശ്ന പരിഹാരമല്ലെന്ന് കാലം തെളിയിച്ചുകഴിഞ്ഞു. മാർക്സിസവും കമ്യൂണിസവും സോഷ്യലിസവുമെല്ലാം കാലഹരണപ്പെട്ടുകഴിഞ്ഞു, അഥവാ ജനങ്ങൾ കയ്യൊഴിച്ചുകൊണ്ടിരിക്കുന്നു.

**സൂക്ഷ്മ - സ്ഥൂല സൃഷ്ടികളുടെ ലോകം**

ശാന്തരായി നമ്മുടെ ചുറ്റും കഴിയുന്ന ജീവജാലങ്ങളിലേക്ക് നാം കണ്ണോടിക്കുക. സസ്യങ്ങളും ജീവജാലങ്ങളുമെല്ലാം കൃത്യമായി പ്രകൃതിയിൽ സ്രഷ്ടാവ് സംവിധാനിച്ച നിയമങ്ങൾക്ക് വിധേയമായി കഴിയുന്നു. ജൈവലോകത്ത് ഭക്ഷണം നിർമിക്കാനുള്ള കഴിവ് പച്ച ഇലകളുള്ള സസ്യങ്ങൾക്കുമാത്രം. ഇലകളിലെ കോശങ്ങളിലാണ് ഭക്ഷണ നിർമാണം. അന്തരീക്ഷത്തിൽനിന്നും വലിച്ചെടുക്കുന്ന കാർബൺഡയോക്സൈഡും മണ്ണിൽനിന്നും വലിച്ചെടുക്കുന്ന ജലവുംകൊണ്ട് സൂര്യപ്രകാശത്തിലെ ചുവപ്പും നീലയും രശ്മികളിലെ ഊർജവും എടുത്ത് ഇലകളിൽവെച്ച് ഭക്ഷണം ഉണ്ടാക്കുന്നു. സ്വന്തം ആവശ്യം കഴിച്ച് ജന്തുക്കൾക്കു കൂടി ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഭക്ഷണം വിത്തുകളും ഫലങ്ങളും കിഴങ്ങുകളുമായി സംഭരിച്ചുവെക്കുന്നു.

സസ്യങ്ങൾ പുറത്തുവിടുന്ന കാർബൺഡയോക്സൈഡ് വലിച്ചെടുത്ത് പകരം അവ ജന്തുക്കൾക്കാവശ്യമായ ഓക്സിജൻ പുറത്തുവിടുന്നു. അങ്ങനെ സസ്യങ്ങളും മനുഷ്യരുൾപ്പെ ടെയുള്ള ജന്തുജാലങ്ങളും പരസ്പരം ആശ്രയിച്ചു കഴിയുന്നു.

ഇത്തരം ക്രമീകരണവും വ്യവസ്ഥയും സ്വയം ഉണ്ടാകുന്നതല്ലായെന്ന് നാം സമ്മതിക്കുന്നു. എങ്കിൽ ഇതിന്റെ പിന്നിൽ ഇതെല്ലാം സൃഷ്ടിച്ച് പരിപാലിക്കുന്ന ഒരു ശക്തികേന്ദ്രം ഉണ്ടെന്നത് നിസ്തർക്കമാണ്.

അപ്പോൾ, പ്രപഞ്ചത്തിലെയും പ്രകൃതിയിലെയും പാരസ്പര്യവും ക്രമവും പ്രപഞ്ചനിലനിൽപ്പിന് ഏകമായ ശക്തിയാണെന്ന് വിശേഷബുദ്ധിയുള്ളവർ ആരും അംഗീകരിക്കും. ഒന്നിലേറെ ശക്തികൾക്ക് പങ്കുണ്ടായിരുന്നെങ്കിൽ അത് പ്രപഞ്ചനാശത്തിന് കാരണമാകുമായിരുന്നു.

പ്രാപഞ്ചിക നിയമങ്ങളുടെ ഐക്യരൂപം അവയെയെല്ലാം സൃഷ്ടിച്ചതും നിയന്ത്രിക്കുന്നതും ഒരേയൊരു ശക്തിയാണെന്ന് വ്യക്തമാക്കുന്നു. അതാണ് പ്രപഞ്ചനാഥൻ അഥവാ സൃഷ്ടികർത്താവ്. കോടാനുകോടി നക്ഷത്രങ്ങൾ ഉപരിലോകത്ത് പരസ്പരം കൂട്ടിമുട്ടാതെ ചരിച്ചുകൊണ്ടേയിരിക്കുന്നു. അവയുടെ വ്യാപ്തിയെയും വലിപ്പത്തെയും കുറിച്ച് വിസ്മയിപ്പിക്കുന്ന കണ്ടെത്തലുകളാണ് ശാസ്ത്രലോകം നടത്തിക്കൊണ്ടിരിക്കുന്നത്.

സൂക്ഷ്മലോകത്തെക്കുറിച്ച് ചിന്തിക്കുക. .ആറ്റത്തിന്റെ ന്യൂക്ലിയസിനകത്ത് പ്രോട്ടോണും ന്യൂട്രോണും കാണപ്പെടുന്നു. അതിനു ചുറ്റും കറങ്ങുന്ന ഇലക്ട്രോണുകൾ. എത്ര വ്യവസ്ഥാപിതമായിട്ടാണ് അണുവിന്റെ ഉൾഭാഗംപോലും സജ്ജമാക്കിയിരിക്കുന്നത്!

ആയിരക്കണക്കിന് ഗോളങ്ങളുണ്ടായിട്ടും ഭൂമിയിൽ മാത്രം ജീവൻ നിലനിൽക്കാനുള്ള താപനിലയും മറ്റും സൃഷ്ടികർത്താവ് സംവിധാനിച്ചിരിക്കുന്നു!

അപ്പോൾ ഒരു കാര്യം സത്യമാണെന്ന് തെളിയുന്നു; അതായത് എല്ലാ വസ്തുക്കളും- ചേതനയുള്ളതും അചേതനമായതും- അവയുടെ സൃഷ്ടികർത്താവിന്റെ വ്യവസ്ഥാപിത നിയമങ്ങൾക്കും നടപടികൾക്കും വിധേയമായിട്ടാണ് സ്ഥിതിചെയ്യുന്നത്.

**മനുഷ്യന്റെ ബാധ്യത**

മനുഷ്യന്റെ ഐഹികജീവിതം സമാധാനമുള്ളതാകാനും മരണാനന്തരമുള്ള ശാശ്വതമായ ജീവിതത്തിൽ വിജയം നേടുവാനുമുള്ള നിയമ നിർദേശങ്ങൾ അല്ലാഹു മാനവസമൂഹത്തിന് അന്തിമ ദൂതനിലൂടെ നൽകിക്കഴിഞ്ഞതിനാൽ ഒരു ഒഴികഴിവും പറഞ്ഞ് രക്ഷപ്പെടാൻ സാധ്യമല്ല. മനുഷ്യർ ഏകാരാധ്യനായ ദൈവത്തിനുമാത്രം ആരാധനയർപ്പിക്കാനാണ് ദൈവദൂതന്മാർ മുഖ്യമായും ഉൽബോധനം നടത്തിയത്.

മനുഷ്യന് ശാശ്വത സമാധാനവും സുഖവും പ്രശ്നപരിഹാരവും ലഭിക്കുന്നതിന് ഏകനായ സൃഷ്ടികർത്താവിന് സമ്പൂർണമായി കീഴൊതുങ്ങൽ അനിവാര്യമാണ്. മുഹമ്മദ് നബി(സ്വ) ഇക്കാര്യം ലോകരെ പഠിപ്പിച്ചു. ആ പ്രവാചകൻ മുഖേന ലോകജനതയ്ക്കാകമാനം അവതരിപ്പിക്കപ്പെട്ട നിയമസംഹിതയാണ് വിശുദ്ധഖുർആൻ.

വിശുദ്ധ ഖുർആനും പ്രവാചക ജീവിതചര്യയുമാണ് മാനവകുലത്തിന് മോക്ഷം നൽകുന്ന പ്രമാണങ്ങൾ. ഈ പ്രമാണങ്ങളാണ് ഇസ്‌ലാമിന്റെ അടിസ്ഥാനശിലകൾ. അറ്റമില്ലാത്ത അഭിലാഷങ്ങളാണ് മനുഷ്യമനസ്സുകളെ അശാന്തമാക്കുന്നത്. ഇസ്‌ലാം അതിന് കടിഞ്ഞാണിടാൻ പ്രേരിപ്പിക്കുന്നു.

മരണമില്ലാതെ കാലാകാലം ജീവിക്കാൻ പറ്റുമെങ്കിൽ എത്ര നന്നായിരുന്നു എന്ന് ആഗ്രഹിക്കാത്തവരില്ല. പഠിക്കുമ്പോൾ ഒരു ജോലി കിട്ടണമെന്ന് ചെറിയ ആഗ്രഹം. ജോലി കിട്ടിയാൽ പല ആഗ്രഹങ്ങളും പൊന്തിവരും. കുടുംബം വേണം, വീട് വേണം. വാഹനം വേണം. മക്കൾ വേണം. മക്കൾക്ക് ഉന്നത നിലയിൽ വിദ്യാഭ്യാസം നൽകണം. മക്കളുടെ കല്യാണം കാണണം. പേരക്കുട്ടികളെ കാണണം. അവർ വളരണം... അങ്ങനെയങ്ങനെ മരണമില്ലാതെ എത്ര കാലം ജീവിക്കാം എന്നതാണ് ഓരോ മനുഷ്യന്റെയും ആഗ്രഹം.

മനുഷ്യന് മരണമില്ല എന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? ദൈവനിഷേധികൾ

പോലും അംഗീകരിക്കുന്ന സത്യമാണ് മരണം. ജനിച്ചാൽ മരിക്കുമെന്നത് ഉറപ്പാണ്. അത് ആരെ, എപ്പോൾ, എവിടെവെച്ച്, എങ്ങിനെ പിടികൂടുമെന്ന് ആർക്കുമറിയില്ല. മരണത്തിന് ഒരു വേർതിരിവുമില്ല. ആദ്യം ജനിച്ചയാൾ ആദ്യം മരിക്കുക എന്ന വ്യവസ്ഥയുമില്ല. വല്യുപ്പയെക്കാൾ മുമ്പേ പേരക്കുട്ടി മരിക്കുന്നു. രോഗിയെക്കാൾ മുമ്പേ ആരോഗ്യവാൻ മരിക്കുന്നു...!

എല്ലാം അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ് സംഭവിക്കുന്നത്. അവനറിയാതെ ഒന്നും പ്രപഞ്ചത്തിൽ സംഭവിക്കുന്നില്ല.

“അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല” (ക്വുർആൻ 6: 59).

“തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽവെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു” (ക്വുർആൻ 31: 34).

മരണം ഉറപ്പാണ്. എന്നാൽ മരണത്തെപ്പറ്റി ഓർത്ത് മനുഷ്യൻ നിരാശനാവേണ്ട ആവശ്യമില്ല. മരണം ഒരു താൽക്കാലിക പ്രക്രിയ മാത്രമാണെന്നും മരണമില്ലാത്ത ഒരു ജീവിതം മനുഷ്യനെ കാത്തിരിക്കുന്നുവെന്നും മനുഷ്യന്റെ സ്രഷ്ടാവ് സന്തോഷവാർത്ത അറിയിച്ചിട്ടുണ്ട്.

മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല. മരണശേഷവും

**ഭൗതികമായ എന്തെല്ലാം സുഖസൗകര്യങ്ങൾ നമുക്കുണ്ട്! എന്നിട്ടും ദീനിന്റെ മാർഗത്തിൽ അൽപം ത്യാഗമനുഭവിക്കാൻ തയ്യാറാകുന്നവരുടെ എണ്ണം എത്ര പരിമിതമാണ്! നമുക്ക് ചുറ്റും നടക്കുന്ന ശിർക്കൻ പ്രവർത്തനങ്ങൾക്കെതിരെ കഴിവിന്റെ പരമാവധി പ്രതികരിക്കാൻ നാം ബാധ്യസ്ഥരാണ്.**

ജീവിതമുണ്ട്. അതാണ് പരലോക ജീവിതം. അവിടെ മരണമില്ല; ശാശ്വത ജീവിതമാണ്. പരലോകത്ത് രണ്ട് സങ്കേതങ്ങളാണുള്ളത്; ഒന്ന് സമാധാനത്തിന്റെയും സുഖാസ്വാദനങ്ങളുടെയും ഗേഹമായ സ്വർഗം. മറ്റൊന്ന് ചുട്ടുതിളക്കുന്ന ചൂടിന്റെയും നിത്യയാതനകളുടെയും സങ്കേതമായ നരകം.

സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുകയും പ്രമാണങ്ങൾ പഠിപ്പിക്കുന്ന വിധിവിലക്കുകൾ അനുസരിച്ച് ജീവിതം നയിക്കുകയും ചെയ്തവർക്ക് ആഹ്ലാദ ജീവിത്തിന്റെ സങ്കേതമായ സ്വർഗം പ്രതിഫലമായി ലഭിക്കും. ദൈവനിഷേധികൾക്കും ദൈവേതരരെ ആരാധിച്ചവർക്കും കപടവിശ്വാസികൾക്കും നിത്യയാതനയുടെ സങ്കേതമായ നരകം ലഭിക്കും.

### പ്രയാസങ്ങളിൽ അടിപതറരുത്

നബി(സ്വ)യും അനുചരന്മാരും സുഖാഡംബരങ്ങളിലായിരുന്നില്ല കഴിഞ്ഞിരുന്നത്. പട്ടിണിയും പ്രയാസങ്ങളും അവർക്ക് പുത്തരിയായിരുന്നില്ല. എന്നിട്ടും അവർ സന്മാർഗത്തിൽ ഉറച്ചുനിന്നു.

ഉമർ(റ) നിവേദനം: “അല്ലാഹുവിന്റെ റസൂൽ(സ്വ) ഒരു പായയിൽ കിടക്കുകയായിരുന്നു. തിരുമേനിയുടെയും പായയുടെയും ഇടയിൽ (വിരിപ്പൊന്നും) ഉണ്ടായിരുന്നില്ല. ഈത്തപ്പന നാരുനിറച്ച തോലിന്റെ ഒരു തലയിണ അദ്ദേഹത്തിന്റെ തലക്കടിയിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കാലുകൾക്കരികിൽ തോലുകൾ ഊറക്കിടുവാൻ ഉപയോഗിക്കുന്ന പാത്രവും തലക്കരികിൽ കെട്ടിത്തൂക്കിയ തോൽസഞ്ചികളും ഉണ്ടായിരുന്നു. പായയുടെ അടയാളങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെ പാർശ്വഭാഗത്ത് ഞാൻ കണ്ടു. അപ്പോൾ ഞാൻ കരഞ്ഞു. തിരുമേനി(സ്വ) ചോദിച്ചു: ‘താങ്കളെ കരയിക്കുന്നത് എന്താണ്?’ ഞാൻ പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ, കിസ്റയും ക്വയ്സറും (അവിശ്വാസികളായിട്ടും) എത്ര മാത്രം ഭൗതിക സുഖങ്ങളിലാണ്! താങ്കൾ അല്ലാഹുവിന്റെ റസൂലായിട്ടും (എത്രമാത്രം ഭൗതികവിരക്തിയിലാണ്!). അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: ‘അവർ രണ്ടു പേർക്കും ഇഹലോക സുഖങ്ങളും താങ്കൾക്ക് പാരത്രിക വിജയവും ആകുന്നത് താങ്കൾ ഇഷ്ടപ്പെടുന്നില്ലേ?” (ബുഖാരി, മുസ്‌ലിം).

നമ്മുടെ ഇന്നത്തെ അവസ്ഥയെന്താണ്? ഭൗതികമായ എന്തെല്ലാം സുഖസൗകര്യങ്ങൾ നമുക്കുണ്ട്! എന്നിട്ടും ദീനിന്റെ മാർഗത്തിൽ അൽപം ത്യാഗമനുഭവിക്കാൻ തയ്യാറാകുന്നവരുടെ എണ്ണം എത്ര പരിമിതമാണ്! നമുക്ക് ചുറ്റും നടക്കുന്ന ശിർക്കൻ പ്രവർത്തനങ്ങൾക്കെതിരെ കഴിവിന്റെ പരമാവധി പ്രതികരിക്കാൻ നാം ബാധ്യസ്ഥരാണ്. അതോടൊപ്പം സൽകർമങ്ങൾ വർധിപ്പിക്കാനും പാപമുക്തിക്കായി സദാ പ്രാർഥിക്കാനും നാം സന്നദ്ധരാകണം. സുന്നത്ത് നമസ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, രാത്രിനമസ്കാരം, ക്വുർആൻ പാരായണം, ദിക്റുകൾ എന്നിവ കഴിവനുസരിച്ച് ജീവിതത്തിൽ പകർത്തണം. കുടുംബാംഗങ്ങളെ അതിന് പ്രേരിപ്പിക്കണം. നന്മ ഉപദേശിക്കുകയും തിന്മവിരോധിക്കുകയും ചെയ്യാൻ മടിക്കരുത്. അതിനുള്ള കൂട്ടായ സംരംഭങ്ങളിൽ പങ്കുചേരണം.

ഇപ്രകാരം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള പ്രവർത്തനങ്ങൾ നിരന്തരം ചെയ്തുകൊണ്ട് സ്വർഗം കരസ്ഥമാക്കി മരണമില്ലാത്ത ശാശ്വത ജീവിതം നേടാൻ നാം പരിശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ. ■

# സ്വന്തം ന്യൂനതകൾ തിരിച്ചറിയുക

മുജാഹിദ് ബാലുശ്ശേരി

മറ്റുള്ളവരുടെ കുറ്റവും കുറവും പെരുപ്പിച്ച് പറയുകയും, അത് കാണാൻ ശ്രമിക്കുകയും, അതിനെ സംബന്ധിച്ചും അവരെ സംബന്ധിച്ചും ആകുലപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥ നമുക്കുണ്ട്. പലപ്പോഴും നമ്മുടെ പോരായ്മയോ തെറ്റുകളോ കുറ്റങ്ങളോ നമ്മൾ കാണാറില്ല. അവനവന്റെ ന്യൂനതകളെ വിലയിരുത്തുകയും അവനവന് എത്രത്തോളം നന്നാകേണ്ടതുണ്ട് എന്ന് ആലോചിക്കുകയും ചെയ്യുന്നവനാണ് ഏറ്റവും നല്ലവൻ. അനാവശ്യമായ സംസാരങ്ങൾ കൊണ്ട് മനുഷ്യന് പ്രത്യേകിച്ച് ഗുണങ്ങളൊന്നും കിട്ടാനില്ല. പ്രവാചകന്റെ സംസാരം വളരെ സൂക്ഷ്മയോടെയുള്ളതായിരുന്നു.

നബി(സ്വ) മറ്റുള്ളവരുടെ ന്യൂനത നോക്കി നടക്കുന്നതിനെ ശക്തമായി വിലക്കുകയും ചെയ്തിട്ടുണ്ട്. 'ഒരു മുസ്‌ലിമിന്റെ ന്യൂനത ഒരാൾ മറച്ചുവെച്ചാൽ അല്ലാഹു അന്ത്യനാളിൽ അയാളുടെ ന്യൂനത മറച്ചുവെക്കും' എന്ന പ്രവാചകവചനം എല്ലാവരും ഓർത്തിരിക്കേണ്ടതാണ്. ഈ ലോകത്ത് ജനിച്ച സകല മനുഷ്യരും ഒരുമിച്ചു കൂട്ടപ്പെടുന്ന മഹ്ശറയിൽ നമ്മുടെ ന്യൂനത മറച്ചുവെക്കപ്പെടുകയും നമ്മുടെ അഭിമാനത്തെ അല്ലാഹു സംരക്ഷിക്കുകയും ചെയ്യുമെന്നാണ് പറയുന്നത്. 'ഒരു മുസ്‌ലിമിന്റെ ന്യൂനത മറച്ചുവെച്ചാൽ' എന്നാണ് പറഞ്ഞത്. അപ്പോൾ ന്യൂനത ഉണ്ടായി. അഥവാ അത് സംഭവിച്ചു. സംഭവിച്ചത് മറച്ചുവെക്കാനാണ് പറയുന്നത്. അയാളിൽ ആ ഒരു ദുഃസ്വഭാവമോ ന്യൂനതയോ ഉണ്ടല്ലോ, എന്തുകൊണ്ട് ഞങ്ങൾക്ക്



'ഒരു മുസ്‌ലിമിന്റെ ന്യൂനത ഒരാൾ മറച്ചുവെച്ചാൽ അല്ലാഹു അന്ത്യനാളിൽ അയാളുടെ ന്യൂനത മറച്ചുവെക്കും' എന്ന പ്രവാചകവചനം എല്ലാവരും ഓർത്തിരിക്കേണ്ടതാണ്. ഈ ലോകത്ത് ജനിച്ച സകല മനുഷ്യരും ഒരുമിച്ചുകൂട്ടപ്പെടുന്ന മഹ്ശറയിൽ നമ്മുടെ ന്യൂനത മറച്ചുവെക്കപ്പെടുകയും നമ്മുടെ അഭിമാനത്തെ അല്ലാഹു സംരക്ഷിക്കുകയും ചെയ്യുമെന്നാണ് പറയുന്നത്.

അത് പറഞ്ഞുകൂടാ എന്ന ചോദ്യം ഇവിടെ പ്രസക്തമല്ല. ആയതിനാൽ നമ്മൾ നമ്മെ കുറിച്ച് ചിന്തിക്കുക.

നബി(സ്വ) ഹുദൈഫതുൽ യമാനി(റ)യോട് അക്കാലഘട്ടത്തിലെ സമൂഹത്തിലെ കപടവിശ്വാസികളെ സംബന്ധിച്ച് പറഞ്ഞു കൊടുത്തിരുന്നു. അല്ലാഹുവിനെ വളരെയധികം ഭയപ്പെട്ടുകൊണ്ട്, സൂക്ഷ്മത പുലർത്തി ജീവിച്ചിരുന്ന ഉമർ(റ) ഇത് അറിഞ്ഞു. അദ്ദേഹം ഹുദൈഫ(റ)യുടെ അടുത്തു ചെന്ന് 'ഹുദൈഫാ... ഞാൻ ആ മുനാഫിക്വുകളുടെ കൂട്ടത്തിൽ പെട്ടവനാണോ' എന്ന് ചോദിക്കുകയാണ്. നോക്കുക! അൽപം പോലും ഞാനെന്ന ഭാവമില്ല. ഞാൻ മികച്ചവനും പൂർണനുമാണെന്ന ചിന്തയില്ല. തന്നിൽ ന്യൂനതയുണ്ടോ എന്ന ചിന്തയും ആശങ്കയുമാണുള്ളത്.

നാം നമ്മുടെ ന്യൂനതകൾ തിരിച്ചറിയുക. കാരണം നമുക്കത് തിരിച്ചറിയാൻ കഴിയണമെന്നില്ല. നമ്മുടെ ന്യൂനതകൾ സ്വന്തം ഇണയോടും മാതാപിതാക്കളോടും സഹോദരങ്ങളോടുമൊക്കെ ചോദിച്ചറിയുക. അങ്ങനെ അവ മനസ്സിലാക്കി തിരുത്തുവാൻ തയ്യാറാവുക. അത് സത്യവിശ്വാസിയുടെ ഒരു അടയാളമാണ്. സൂറഃ ആലുഇംറാനിലെ 135ാം സൂക്തം അവസാനിക്കുന്നത് 'ചെയ്തുപോയ ദുഷ്പ്രവൃത്തിയിൽ അറിഞ്ഞുകൊണ്ട് ഉറച്ചു നിൽക്കുന്നവനല്ല വിശ്വാസി' എന്നു പറഞ്ഞുകൊണ്ടാണ്.

'സൽസ്വഭാവത്തിന്റെ പൂർത്തീകരണത്തിനു വേണ്ടിയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്' എന്നാണ് നബി(സ്വ) പറഞ്ഞിട്ടുള്ളത്. അത് അവിടുന്ന് സ്വജീവിതത്തിൽ കാണിച്ചുതരികയും ചെയ്തിട്ടുണ്ട്. സ്വന്തം അനുചരന്മാരോട് നബി(സ്വ) 'ഞാൻ നിങ്ങളെ മർദിച്ചിട്ടുണ്ടോ?' 'എന്റെ ഏതെങ്കിലും വാക്കുകൾ നിങ്ങൾക്ക് വേദനയുണ്ടാക്കിയിട്ടുണ്ടോ' എന്നെല്ലാം ചോദിക്കുമായിരുന്നെങ്കിൽ നാം എത്രത്തോളം നമ്മുടെ ന്യൂനതകളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്! എല്ലാവരോടും നല്ല നല്ലരീതിയിൽ പെരുമാറുക; വിശിഷ്യാ മാതാപിതാക്കളോട്. നമ്മുടെ നിലപാടുകളിൽ മാറ്റം വരുത്താൻ നാം തയ്യാറായാൽ അല്ലാഹുവിന്റെ സഹായം അതിനുണ്ടാകും. ■



കവർ സ്റ്റോറി

**പൂർവികർ പകുത്തുതന്ന മൂല്യങ്ങളുപയോഗിച്ചും മതനിരപേക്ഷ സമൂഹത്തോട് ചേർന്നു നിന്നുകൊണ്ടുമുള്ള ജനാധിപത്യ പോരാട്ടം മാത്രമാണ് ന്യൂനപക്ഷ പ്രശ്നങ്ങൾക്കുള്ള പരിഹാരം. ബുള്ളറ്റുകളല്ല, ബാലറ്റുകളുടെ ഏകീകരണമാണ് ഫാഷിസ്റ്റ് വിരുദ്ധ പോരാട്ടത്തിന്റെ ചാലകശക്തി. പോപ്പുലർ ഫ്രണ്ടിന്റെ വഴികൾ ന്യൂനപക്ഷങ്ങൾക്ക് നഷ്ടങ്ങൾ മാത്രം വരുത്തിയതാണ് ചരിത്രം. എന്നാൽ പരിഹാരങ്ങളുടെ പേരിൽ ഏകപക്ഷീയമായി പ്രവർത്തിക്കാനാണ് കേന്ദ്ര ഏജൻസികൾ ശ്രമിക്കുന്നത്. മാളത്തിൽ നിന്ന് തലപൊക്കാൻ ശ്രമിക്കുന്ന വിഷജീവികളെ അന്വേഷിക്കുന്നവർ ഫണം വിടർത്തിയാടുന്ന കരിനാഗങ്ങളെ അവഗണിക്കുന്ന സ്ഥിതിയാണ് രാജ്യത്തുള്ളത്.**

# അൺഎത്തിക്കൽ ആക്ഷൻ; അൺപോപ്പുലർ റിയാക്ഷൻ!

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

ഒരു പ്രദേശത്തിന്റെ സൗന്ദര്യം അവിടെ നിലനിൽക്കുന്ന ശാന്തിയും സമാധാനവുമാണ്. കലഹങ്ങളും സംഘർഷങ്ങളും നിറഞ്ഞുനിൽക്കുന്ന ഒരു പ്രദേശത്തിന് ആത്മീയമോ ഭൗതികമോ ആയ ഔന്നത്യത്തിലേക്ക് ഉയരാൻ സാധിക്കില്ല. ഒരു പ്രദേശം കലഹങ്ങളും സംഘർഷങ്ങളുമില്ലാത്ത ഭൂമിയായി, വിടർന്ന പുഞ്ചിരിയോടെ ലോകത്തിന് മുമ്പിൽ നിവർന്നു നിൽക്കണമെങ്കിൽ ആ പ്രദേശത്തെ നയിക്കുന്നവർക്കും അവിടെ ജീവിക്കുന്നവർക്കും ആത്മാർഥതയും സത്യസന്ധതയും ഉന്നതമായ കാഴ്ചപ്പാടുകളും അനിവാര്യമാണ്. പാരതന്ത്ര്യത്തിന്റെ നുകങ്ങൾ പേറി ശ്വാസം മുട്ടിക്കഴിഞ്ഞിരുന്ന ഇന്ത്യാമഹാരാജ്യത്തിന് 1947ൽ സൈനിക മേൽകോയ്മയിലൂടെ ലോകത്തെ വിറപ്പിച്ചിരുന്ന സർവാധിപതികളായ ബ്രിട്ടീഷുകാരിൽനിന്നും സ്വാതന്ത്ര്യം നേടാൻ സാധിച്ചത് കലഹങ്ങളോ സംഘർഷങ്ങളോ സൃഷ്ടിച്ചുകൊണ്ടായിരുന്നില്ല. ഉന്നതമായ മൂല്യങ്ങളിലൂടെയും സത്യസന്ധവും നീതിധന്യവുമായ കാഴ്ചപ്പാടുകളിലൂടെയായിരുന്നു. അഹിംസയെ ഉയർത്തിപ്പിടിച്ചും കലാപങ്ങളെ അകറ്റിനിർത്തിയും ഇന്ത്യൻ ജനതയുടെ മനസ്സുകളിൽനിന്നും പുറത്തേക്കുവന്ന നെടുവീർപ്പുകളിൽ സൂര്യനസ്തമിക്കാത്ത സാമ്രാജ്യങ്ങളുടെ അധിപരായിരുന്ന ബ്രിട്ടീഷുകാർ ഉലഞ്ഞുപോകുകയായിരുന്നു.

ലോകത്തെ അമ്പരിപ്പിച്ച ദിനമായിരുന്നു 1947 ഓഗസ്റ്റ് 15. ബ്രിട്ടീഷ് പ്രധാനമന്ത്രി ക്ലമന്റ് ആറ്റ്ലി, അമേരിക്കൻ പ്രസിഡണ്ട് ഹാരി എസ്.ട്രൂമാൻ, ഫ്രഞ്ച് പ്രസിഡന്റ് വിൻസെന്റ് ഓറിയോൾ തുടങ്ങി ലോകത്തെ സാമ്രാജ്യത്വ നായകരുടെ നെഞ്ചിൽ അമ്പരപ്പുകളുടെ ഓളങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഗാന്ധിയുടെയും ഇന്ത്യൻ സ്വാതന്ത്ര്യസമര സേനാനികളുടെയും നിശ്ശബ്ദ വിപ്ലവം വിജയം വരിച്ചത്. തോക്കിൻകുഴലിലൂടെയല്ലാതെയും വിപ്ലവം



സാധ്യമാകുമെന്ന് കമ്യൂണിസ്റ്റ് വിപ്ലവകാരികൾ അടക്കമുള്ളവരെ ബോധ്യപ്പെടുത്തിയ ദിനമായിരുന്നു അത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ശേഷം ഭരണഘടനാ നിർമാണ അസംബ്ലിയും ശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പും പാർലമെന്റിലെ ശക്തമായ നിയമനിർമാണങ്ങളും ഇന്ത്യയോളം ഉന്നതമായ കാഴ്ചപ്പാടുകളുള്ള രാജ്യം വേറെയില്ല എന്ന് ബോധ്യപ്പെടുത്തുന്ന ഘടകങ്ങളായിരുന്നു. മതനിരപേക്ഷതയെയും ജനാധിപത്യത്തെയും രാഷ്ട്രത്തിന്റെ അടിസ്ഥാന ശിലകളാക്കി സുദൃഢമായ ഒരു രാഷ്ട്രത്തെ കെട്ടിപ്പടുക്കുവാൻ ആത്മാർപ്പണം നടത്തിയവരായിരുന്നു നമ്മുടെ രാഷ്ട്രശിൽപികൾ.

രാഷ്ട്രശിൽപികളുടെ വിയർപ്പ് വറ്റുന്നതിനുമുമ്പ് തന്നെ രാജ്യത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിച്ചുവന്ന പ്രതിലോമസംഘമാണ് 'രാഷ്ട്രീയ സ്വയം സേവക് സംഘ്' (ആർ.എസ്.എസ്). ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കണമെന്ന വാദമാണ് ആർ.എസ്.എസ് പ്രധാനമായും മുമ്പോട്ടുവയ്ക്കുന്നത്. മതത്തിന്റെയും സംസ്കാരത്തിന്റെയും പേരിൽ രാജ്യത്തെ കഷ്ണങ്ങളാക്കി ഭൂരിപക്ഷ സമൂഹത്തെ ന്യൂനപക്ഷങ്ങൾക്കെതിരെ തിരിക്കുന്നതിന് വേണ്ടി കുത്സിതമായ ശ്രമങ്ങൾ അവർ നടത്തിവരുന്നു. രാജ്യത്തെ 85 ശതമാനത്തോളം വരുന്ന ഹൈന്ദവ ജനത രാഷ്ട്രീയ കാഴ്ചപ്പാടുകൾ വെടിഞ്ഞ് മതത്തിന്റെ പേരിൽ സംഘടിച്ച് ആർ.എസ്.എസ്. ഉയർത്തുന്ന ബാനറിന് കീഴിൽ അണിനിരന്നിരുന്നുവെങ്കിൽ ഇന്ത്യയെ മതനിരപേക്ഷമാക്കുവാൻ സാധിക്കുമായിരുന്നില്ല. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ന്യൂനപക്ഷങ്ങൾ അനുഭവിച്ചു വരുന്ന പീഡനങ്ങളും ഉന്മൂലനങ്ങളും ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്കും നേരിടേണ്ടി വരുമായിരുന്നു. രാജ്യത്തെ വെട്ടിമുറിക്കുന്ന തരത്തിലുള്ള ഒട്ടും ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾക്ക് (Unethical actions) തുടക്കം കുറിച്ച സംഘമാണ് ആർ.എസ്.എസ്. ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങളുടെ പേരിൽ ആർ.എസ്.എസിനെ കേന്ദ്ര സർക്കാരിന് മൂന്നുതവണ നിരോധിക്കേണ്ടി വന്നിട്ടുണ്ട് എന്ന കാര്യം സംഘ്പരിവാർ ഓർക്കേണ്ടതുണ്ട്.

ബ്രിട്ടീഷുകാരിൽനിന്നും സ്വതന്ത്രമാകുന്ന ഇന്ത്യയിൽ ഇസ്‌ലാമിക നിയമങ്ങളാണ് നടപ്പാക്കേണ്ടതെന്നും ഇസ്‌ലാമിക വ്യവസ്ഥിതിക്ക് കീഴിലല്ലാതെ ഇന്ത്യൻ മുസൽമാന്മാർ ജീവിക്കാൻ പാടില്ലെന്നും ഇന്ത്യയുടെ ജനാധിപത്യത്തോടും മതനിരപേക്ഷതയോടും സർക്കാർ സംവിധാനങ്ങളോടും സഹകരിക്കൽ ഇസ്‌ലാമിലെ ഏകദൈവ വിശ്വാസത്തിന് എതിരാണെന്നും വാദിച്ചുകൊണ്ടു കടന്നുവന്ന ജമാഅത്തെ ഇസ്‌ലാമി രാജ്യത്തിനുമേൽ മറ്റൊരു മതരാഷ്ട്ര ചിന്ത ഉയർത്തിവിട്ടു. ബ്രിട്ടീഷ് എന്ന വിഗ്രഹത്തിന് പകരമായി ജനാധിപത്യമെന്ന ഒട്ടനവധി വിഗ്രഹങ്ങളെ ആരാധിക്കുന്നതിന് തുല്യമാണ് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു വ്യവസ്ഥിതിയെ അംഗീകരിക്കൽ എന്നതായിരുന്നു അവർ പ്രധാനമായും ഉയർത്തിപ്പിടിച്ച വാദം. ഒരു പ്രദേ

**ഒരു പ്രദേശത്തിന്റെ സൗന്ദര്യം അവിടെ നിലനിൽക്കുന്ന ശാന്തിയും സമാധാനവുമാണ്. കലഹങ്ങളും സംഘർഷങ്ങളും നിറഞ്ഞുനിൽക്കുന്ന ഒരു പ്രദേശത്തിന് ആത്മീയമോ ഭൗതികമോ ആയ ഔന്നത്യത്തിലേക്ക് ഉയരാൻ സാധിക്കില്ല. ഒരു പ്രദേശം കലഹങ്ങളും സംഘർഷങ്ങളുമില്ലാത്ത ഭൂമിയായി, വിടർന്ന പുഞ്ചിരിയോടെ ലോകത്തിന് മുമ്പിൽ നിവർന്നു നിൽക്കണമെങ്കിൽ ആ പ്രദേശത്തെ നയിക്കുന്നവർക്കും അവിടെ ജീവിക്കുന്നവർക്കും ആത്മാർഥതയും സത്യസന്ധതയും ഉന്നതമായ കാഴ്ചപ്പാടുകളും അനിവാര്യമാണ്.**

ശത്തെ ജനങ്ങൾ ഇസ്‌ലാം തെരഞ്ഞെടുത്തുകഴിഞ്ഞാൽ സ്വാഭാവികമായും രൂപപ്പെട്ടുവരുന്ന ഭരണമാണ് ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള ശരീഅത്ത് ഭരണം. ശരീഅത്ത് നിയമങ്ങൾ മുസ്‌ലിമേതര സമൂഹത്തിൽ നിർബന്ധിതമായി അടിച്ചേൽപിക്കാനുള്ളതല്ല. അത്തരത്തിലുള്ള പ്രചാരണങ്ങൾ ഇന്ത്യയിലെ ഭൂരിപക്ഷ സമൂഹത്തിൽ ഇസ്‌ലാമിനെ കുറിച്ച് തെറ്റിധാരണയും വെറുപ്പും ഉളവാക്കുവാനും ഇസ്‌ലാമിനെ ഒരു തീവ്ര ആശയമായി വിലയിരുത്താനും മാത്രമേ ഉപകരിക്കൂ എന്നുമുള്ള കാര്യം ഇന്ത്യയിലെ ഇസ്‌ലാമിക പണ്ഡിതർ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്.

വർഗീയതയും തീവ്രചിന്തകളും രാജ്യത്ത് മുളപ്പിക്കുന്ന, ഒട്ടും ആശാസ്യമല്ലാത്ത ഇത്തരം പ്രവർത്തനങ്ങൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും രാജ്യത്തിനും ദോഷങ്ങൾ മാത്രമാണ് സമ്മാനിച്ചിട്ടുള്ളത്. ഈ ആശയം ഏറ്റുപിടിച്ച ചില വിദ്യാർഥികളും യുവാക്കളും ചേർന്ന് രൂപം കൊടുത്ത സിമി എന്ന സംഘടന 'ഇന്ത്യയുടെ മോചനം ഇസ്‌ലാമിലൂടെ' എന്ന മുദ്രാവാക്യം മുഴക്കുകയും അത് ആർ.എസ്.എസ് അടക്കമുള്ള ഇസ്‌ലാം വിരുദ്ധ ശക്തികൾ മുസ്‌ലിംകൾക്കെതിരെ ആയുധമാക്കി ഉപയോഗിക്കുകയും ചെയ്തു. 'ഇസ്‌ലാമിന്റെ അന്ത്യം ഇന്ത്യയിൽതന്നെ' എന്ന മറു മുദ്രാവാക്യം അവർ വിളിച്ചുതുടങ്ങി. ജമാഅത്തെ ഇസ്‌ലാമിയെ രണ്ടു തവണ നിരോധിച്ചിരുന്നുവെങ്കിലും പിന്നീട് നിരോധനം നീക്കുകയായിരുന്നു. സിമിയെ മൂന്നുതവണ നിരോധിച്ചിട്ടുണ്ട്. ഇപ്പോഴും നിരോധനം തുടരുന്നു.

മതത്തെ രാഷ്ട്രീയ ആയുധമാക്കുകയും മതരാഷ്ട്ര ചിന്തകൾ ഉയർത്തുകയും ചെയ്തുകൊണ്ട് സാധാരണക്കാരുടെ വൈകാരികതയെ ത്രസിപ്പിക്കുന്നവരുടെ യഥാർഥ ലക്ഷ്യം രാജ്യത്തിന്റെ ചെങ്കോലും കിരീടവും മാത്രമാണ്. അധികാരം മാത്രമാണവർ ലക്ഷ്യമാക്കുന്നത്. എന്നാൽ മതപരമായ വിശ്വാസവും ആചാരവും വ്യത്യസ്തമാണെങ്കിലും ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും രാജ്യത്തെ കഷ്ണങ്ങളാക്കാൻ ശ്രമിക്കുന്ന ഇത്തരം പ്രചാരണങ്ങളിൽ തൽപരരായിരുന്നില്ല. അവർ എന്നും ഉയർത്തിപ്പിടിച്ചത് പരസ്പര ബഹുമാനമാണ്. ഒരു മതത്തെയും മതക്കാരനെയും അനാദരിക്കാൻ പാടില്ലെന്നാണ് സകല മതങ്ങളുടെയും പ്രമാണങ്ങൾ പഠിപ്പിച്ചിട്ടുള്ളത് എന്നതുകൊണ്ടുതന്നെ തീവ്രചിന്തകളോട് അവർക്ക് താൽപര്യമുണ്ടായിരുന്നില്ല. മതനിരപേക്ഷതയെ അവർ ഉയർത്തിപ്പിടിച്ചു. ഇന്ത്യയെ ഹിന്ദു രാഷ്ട്രമാക്കണമെന്ന ആവശ്യവും ഇസ്‌ലാമിക രാഷ്ട്രത്തിന് വേണ്ടി യത്നിക്കണമെന്ന വാദവും സാധാരണക്കാരായ ഇന്ത്യൻ പൗരന്മാരിൽ സ്വാധീനമുണ്ടാക്കിയില്ല. അവർ മതനിരപേക്ഷ പക്ഷത്ത് ഉറച്ചുനിന്നു. രാജ്യത്തിന്റെ ജനാധിപത്യ പ്രക്രിയകളിൽ അവർ സജീവമായി. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഭരണഘടനയിലൂടെ സംരക്ഷിക്കപ്പെട്ടു. നിയമനിർമാണ സഭകളും ജുഡീഷ്യറിയും മതനിരപേക്ഷതയുടെ കാവലാളുകളായി പ്രവർത്തിച്ചു.

രാജ്യം മതേതരപക്ഷത്ത് ഉറച്ചുനിന്നുവെങ്കിലും ആർ.എസ്.എസ്. പ്രവർത്തനം അവസാനിപ്പിച്ചില്ല. അവർ നിഗൂഢമായ പദ്ധതികൾ ആസൂത്രണം ചെയ്തു. മുസ്‌ലിം സമുദായത്തെ തെരുവിലിറക്കി പോലീസിനെയും പട്ടാളത്തെയും ഉപയോഗിച്ച് ഇല്ലാതാക്കാൻ എന്താണ് മാർഗമെന്ന് അവർ ഗവേഷണം നടത്തി. അതി

**രാഷ്ട്രശിൽപികളുടെ വിയർപ്പ് വറ്റുന്നതിനുമുമ്പ് തന്നെ രാജ്യത്തെ അസ്ഥിരപ്പെടുത്താൻ ശ്രമിച്ചുവന്ന പ്രതിലോമസംഘമാണ് 'രാഷ്ട്രീയ സ്വയം സേവക് സംഘ്' (ആർ.എസ്.എസ്). ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കണമെന്ന വാദമാണ് ആർ.എസ്.എസ് പ്രധാനമായും മുമ്പോട്ടുവയ്ക്കുന്നത്. മതത്തിന്റെയും സംസ്കാരത്തിന്റെയും പേരിൽ രാജ്യത്തെ കഷ്ണങ്ങളാക്കി ഭൂരിപക്ഷ സമൂഹത്തെ ന്യൂനപക്ഷങ്ങൾക്കെതിരെ തിരിക്കുന്നതിന് വേണ്ടി കുത്സിതമായ ശ്രമങ്ങൾ അവർ നടത്തിവരുന്നു. രാജ്യത്തെ 85 ശതമാനത്തോളം വരുന്ന ഹൈന്ദവ ജനത രാഷ്ട്രീയ കാഴ്ചപ്പാടുകൾ വെടിഞ്ഞ് മതത്തിന്റെ പേരിൽ സംഘടിച്ച് ആർ.എസ്.എസ്. ഉയർത്തുന്ന ബാനറിന് കീഴിൽ അണിനിരന്നിരുന്നുവെങ്കിൽ ഇന്ത്യയെ മതനിരപേക്ഷമാക്കുവാൻ സാധിക്കുമായിരുന്നില്ല.**



നുള്ള ഏറ്റവും നല്ല മാർഗമായി അവർ കണ്ടത് മുസ്‌ലിം സമുദായത്തിന്റെ അഭിമാന സ്തംഭങ്ങളായ മസ്ജിദുകൾക്ക് മേൽ അവകാശവാദം ഉന്നയിക്കുക എന്നതായിരുന്നു. ബാബരി മസ്ജിദിൽ നിന്നും തുടങ്ങി ഇപ്പോൾ ഗ്യാൻവാപിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഈ അവകാശവാദത്തിന് ഒരിക്കലും അവസാനമുണ്ടാകില്ല.

ബാബരി മസ്ജിദ് തകർത്ത് അവിടെ രാമക്ഷേത്രം നിർമിക്കാനുള്ള ആർ.എസ്.എസിന്റെ പ്രചാരണം ഉത്തരേന്ത്യയിലെ നിരക്ഷരരായ ഹൈന്ദവ സമൂഹങ്ങളിൽ സ്വാധീനം ചെലുത്തി. ആർ.എസ്.എസിലെ വരേണ്യവിഭാഗങ്ങൾ അവർക്ക് നേതൃത്വം നൽകി. ബാബരി പ്രശ്നം ആർ.എസ്.എസിനെ സംബന്ധിച്ചിടത്തോളം ഒരു ഹിന്ദു പ്രശ്നമായിരുന്നില്ല. രാജ്യത്തെ മുഴുവൻ ഹിന്ദുക്കളെയും ശ്രീരാമ പ്രതീകം ഉപയോഗിച്ച് ഏകോപിപ്പിക്കുന്നതിനും ഹിന്ദുത്വ രാഷ്ട്രീയം വളർത്തി ഇന്ത്യയെ കൈപ്പിടിയിൽ ഒതുക്കുന്നതിനുമുള്ള കുതന്ത്രം മാത്രമായിരുന്നു പിന്നിൽ. ഹൈന്ദവ സമൂഹത്തോട് ഒട്ടും പ്രതിബദ്ധതയില്ലാത്ത കപടരാഷ്ട്രീയത്തിന്റെ അപ്പോസ്തലന്മാർ മാത്രമാണവർ. മസ്ജിദ് തകർത്താൽ മുസ്‌ലിം സമുദായം തെരുവിലിറങ്ങുമെന്നും അവർ രോഷാകുലരായി സംഘർഷങ്ങൾ സൃഷ്ടിക്കുമെന്നും അവർ കണക്കുകൂട്ടി. അത് സംഭവിക്കുകയും ചെയ്തു. ബോംബെയിലും ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിലും മുസ്‌ലിംകൾ പ്രതിഷേധവുമായി തെരുവിലിറങ്ങി. ഒരു നേതൃത്വമോ ആലോചനയോ ഇല്ലാത്ത പ്രതിഷേധങ്ങൾ അക്രമാസക്തമായി. അതിനിടെ കർസേവകരെ പോലീസ് വെടിവെച്ചുവെന്നും അവർ കൊല്ലപ്പെട്ടുവെന്നുമൊക്കെയുള്ള കളവുകൾ ആർ.എസ്.എസ് രാജ്യവ്യാപകമായി അഴിച്ചുവിട്ടതോടെ ഹിന്ദുത്വവാദികൾ അഴിഞ്ഞാടി.

ആർ.എസ്.എസ്. എന്താണോ



ആഗ്രഹിക്കുന്നത് അത് വളരെ എളുപ്പത്തിലാക്കുക മാത്രമായിരുന്നു മസ്ജിദിന്റെ പേര് പറഞ്ഞു തെരുവുകളിൽ അഴിഞ്ഞാടിയവരുടെ ആശാസ്യമല്ലാത്ത പ്രതിപ്രവർത്തനങ്ങൾ (Unpopular reactions) കൊണ്ട് ലഭിച്ചത്. അത്തരം പ്രതിപ്രവർത്തനങ്ങൾ മുസ്‌ലിംകൾക്ക് ഒരു ഗുണവും ചെയ്യില്ലെന്ന് പരിചയസമ്പന്നരും പരിണത പ്രജ്ഞരും ധിഷണാശാലികളുമായ മുസ്‌ലിം നേതാക്കൾ ഉപദേശിച്ചു. രാജ്യത്തിന്റെ ജനാധിപത്യ സംവിധാനങ്ങളിലും ദേശീയോദ്ഗ്രഥനത്തിലും

**ഒരു പ്രദേശത്തെ ജനങ്ങൾ ഇസ്‌ലാം തെരഞ്ഞെടുത്തുകഴിഞ്ഞാൽ സ്വാഭാവികമായും രൂപപ്പെട്ടുവരുന്ന ഭരണമാണ് ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിലുള്ള ശരീഅത്ത് ഭരണം. ശരീഅത്ത് നിയമങ്ങൾ മുസ്‌ലിമേതര സമൂഹത്തിൽ നിർബന്ധിതമായി അടിച്ചേൽപിക്കാനുള്ളതല്ല. അത്തരത്തിലുള്ള പ്രചാരണങ്ങൾ ഇന്ത്യയിലെ ഭൂരിപക്ഷ സമൂഹത്തിൽ ഇസ്‌ലാമിനെ കുറിച്ച് തെറ്റിധാരണയും വെറുപ്പും ഉളവാക്കുവാനും ഇസ്‌ലാമിനെ ഒരു തീവ്ര ആശയമായി വിലയിരുത്താനും മാത്രമേ ഉപകരിക്കൂ എന്നുമുള്ള കാര്യം ഇന്ത്യയിലെ ഇസ്‌ലാമിക പണ്ഡിതർ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്.**

സജീവമാകുവാനും മതേതര പ്രസ്ഥാനങ്ങളിൽ അംഗങ്ങളായും അവരോട് സഹകരിച്ചും പ്രവർത്തിക്കുവാനും വിവേകമുള്ള പണ്ഡിതനേതാക്കൾ സമുദായത്തെ ഉപദേശിച്ചു. ജനാധിപത്യത്തെ ഇസ്‌ലാമിക വിരുദ്ധമായി അവതരിപ്പിക്കുന്ന ശൈലികളിൽനിന്നും മാറിനിൽക്കുവാനും നിയമനിർമാണ സഭകളിൽ പങ്കാളികളായി രാജ്യത്തിന്റെ മതനിരപേക്ഷതയെ സംരക്ഷിക്കുവാൻ ഇതര വിഭാഗങ്ങളോട് തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുവാനും അവർ ഉപദേശിച്ചു. ബുള്ളറ്റുകളല്ല, ബാലറ്റുകളാണ് സമാഹരിക്കേണ്ടതെന്നും അവർ പറഞ്ഞുകൊടുത്തു. പ്രതിരോധത്തിന്റെ പേരു പറഞ്ഞ് വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടാവുന്ന ശൈലി ഇസ്‌ലാമിക വിരുദ്ധമാണെന്നും രാജ്യത്തിന്റെ പൊതുവായ നിയമസംവിധാനങ്ങളും രാഷ്ട്രീയസ്വഭാവവും ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനാൽ കായികമായോ ആൾക്കൂട്ടമായോ നേരിടുന്നതിന് പകരം ജനാധിപത്യമാർഗങ്ങളിലൂടെ മാത്രമാണ് പ്രതിരോധം തീർക്കേണ്ടതെന്നും അവർ ഉദ്ബോധിപ്പിച്ചു.

പക്ഷേ, മുസ്‌ലിം പണ്ഡിതന്മാരുടെയും രാഷ്ട്രീയ നേതാക്കളുടെയും ഉപദേശങ്ങൾ ചെവിക്കൊള്ളാത്ത ഒരു സംഘം രൂപപ്പെട്ടുവന്നു. പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്താണെന്ന് നിർദേശിക്കാതെ ഒട്ടനവധി വൈകാരിക പ്രശ്നങ്ങൾ


**രാജ്യം മതേതരപക്ഷത്ത് ഉറച്ചുനിന്നുവെങ്കിലും ആർ.എസ്.എസ്. പ്രവർത്തനം അവസാനിപ്പിച്ചില്ല. അവർ നിഗൂഢമായ പദ്ധതികൾ ആസൂത്രണം ചെയ്തു. മുസ്‌ലിം സമുദായത്തെ തെരുവിലിറക്കി പോലീസിനെയും പട്ടാളത്തെയും ഉപയോഗിച്ച് ഇല്ലാതാക്കാൻ എന്താണ് മാർഗമെന്ന് അവർ ഗവേഷണം നടത്തി. അതിനുള്ള ഏറ്റവും നല്ല മാർഗമായി അവർ കണ്ടത് മുസ്‌ലിം സമുദായത്തിന്റെ അഭിമാന സ്തംഭങ്ങളായ മസ്ജിദുകൾക്ക് മേൽ അവകാശവാദം ഉന്നയിക്കുക എന്നതായിരുന്നു. ബാബരി മസ്ജിദിൽ നിന്നും തുടങ്ങി ഇപ്പോൾ ഗ്യാൻ വാപിയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഈ അവകാശവാദത്തിന് ഒരിക്കലും അവസാനമുണ്ടാകില്ല.**

മൈതാനങ്ങളിൽ അട്ടഹാസങ്ങളായി മുഴങ്ങി. കാര്യങ്ങളെ കുറിച്ച് മുൻപിൻ ആലോചനകളില്ലാത്ത ചില സാധാരണക്കാർ ഇവരുടെ അട്ടഹാസങ്ങളിൽ ആകൃഷ്ടരായി. ഭരണകൂടത്തെ വിമർശിക്കുക, മുസ്‌ലിം പണ്ഡിതരെ ആക്ഷേപിക്കുക, സമുദായത്തിന് മതപരമായും രാഷ്ട്രീയമായും നേതൃത്വം നൽകുന്നവരെ കുറിച്ച് അവിശ്വാസം ജനിപ്പിക്കുക തുടങ്ങിയവയായിരുന്നു പ്രധാനമായും അവർ നിർവഹിച്ചുവന്നത്. ഇത്തരം വൈകാരിക അട്ടഹാസങ്ങൾ ചില തീവ്ര സംഘങ്ങളുടെ ജന്മത്തിന് കാരണമായി. ഒരേ ലക്ഷ്യം പറഞ്ഞിരുന്ന ഈ സംഘങ്ങൾക്കിടയിൽ പോലും ഐക്യസ്വഭാവം ഉണ്ടായിരുന്നില്ല. വിവിധ പേരുകളിൽ പ്രവർത്തിച്ചിരുന്ന അവരിൽനിന്ന് ഉയർന്നുകേൾക്കാറുണ്ടായിരുന്നത് അപക്വമായ സംസാരങ്ങളും ശത്രുവിനെതിരെ കായികമായ ആക്രമണങ്ങൾ നടത്തുന്നതിനെ കുറിച്ചുള്ള ആക്രോശങ്ങളുമായിരുന്നു. ആർ.എസ്.എസ്. കേന്ദ്രങ്ങൾ ഇവരുടെ പ്രവർത്തനങ്ങളെ ഹിന്ദു സമൂഹത്തിൽ തങ്ങൾക്കനുകൂലമാക്കാനുള്ള ശ്രമങ്ങൾ നടത്തി. തെറ്റിദ്ധരിക്കപ്പെട്ട ഹൈന്ദവ സഹോദരങ്ങളിൽ ചിലരെല്ലാം ആ ശ്രമത്തിൽ വീണു. പൊതുവെ സമാധാനപരമായി കഴിഞ്ഞിരുന്ന കേരള സമൂഹത്തിൽ ഭയപ്പാടിന്റെയും സംശയത്തിന്റെയും മുളകൾ പൊട്ടാൻ തുടങ്ങി.

സിമിയിൽ ജനിച്ച് എൻഡിഎഫിലൂടെ വളർന്ന് പോപ്പുലർ ഫ്രണ്ടായി മാറിയ ഈ കൂട്ടം, അവിവേകത്തെയാണ് മുഖമുദ്രയായി സ്വീകരിച്ചിട്ടുള്ളത്. ജനാധിപത്യ സമൂഹത്തിൽ പ്രവർത്തനങ്ങൾ സുതാര്യമായിരിക്കണം എന്നത് അംഗീകരിക്കപ്പെട്ട തത്ത്വമാണ്. രാജ്യത്തെ തകർക്കാൻ ഒരുമ്പെട്ടിറങ്ങിയിട്ടുള്ള ആർ.എസ്.എസും അതിനെ പ്രതിരോധിക്കാനെന്ന മട്ടിൽ ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള പോപ്പുലർ ഫ്രണ്ടും യോജിക്കുന്ന മേഖല അവരുടെ സുതാര്യതയില്ലായ്മയാണ്. ഇരുട്ടിന്റെ മറവുകളും നിഗൂഢതകളുമാണ് ഗൂഢപദ്ധതികൾ നടപ്പാക്കാൻ ഇരുവിഭാഗവും ഉപയോഗിക്കുന്ന മാർഗങ്ങൾ.

മോദിയും അമിത്ഷായും നേതൃത്വം നൽകുന്ന കേന്ദ്രസർക്കാരിന്റെ അന്വേഷണ ഏജൻസിയായ എൻ.ഐ.എ പോപ്പുലർ ഫ്രണ്ട് കേന്ദ്രങ്ങൾ റെയ്ഡ് ചെയ്യുകയും നേതാക്കളെ അറസ്റ്റ് ചെയ്യുകയും ചെയ്തിരിക്കുകയാണ്. രാജ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ അന്വേഷണം ഉണ്ടാവുക സ്വാഭാവികമാണ്. പോപ്പുലർ ഫ്രണ്ടിനെതിരെ അന്വേഷണം നടത്താനുള്ള അവകാശം എൻ.ഐ.എക്കുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. വളരെ ഗുരുതരമായ ആരോപണങ്ങളാണ് എൻ.ഐ.എ പോപ്പുലർ ഫ്രണ്ടിനെതിരെ ഉന്നയിച്ചിട്ടുള്ളത്. സംഘ്പരിവാറിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയുടെ എല്ലാ ആരോപണങ്ങളും പൊതുസമൂഹത്തിന് അണ്ണാക്ക് തൊടാതെ വിഴുങ്ങാൻ സാധിച്ചുകൊള്ളണമെന്നില്ല. പക്ഷേ, പോപ്പുലർ ഫ്രണ്ടിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന ഏതൊരാൾക്കും ആരോപിക്കപ്പെടുന്ന ആരോപണങ്ങളിൽ ഒട്ടും കഴമ്പില്ല എന്ന് പറയാനൊട്ട് സാധിക്കുകയുമില്ല.

സംഘ്പരിവാർ അധികാരത്തിൽ വന്ന ശേഷം അധികാരത്തിന്റെ ഹുങ്കിൽ തങ്ങളെ വിമർശിക്കുന്നവരെ മുഴുവൻ പേരെയും യു.എ.പി.എ അടക്കമുള്ള ചാർജ് ഷീറ്റുകൾ നൽകി വെളിച്ചം കാണാത്തവിധം ജയിലിൽ അടച്ചുകൊണ്ടിരിക്കുകയാണ്. ഹത്രാസിലേക്ക് പോയ സിദ്ദീഖ് കാപ്പനെ രണ്ടു വർഷത്തോളം ജയിലിൽ അടച്ച ഭരണകൂടം ഇപ്പോൾ അനുവദിച്ച ജാമ്യം പോലും ഇല്ലായ്മ ചെയ്യാനുള്ള ശ്രമത്തിലാണ്. എൻ.ഐ.എ പോപ്പുലർ ഫ്രണ്ടിനെതിരെ രേഖപ്പെടുത്തിയ ചാർജ് ഷീറ്റിൽ സിദ്ദീഖ് കാപ്പനെ കുറിച്ചും പരാ





മർശമുണ്ട്. കേന്ദ്രസർക്കാരിന്റെ നടപടിയിൽ സംശയത്തിന്റെ നിഴലുകൾ ഉണ്ടോ എന്ന് സംശയിക്കപ്പെടാനും ഇതെല്ലാം കാരണമാണ്.

സംഘ്പരിവാറിലെ വിവിധ വിഭാഗങ്ങൾ ബി.ജെ.പി അധികാരത്തിൽ വന്നതിനുശേഷം നടത്തിക്കൊണ്ടിരിക്കുന്ന ആസൂത്രിതമായ ആക്രമണങ്ങളും കൊലപാതകങ്ങളും എന്തുകൊണ്ട് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നില്ല? എണ്ണിയാലൊടുങ്ങാത്ത ആക്രമണ പരമ്പരകൾ രാജ്യത്ത് നടന്നു. പൗരത്വ സമര സമയത്ത് ഡൽഹിയിൽ നടന്ന മുസ്‌ലിം വേട്ട, ബീഫിന്റെ പേരിൽ നടന്ന കലാപങ്ങൾ, തങ്ങളെ വിമർശിച്ചതിന്റെ പേരിൽ സാഹിത്യകാരന്മാരും രാഷ്ട്രീയ പ്രവർത്തകരും കൊല്ലപ്പെട്ട സംഭവങ്ങൾ, മുസ്‌ലിം സമുദായത്തെ ലക്ഷ്യം വെച്ച് നടത്തിയ കൊലപാതക പരമ്പരകൾ തുടങ്ങിയവയെ കുറിച്ച് എന്തുകൊണ്ട് അന്വേഷണം നടക്കുന്നില്ല. ഇതിന്റെ പേരിൽ എന്തുകൊണ്ട് എൻ.ഐ.എ സംഘ്പരിവാർ ഓഫീസുകൾ റെയ്ഡ് ചെയ്യുന്നില്ല തുടങ്ങിയ ചോദ്യങ്ങൾക്ക് കേന്ദ്ര സർക്കാർ ഉത്തരം പറയേണ്ടതുണ്ട്.



റെയ്ഡിനെ തുടർന്ന് കേരളത്തിൽ പോപ്പുലർ ഫ്രണ്ടിന്റെ ആഹ്വാനപ്രകാരം നടന്ന ഹർത്താലിൽ വ്യാപകമായ അക്രമങ്ങൾ ഉണ്ടായി എന്നത് സംഘടനയുടെ ജൈവികമായ സ്വഭാവത്തെയാണ് വ്യക്തമാക്കുന്നത്. പൊതുമുതൽ നശിപ്പിക്കുക, പൊലീസുകാരെ മർദിക്കുക, യാത്രക്കാരെ കയ്യേറ്റം ചെയ്യുക, ബോംബ് എറിയുക തുടങ്ങിയ അക്രമങ്ങൾ എന്തിന്റെ പേരിലാണ് ന്യായീകരിക്കാൻ കഴിയുക? സ്വയം പ്രതിഷേധിക്കാനും സ്വന്തം സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും സ്കൂളിലും കോളേജിലും പോവാതിരിക്കാനുമെല്ലാം വ്യക്തികൾക്ക് സ്വാതന്ത്ര്യമുണ്ട്. ഒരാളുടെ മരണത്തിൽ ദുഃഖം പൂണ്ട് നാട്ടുകാർ കടകൾ അടക്കാറുണ്ട്. ഇതിനെല്ലാമാണ് ഹർത്താൽ എന്ന് പറയുന്നത്. എന്നാൽ മറ്റുള്ളവരെ നിർബന്ധിച്ച് 'പ്രതിഷേധിപ്പിക്കുക' എന്ന രീതി അസാന്മാർഗികമാണ്. മതത്തിന്റെ പേരിലോ രാജ്യത്തിന്റെ പേരിലോ അതിനെ ന്യായീകരിക്കാൻ കഴിയില്ല. വഴിയുടെ അവകാശങ്ങൾ നൽകുക, വഴിയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുക എന്നിവ പുണ്യകർമമായി പഠിപ്പിച്ച ഇസ്‌ലാം വഴിതടയലും ജനങ്ങളെ ബുദ്ധിമുട്ടിക്കലുമെല്ലാം അക്രമമാണെന്നാണ് പഠിപ്പിച്ചിട്ടുള്ളത്. പോപ്പുലർ ഫ്രണ്ടിന്റെ കാര്യത്തിൽ മാത്രമല്ല, ഹർത്താൽ എന്ന ഓമനപ്പേരിൽ അക്രമം നടത്തുന്ന ഏതു സംഘടനകളും വിമർശിക്കപ്പെടേണ്ടതുണ്ട്.

ഇസ്‌ലാമിന്റെ പേരിൽ പ്രവർത്തിക്കുന്ന പോപ്പുലർ ഫ്രണ്ടിന്റെ പ്രവർത്തനങ്ങൾ ഇസ്‌ലാമിക മാർഗത്തിലല്ല നടന്നുകൊണ്ടിരിക്കുന്നത്. ഇസ്‌ലാമിക സമൂഹത്തിന് നേതൃത്വം നൽകുന്ന മതപണ്ഡിതന്മാർ, മതസംഘടനകൾ, സാമുദായിക സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തുടങ്ങി മുസ്‌ലിം സമുദായത്തിന്റെ മുഖ്യധാരയിൽ നിൽക്കുന്ന ആരുംതന്നെ ഇവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നില്ല. മുസ്‌ലിം നേതൃത്വത്തെ അംഗീകരിക്കാൻ കൂട്ടാക്കാതെ സംഘ്പരിവാർ ശക്തികൾക്ക് വളരാനുള്ള ഭൂമിക പാകപ്പെടുത്തിക്കൊടുക്കുകയാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഹൈന്ദവതയുടെ പേരിൽ പ്രവർത്തിക്കുന്ന ആർ.എസ്.എസും സംഘ്പരിവാർ വിഭാഗങ്ങളും ഹൈന്ദവ സനാതന തത്ത്വങ്ങളിൽ നിന്നും പരശ്ശതം കാതം അകലെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ശാന്തിയും സമാധാനവുമാണ് ഹൈന്ദവ പണ്ഡിതന്മാർ മുമ്പോട്ടു വെക്കുന്നത്.

ഇസ്‌ലാം എന്ന പദത്തിന്റെ അർഥം പോലും സമാധാനമാണ്. എന്നാൽ ഇസ്‌ലാമിന്റെ നാമം ഉയർത്തിപ്പിടിച്ച് അക്രമമാർഗങ്ങളിലൂടെ സഞ്ചരിക്കുന്നവർ 'അല്ലാഹു അക്ബർ' തുടങ്ങിയ വിശുദ്ധ ദിക്റുകളാണ് മുദ്രാവാക്യങ്ങളായി വാനിൽ ഉയർത്തുന്നത്. രാഷ്ട്രീയ ആവശ്യങ്ങൾക്കായി ഒരു കൂട്ടർ ജയ് ശ്രീറാം വിളിക്കുമ്പോൾ മറ്റൊരു കൂട്ടർ അല്ലാഹു അക്ബർ എന്ന് മുഷ്ടി ചുരുട്ടി വിളിക്കുന്നു. മതവിശ്വാസികൾ ഇവരിൽനിന്നും പൂർണമായും അകന്നു നിൽക്കുകയും രാജ്യത്തിന്റെ ഐക്യത്തിനായി ഒറ്റക്കെട്ടായി നിലകൊള്ളുകയുമാണ് വേണ്ടത്. ■

**പക്ഷേ, മുസ്‌ലിം പണ്ഡിതന്മാരുടെയും രാഷ്ട്രീയ നേതാക്കളുടെയും ഉപദേശങ്ങൾ ചെവിക്കൊള്ളാത്ത ഒരു സംഘം രൂപപ്പെട്ടുവന്നു. പ്രശ്നങ്ങൾക്കുള്ള പരിഹാരം എന്താണെന്ന് നിർദേശിക്കാതെ ഒട്ടനവധി വൈകാരിക പ്രശ്നങ്ങൾ മൈതാനങ്ങളിൽ അട്ടഹാസങ്ങളായി മുഴങ്ങി. കാര്യങ്ങളെ കുറിച്ച് മുൻപിൻ ആലോചനകളില്ലാത്ത ചില സാധാരണക്കാർ ഇവരുടെ അട്ടഹാസങ്ങളിൽ ആകൃഷ്ടരായി. ഭരണകൂടത്തെ വിമർശിക്കുക, മുസ്‌ലിം പണ്ഡിതരെ ആക്ഷേപിക്കുക, സമുദായത്തിന് മതപരമായും രാഷ്ട്രീയമായും നേതൃത്വം നൽകുന്നവരെ കുറിച്ച് അവിശ്വാസം ജനിപ്പിക്കുക തുടങ്ങിയവയായിരുന്നു പ്രധാനമായും അവർ നിർവഹിച്ചുവന്നത്. ഇത്തരം വൈകാരിക അട്ടഹാസങ്ങൾ ചില തീവ്ര സംഘങ്ങളുടെ ജന്മത്തിന് കാരണമായി.**

ലേഖനം



# വ്യഭിചാരത്തിലേക്ക് നയിക്കുന്ന ചില കാര്യങ്ങൾ

**അബൂ ആമിർ**

വിവാഹം എന്ന സംവിധാനം നിശ്ചയിച്ചുതന്നതും അതിൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞതും അല്ലാഹുവാണ്. അത് കാരണം, വിവാഹം എന്ന സംവിധാനത്തിന് എതിരാകുന്നതും അതിന്റെ മൂല്യങ്ങളെ അട്ടിമറിക്കുന്നതുമായ എല്ലാറ്റിനെയും അവൻ വിലക്കി. അല്ലാഹു അനുവദിച്ച രീതിയിലും വിവാഹത്തിലടങ്ങിയ മൂല്യങ്ങളും യുക്തിയും അന്വർഥമാക്കുന്ന മാർഗത്തിലൂടെയുമല്ലാതെ തങ്ങളുടെ ലൈംഗിക വികാരങ്ങൾ ശമിപ്പിക്കുകയില്ല എന്നത് സത്യവിശ്വാസിയുടെ ഒരു സുപ്രധാന ലക്ഷണമാണ്. അല്ലാഹു പറയുന്നു:

“തങ്ങളുടെ ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരുമത്രെ അവർ. തങ്ങളുടെ ഭാര്യമാരുമായോ, തങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീകളുമായോ ഉള്ള ബന്ധം ഒഴികെ. അപ്പോൾ അവർ ആക്ഷേപാർഹരല്ല. എന്നാൽ അതിന്നപ്പുറം ആരെങ്കിലും ആഗ്രഹിക്കുന്ന പക്ഷം അവർ തന്നെയാണ് അതിക്രമകാരികൾ” (മുഅ്മിനൂൻ 5-7, മആരിജ് 29-31).

അതിനാൽ, തന്റെ വികാരങ്ങളെ ‘കാത്തുസൂക്ഷിക്കുന്ന’തിന് വിഘാതമാകുന്നതും തന്റെ ഇണയ്ക്ക് മാത്രം സമർപ്പിക്കുന്നതിന് എതിര് നിൽക്കുന്നതുമായ എല്ലാ ലൈംഗികവൃത്തികളും വിലക്കപ്പെട്ടതാണ്. അത്തരം ചെയ്തികൾ വിവാഹജീവിതത്തിന് ഏൽപിക്കുന്ന ആഘാതങ്ങൾ പരിശോധിച്ചാൽ, അവ അതീവ ഗുരുതരവും മാറ്റാനൊക്കാത്തവയുമാണെന്ന് ബോധ്യപ്പെടും.

സുപ്രധാനമായ ഈ നിയമം മനസ്സിലാക്കിക്കഴിഞ്ഞാൽ, ലൈംഗികവൃത്തികളുമായി ബന്ധപ്പെട്ട് ഇസ്‌ലാം വിലക്കിയ പല വിഷയങ്ങളും മനസ്സിലാക്കാൻ എളുപ്പമാണ്.

വ്യഭിചാരം എന്നത് ഈ ജീവിതത്തിൽ വൻ വിപത്തുണ്ടാക്കുന്നതും ചെയ്തവന്ന് പരലോകത്ത് വെച്ച് കഠിനശിക്ഷ ലഭിക്കുന്നതുമായ ഒരു വൻപാപമാണ്. വിശിഷ്യാ, സമ്പൂർണ വ്യഭിചാരത്തിനാണ് ഇത് ബാധകമാവുക. സമ്പൂർണ വ്യഭിചാരം എന്നത് പുരുഷലിംഗം സ്ത്രീയുടെ യോനിയിലേക്ക് പൂർണമായും പ്രവേശിപ്പിച്ചുകൊണ്ടുള്ള വ്യഭിചാരമാണ്. എന്നാൽ, ഇസ്‌ലാം വ്യഭിചാരത്തെ മാത്രമല്ല വിലക്കുന്നത്. അതിലേക്ക് നയിക്കുന്ന എല്ലാറ്റിനെയും വിലക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

“നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു” (ഇസ്റാഅ് 32).

വ്യഭിചാരത്തിലേക്ക് സമീപിക്കുന്നതിനെ വിലക്കുന്നതിലൂടെ നോട്ടം, ശൃംഗാരം, സ്പർശനം, ചുംബനം തുടങ്ങി അതിലേക്ക് നയിക്കുന്ന സകല കുറ്റകൃത്യങ്ങളെയും വ്യക്തമായി വിലക്കുകയാണ് ചെയ്യുന്നത്.

### വ്യഭിചാരത്തിന്റെ തലങ്ങൾ

വ്യഭിചാരത്തിന്റെ പ്രാരംഭ കൃത്യങ്ങൾ വിവരിച്ചശേഷം റസൂൽ (സ്വ) അവയെല്ലാം ശാരീരികാവയങ്ങൾ കൊണ്ട് ചെയ്യുന്ന സിനയുടെ രൂപങ്ങളായി എണ്ണി. അബൂഹുറയ്റ(റ) നിവേദനം. നബി(സ്വ) പറഞ്ഞു:

“ആദമിന്റെ സർവസന്താന

ങ്ങളുടെ മേലും വ്യഭിചാരത്തിൽ നിന്നുള്ള ഒരു ഓഹരി അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. അതവൻ കരസ്ഥമാക്കുകതന്നെ ചെയ്യും. അതിൽ അസംഭവ്യതയില്ല. കണ്ണിന്റെ വ്യഭിചാരം നോട്ടമാണ്. കാതിന്റെ വ്യഭിചാരം കേൾവിയാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്. വായയുടെ വ്യഭിചാരം ചുംബനമാണ്. കൈയ്യിന്റെ വ്യഭിചാരം പിടിക്കലാണ് (അല്ലെങ്കിൽ സ്പർശനമാണ്). കാലിന്റെ വ്യഭിചാരം (പാപത്തിലേക്കുള്ള) നടത്തമാണ്. മനസ്സ് (അല്ലെങ്കിൽ ഹൃദയം) അഭിലഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യസ്ഥാനം അവയെ സത്യപ്പെടുത്തുകയും കളവാക്കുകയും ചെയ്യുന്നു"(ബുഖാരി, മുസ്‌ലിം എന്നിവരുടെ റിപ്പോർട്ടുകൾ സംയോജിപ്പിച്ചത്).

ഈ ഹദീസിൽ പരാമർശിച്ച ചെയ്തികളൊന്നും തന്നെ സമ്പൂർണ വ്യഭിചാരത്തിന് സമമല്ല. സമ്പൂർണ വ്യഭിചാരത്തിന് നൽകുന്ന ഭൗതിക ശിക്ഷ ഇവക്ക് ബാധകമല്ല. എന്നാൽ, അവയെ ശ്രദ്ധിക്കാതെ വിടുകയാണെങ്കിൽ ആത്യന്തികമായി അതിലേക്ക് നയിക്കും.

### നിയമവിരുദ്ധമായ നോട്ടം കണ്ണിന്റെ വ്യഭിചാരം

കണ്ണിന്റെ വ്യഭിചാരം നോട്ടമാണെന്ന് നാം മുമ്പ് കണ്ടു. അബൂമൂസൽ അശ്അരി(റ) ഉദ്ധരിക്കുന്നു: റസൂൽ(സ്വ) പറഞ്ഞു:

"എല്ലാ കണ്ണുകളും വ്യഭിചരിക്കും. ഒരു സ്ത്രീ സുഗന്ധം പൂശിയ ശേഷം (പുരുഷന്മാരുടെ) ഒരു സദസ്സിന് മുന്നിലൂടെ നടന്നുപോകുകയാണെങ്കിൽ, അവൾ ഇന്നയിന്ന രൂപത്തിലുള്ളവളാണ് (അഥവാ വ്യഭിചാരിണിയാണ്)" (തിർമിദി. ഹസൻ ആണെന്ന് അൽബാനി വിശദീകരിച്ചു).

കുറ്റകൃത്യത്തിൽ സഹകരിക്കുകയോ, ഒരു വിശ്വാസിയെ പ്രലോഭിപ്പിക്കാൻ സഹായിക്കുകയോ ചെയ്യുന്നവർക്ക് പാപത്തിന്റെ ഒരു ഓഹരിയുണ്ടെന്ന് ഇത് തെളിയിക്കുന്നു.

അതിനാൽ, മറ്റുള്ളവർ കാണും

**"എല്ലാ കണ്ണുകളും വ്യഭിചരിക്കും. ഒരു സ്ത്രീ സുഗന്ധം പൂശിയ ശേഷം (പുരുഷന്മാരുടെ) ഒരു സദസ്സിന് മുന്നിലൂടെ നടന്നുപോകുകയാണെങ്കിൽ, അവൾ ഇന്നയിന്ന രൂപത്തിലുള്ളവളാണ് (അഥവാ വ്യഭിചാരിണിയാണ്)'' കുറ്റകൃത്യത്തിൽ സഹകരിക്കുകയോ, ഒരു വിശ്വാസിയെ പ്രലോഭിപ്പിക്കാൻ സഹായിക്കുകയോ ചെയ്യുന്നവർക്ക് പാപത്തിന്റെ ഒരു ഓഹരിയുണ്ടെന്ന് ത് തെളിയിക്കുന്നു. അതിനാൽ, മറ്റുള്ളവർ കാണുംവിധം ഔറത്ത് വെളിവാക്കുന്നത് വ്യഭിചാരത്തിന്റെ ചില തലങ്ങളിലേക്കുള്ള വ്യക്തമായ ക്ഷണമാണ്.**

വിധം ഔറത്ത് വെളിവാക്കുന്നത് വ്യഭിചാരത്തിന്റെ ചില തലങ്ങളിലേക്കുള്ള വ്യക്തമായ ക്ഷണമാണ്. അതുകൊണ്ട് തന്നെ, ഔറത്ത് വെളിവാക്കുന്നത് വലിയൊരു പാപവും ശിക്ഷാർഹമായ ഒരു കുറ്റകൃത്യവുമാണ്. നഗ്നതയും ആഭാസങ്ങളും നിർമിക്കുന്നതിനും അത് പ്രചരിപ്പിക്കുന്നതിനും പല രൂപത്തിലും സഹായിക്കുന്നവർക്ക് ഈ താക്കീത് ബാധകമാണ്. പത്രമാസികകൾ, ടെലിവിഷൻ, സിനിമ, തിയേറ്ററുകൾ, നിശാക്ലബ്ബുകൾ, നീന്തൽ ക്ലബ്ബുകൾ, സൗന്ദര്യപ്രദർശനങ്ങൾ, ഇന്റർനെറ്റ് സൈറ്റുകൾ, പരസ്യങ്ങൾ, കമ്പ്യൂട്ടർ ഗെയിമുകൾ എന്നിവ ഇതിലുൾപെടും.

### ദൃഷ്ടികൾ താഴ്ത്തുന്നതിന്റെ അനിവാര്യത

നിഷിദ്ധമായ ഔറത്തുകളിലേക്കുള്ള നോട്ടാണ് കണ്ണിന്റെ വ്യഭിചാരമെന്ന് നാം മുമ്പ് കണ്ടു. അത് കാരണം, തങ്ങളുടെ ദൃഷ്ടികളെ നിയന്ത്രിക്കാൻ അല്ലാഹു വിശ്വാസികളോട് കൽപിച്ചു. അവൻ പറയുന്നു:

"(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു" (അന്നൂർ:30).

നാം മുമ്പ് കണ്ടതുപോലെ, അല്ലാഹു സത്യവിശ്വാസിനികളോടും ഇത് തന്നെ കൽപിക്കുന്നുണ്ട്. 'ദൃഷ്ടികൾ താഴ്ത്തുക' എന്നതിന്നർഥം അവന് (അല്ലെങ്കിൽ അവൾക്ക്) ആവശ്യമുള്ളത്ര മാത്രം നോക്കുക, അതല്ലെങ്കിൽ തന്റെ മുന്നിലുള്ള യാളെ തിരിച്ചറിയുന്നതിന്ന് വേണ്ടി മാത്രം നോക്കുക എന്നതാണ്.

### തുറിച്ചുനോട്ടം നിഷിദ്ധം

ശാരീരികാവയവങ്ങളിൽ പെട്ട, നോക്കാൻ അനുവദിച്ച ഭാഗങ്ങളിലാണെങ്കിൽ പോലും തുറിച്ചുനോക്കൽ നിഷിദ്ധമാണ്. സ്ത്രീയുടെ മുഖവും പുരുഷന്റെ നെഞ്ചും ഇതിന് ഉദാഹരണമാണ്. തുറിച്ചുനോട്ടത്തോടൊപ്പം ശൈത്വാന്റെ ദുർമന്ത്രം വരും. അവൻ അതിനെ ലൈംഗികവികാരം ഉത്തേജിപ്പിക്കുന്ന രൂപത്തിൽ തോന്നിപ്പിക്കുകയും വസ്ത്രങ്ങൾക്കുള്ളിലുള്ളതിനെ ഭാവനയിൽ രൂപപ്പെടുത്തുകയും ചെയ്യും. അത് കാരണം, ആദ്യത്തെ നോട്ടം മാത്രമേ ഒരാൾക്ക് അനുവദിച്ചിട്ടുള്ളൂ. ശേഷമുള്ള നോട്ടങ്ങൾ പാപമാണ്.

ബുറയ്ദ(റ) നിവേദനം; നബി(സ്വ) അലി(റ)യോട് പറഞ്ഞു: "ഓ അലി, ഒരു നോട്ടത്തെ മറ്റൊരു നോട്ടം കൊണ്ട് നീ പിന്തുടർത്തരുത്. എന്തെന്നാൽ, ഒന്നാമത്തേത് നിനക്കുള്ളതാണ്. അടുത്തത് നിനക്കുള്ളതല്ല" (അഹ്മദ്, നസാഈ, സ്വഹീഹാണെന്ന് അൽബാനി പ്രസ്താവച്ചു).

ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, റസൂൽ(സ്വ) തന്റെ പിതൃവ്യപുത്രനായ അലി(റ)യോടാണ് ഇത് പറയുന്നത്. അദ്ദേഹമാകട്ടെ, സച്ചരിതരായ നാല് ഖലീഫമാരിൽപെട്ടയാളും സ്വർഗം കൊണ്ട് സന്തോഷവാർത്ത അറയിക്കപ്പെട്ട പത്ത് പേരിൽ ഒരാളുമാണ്. തുറിച്ചുനോട്ടം കൊണ്ടുണ്ടാകുന്ന ലൈംഗിക വികാരങ്ങളെ പ്രതിരോധിക്കാൻ തനിക്ക് സാധിക്കുമെന്ന് ആരെങ്കിലും സ്വയം വാദിക്കുകയാണെങ്കിൽ, മറ്റാരെക്കാളുമുപരി അവൻ സ്വന്തത്തെ തന്നെയാണ് വഞ്ചിക്കുന്നത് എന്ന് മനസ്സിലാക്കുക. **(തുടരും)**




പ്രമാണങ്ങൾകൊണ്ട് സ്ഥിരപ്പെട്ട യാഥാർഥ്യമാണ് ക്വബ്ർ ശിക്ഷ. പരലോകത്ത് ഒരുമിച്ചുകൂട്ടപ്പെടുകയും വിചാരണക്ക് വിധേയമാക്കപ്പെടുകയും ചെയ്യുന്നതിനു മുമ്പ് ക്വബ്റിൽ അഥവാ ബർസഖിൽ ശിക്ഷിക്കപ്പെടുന്ന അവസ്ഥയുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അതിന് ധാരാളം തെളിവുകൾ ക്വുർആനിലും ഹദീസിലും നമുക്ക് കാണുവാൻ സാധിക്കും.

അല്ലാഹു പറയുന്നു: "ഐഹികജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്. അക്രമകാരികളെ അല്ലാഹു ദുർമാർഗത്തിലാക്കുകയും ചെയ്യും. അല്ലാഹു താൻ ഉദ്ദേശിക്കുന്നതെന്തോ അത് പ്രവർത്തിക്കുന്നു" (ക്വുർആൻ 14: 27).

മേൽ പരാമർശിച്ച സൂക്തം വിശദീകരിച്ചുകൊണ്ട് ഇമാം മുസ്‌ലിം ഉദ്ധരിച്ച ഒരു ഹദീസിൽ പ്രവാചകൻ (സ്വ) ഇങ്ങനെ പറഞ്ഞതായി കാണാം:

"...ഇത് ക്വബ്ർ ശിക്ഷയെക്കുറിച്ചാകുന്നു. അപ്പോൾ അവനോട് ചോദിക്കപ്പെടും: 'ആരാണ് നിന്റെ രക്ഷിതാവ്?' അവൻ പറയും: 'എന്റെ നാഥൻ അല്ലാഹുവാകുന്നു. എന്റെ പ്രവാചകൻ മുഹമ്മദ്(സ്വ) ആകുന്നു.' അതാണ് അല്ലാഹുവിന്റെ വാക്ക്: 'ഐഹികജീവിതത്തിലും, പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ച് നിർത്തുന്നതാണ്."

കൂടാതെ, ഗാഫിർ: 45,46, അൻആം: 93, തൗബ: 101, ത്വൂർ: 45-47 മുതലായ ആയത്തുകളും ക്വബ്ർ ശിക്ഷയെ സാധൂകരിക്കുന്നവയാണ്. ഇവയ്ക്ക് പ്രാമാണികരായ മുൻഗാമികൾ നൽകിയ വിശദീകരണങ്ങൾ ഇതിനോട് ചേർത്തു വായിക്കാവുന്നതാണ്.

ഇനി, ഹദീസുകളാണെങ്കിൽ ധാരാളമുണ്ട്. സത്യവിശ്വാസിയെ സംബന്ധിച്ച് ഒരൊറ്റ ആയത്തായാലും ഒരേയൊരു ഹദീസായാലും അതവന് പ്രമാണമാണ്. ഒരു ഹദീസ് മാത്രം ശ്രദ്ധയിൽപ്പെടുത്താം;

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; റസൂൽ(സ്വ) പറഞ്ഞു: 'നിങ്ങൾ എല്ലാവരും തന്നെ അവസാനത്തെ തശഹ്ഹുദിൽനിന്ന് വിരമിക്കാനായാൽ നാല് കാര്യങ്ങളിൽനിന്നും കാവൽ ചോദിക്കുക; നരകശിക്ഷ, ക്വബ്ർശിക്ഷ, ജീവിതത്തിന്റെയും മരണത്തിന്റെയും കെടുതി, ദജ്ജാലിന്റെ കെടുതി (എന്നിവയിൽനിന്ന്)" (ബുഖാരി, മുസ്‌ലിം).

എന്നാൽ ചിലർ ക്വബ്ർ ശിക്ഷയെ നിഷേധിക്കുന്നവരാണ്. അതിന് അവർ ഉയർത്തിക്കാട്ടുന്ന തെളിവുകളുടെയും ന്യായങ്ങളുടെയും നിജസ്ഥിതി നമുക്കൊന്ന് പരിശോധിക്കാം.

1) ആദ്യത്തെ ആരോപണം, അത് അല്ലാഹുവിന്റെ നീതിക്ക് എതിരാണ് എന്നതാണ്. അതായത്, വിചാരണക്ക് മുമ്പുതന്നെ ശിക്ഷ നൽകുകയെന്നത് അനീതിയാകുന്നു. വിചാരണയാകട്ടെ പരലോകത്താണ്. അപ്പോൾ അതിനുമുമ്പ് ക്വബ്റിൽ ശിക്ഷിക്കുകയെന്നത് നീതിയല്ല എന്നതാണ് ക്വബ്ർ ശിക്ഷയെ നിഷേധിക്കാൻ പറയുന്ന പ്രധാനപ്പെട്ട ന്യായം!

ഇത് കേവലം ബുദ്ധിയെ പ്രമാണമാക്കി പടച്ചുണ്ടാക്കിയ ദുർന്യായമാണ്. എങ്ങനെയാണ് വിചാരണക്ക് മുമ്പുള്ള ശിക്ഷ അനീതിയാകുന്നത്?

കുറ്റം തെളിയിക്കപ്പെടാത്തവർ ശിക്ഷിക്കപ്പെടുക എന്നത് അന്യായം തന്നെയാണ്. ഇഹലോകത്ത് ഒരാളുടെ കുറ്റം തെളിയിക്കപ്പെട്ടാൽ, താമസിയാതെ അയാളെ ശിക്ഷിക്കാൻ അർഹരായവർ അർഹമായ ശിക്ഷ നൽകണമെന്നതാണ് നീതിബോധത്തിന്റെ തേട്ടം. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ സുഖവാസത്തിൽ കഴിയണമെന്ന് നീതിബോധമുള്ള ഒരാളും ആഗ്രഹിക്കില്ല.

എന്നാൽ മരിച്ചയാളുടെ വിഷയമോ? ഒരാൾ മരിക്കുമ്പോൾ തന്നെ അയാൾക്ക് ബോധ്യമാകും താൻ സന്മാർഗിയാണോ ദുർമാർഗിയാണോ എന്ന്. ശിക്ഷാർഹനാണോ രക്ഷാർഹനാണോ എന്ന്. ധാരാളം ക്വുർആൻ വചനങ്ങൾ അതിന് തെളിവായുണ്ട്.

“സത്യനിഷേധികളുടെ മുഖങ്ങളിലും പിൻവശങ്ങളിലും അടിച്ചുകൊണ്ട് മലക്കുകൾ അവരെ മരിപ്പിക്കുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ! (അവർ -മലക്കുകൾ- അവരോട് പറയും:) ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക” (ക്വുർആൻ 8:50).

**കുറ്റം തെളിയിക്കപ്പെടാത്തവർ ശിക്ഷിക്കപ്പെടുക എന്നത് അന്യായം തന്നെയാണ്. ഇഹലോകത്ത് ഒരാളുടെ കുറ്റം തെളിയിക്കപ്പെട്ടാൽ, താമസിയാതെ അയാളെ ശിക്ഷിക്കാൻ അർഹരായവർ അർഹമായ ശിക്ഷ നൽകണമെന്നതാണ് നീതിബോധത്തിന്റെ തേട്ടം. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ സുഖവാസത്തിൽ കഴിയണമെന്ന് നീതിബോധമുള്ള ഒരാളും ആഗ്രഹിക്കില്ല. എന്നാൽ മരിച്ചയാളുടെ വിഷയമോ? ഒരാൾ മരിക്കുമ്പോൾ തന്നെ അയാൾക്ക് ബോധ്യമാകും താൻ സന്മാർഗിയാണോ ദുർമാർഗിയാണോ എന്ന്. ശിക്ഷാർഹനാണോ രക്ഷാർഹനാണോ എന്ന്. ധാരാളം ക്വുർആൻ വചനങ്ങൾ അതിന് തെളിവായുണ്ട്. “സത്യനിഷേധികളുടെ മുഖങ്ങളിലും പിൻവശങ്ങളിലും അടിച്ചുകൊണ്ട് മലക്കുകൾ അവരെ മരിപ്പിക്കുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ! (അവർ -മലക്കുകൾ- അവരോട് പറയും:) ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക’’ (ക്വുർആൻ 8:50). അപ്പോൾ, ശിക്ഷ മരണത്തോടെ ആരംഭിക്കുന്നുവെന്ന് ഈ സൂക്തത്തിൽനിന്നുതന്നെ വ്യക്തം. എന്നാൽ, അവർക്കുള്ള കഠിനമായ ശിക്ഷ പരലോകത്താണുള്ളത്.**

അപ്പോൾ, ശിക്ഷ മരണത്തോടെ ആരംഭിക്കുന്നുവെന്ന് ഈ സൂക്തത്തിൽനിന്നുതന്നെ വ്യക്തം. എന്നാൽ, അവർക്കുള്ള കഠിനമായ ശിക്ഷ പരലോകത്താണുള്ളത്. അത് അന്നേക്ക് നീട്ടിവെച്ചത് എന്തിനാണ്? അത് അല്ലാഹുതന്നെ പറഞ്ഞുതരുന്നു:

“നിന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണയുള്ളവനുമാകുന്നു. അവർ ചെയ്തുകൂട്ടിയതിന് അവൻ അവർക്കെതിരിൽ നടപടി എടുക്കുകയായിരുന്നെങ്കിൽ അവർക്കവൻ ഉടൻതന്നെ ശിക്ഷ നൽകുമായിരുന്നു. പക്ഷേ, അവർക്കൊരു നിശ്ചിത അവധിയുണ്ട്. അതിനെ മറികടന്നുകൊണ്ട് രക്ഷപ്രാപിക്കാവുന്ന ഒരു സ്ഥാനവും അവർ കണ്ടെത്തുകയേയില്ല” (18: 58).

കഠിനമായ ശിക്ഷയെ അല്ലാഹു പരലോകത്തേക്ക് മാറ്റിവെച്ചത് വിചാരണ കഴിയാൻ വേണ്ടിയാണെന്ന് കരുതിയെങ്കിൽ തെറ്റി. മേൽ വചനത്തിൽ അത് അല്ലാഹുവിന്റെ കാരുണ്യമായാണ് പരിചയപ്പെടുത്തുന്നത്. ഇനി അത് മാത്രവുമല്ല, ഏതൊരു മനുഷ്യനും ക്വബ്റിൽ ഒരു പരീക്ഷണമുണ്ട്. തദടിസ്ഥാനത്തിലാണ് ഒരാൾക്ക് ക്വബ്റിലെ രക്ഷാശിക്ഷകൾ തീരുമാനിക്കപ്പെടുന്നത്. സത്യവിശ്വാസികൾ അതിൽ വിജയിക്കുകയും സത്യനിഷേധികൾ പരാജയപ്പെടുകയും ചെയ്യും.

2) ‘മുഹമ്മദ് നബി(സ്വ)യുടെ വഫാത്തിന് ശേഷം അദ്ദേഹത്തിന്റെ പേരിൽ പുരോഹിതന്മാർ പടച്ചുണ്ടാക്കിയ ഹദീഥുകളിലൂടെയാണ് ക്വബ്ർ ശിക്ഷ മുസ്‌ലിം സമൂഹത്തിൽ പ്രചരിപ്പിച്ചത്’ എന്നതാണ് മറ്റൊരു വാദം!



ഇമാം അശ്അരി(റഹി) പറയുന്നു: "മനുഷ്യർ ക്വബ്റിൽ ജീവിപ്പിക്കപ്പെട്ടശേഷം, ക്വബ്ർ ശിക്ഷ സത്യമാണെന്നും ക്വബ്റിൽ ചോദ്യം ചെയ്യപ്പെടുമെന്നും അവൻ ഇഷ്ടപ്പെടുന്നവരെ അവൻ ഉറപ്പിച്ചു നിർത്തുമെന്നുമെതിൽ അവർ (മുസ്‌ലിം സമുദായം) ഏകാഭിപ്രായക്കാരാകുന്നു."

ഇമാം ഇബ്നുതൈമിയ്യ(റഹി) പറയുന്നു: "അന്ത്യനാളിലും മരണത്തിനുമിടയിൽ ബർസഖിൽ പുണ്യവും ശിക്ഷയും ഉണ്ടെന്നതാണ് മുൻഗാമികളുടെ ഒന്നടങ്കം (ആദ്യ മൂന്ന് തലമുറയിലെ സച്ചരിതർ) അഹ്‌ലുസ്സുന്നതി വൽജമാഅത്തിന്റെ നിലപാട്."

ക്വുർആനിൽനിന്നും ഹദീസിൽനിന്നും സച്ചരിതരായ ചില മുൻഗാമികളുടെ വാചകങ്ങളിൽ നിന്നും ക്വബ്ർ ശിക്ഷ യാഥാർഥ്യമാണെന്ന് നാം മനസ്സിലാക്കി. ക്വബ്റിൽ ശിക്ഷയുണ്ടെന്ന കാര്യം നബി(സ്വ) യുടെ കാലം മുതൽക്ക് സർവമുസ്‌ലിംകളും ഏകോപിച്ച് അംഗീകരിച്ച് പോരുന്ന വിഷയമാകുന്നു.

ഇത്രയും സുവ്യക്തമായി ക്വുർആനിലൂടെയും, മുതവാതിറായ (തള്ളാൻ കഴിയാത്ത നിലക്ക് ഒരുപാട് പരമ്പരകളിലൂടെ സ്ഥിരപ്പെട്ട, യഥാർഥ മുസ്‌ലിംകൾ ആരുംതന്നെ ദുർബലമെന്ന് വിശേഷിപ്പിക്കാത്ത) ഹദീസുകളിലൂടെയും സ്ഥിരപ്പെട്ട, മുൻഗാമികൾ ഏകപക്ഷീയമായി അംഗീകരിച്ച ക്വബ്ർ ശിക്ഷയെ സാധൂകരിക്കുന്ന ഹദീസുകളെ, 'അത് പടച്ചുണ്ടാക്കിയതാണ്' എന്ന വ്യാജാരോപണം വഴി വിമർശിക്കുന്നവരുടെ വാദങ്ങൾ തികച്ചും നിരർഥകമാണെന്ന് വ്യക്തം.

3) ക്വബ്ർ ശിക്ഷ ക്വുർആനിനെതിരാണെന്ന് സമർഥിക്കാൻ വിമർശകർ ചില ആയത്തുകൾ ഉദ്ധരിക്കാറുണ്ട്.

ക്വുർആനിലെ ഈ ആയത്തുകൾ ക്വബ്ർ ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്ന ആയത്തുകൾക്ക് എതിരാകുമോ? ഒരിക്കലുമില്ല! അപ്പോൾ



ആ വചനങ്ങൾക്ക് ഇങ്ങനെ അർഥമില്ലെന്ന് മാത്രമല്ല, അവ അവതീർണമായത് ക്വബ്ർ ശിക്ഷയില്ല എന്ന് അറിയിക്കുന്നതിനാണ് എന്നതിലേക്ക് സൂചന നൽകുന്ന ഒരൊറ്റ ഹദീസ് പോലുമില്ലെന്നതാണ് വാസ്തവം. മറിച്ച്, ക്വബ്ർ ശിക്ഷയെ സ്ഥിരപ്പെടുത്തുന്ന, ഒരു നിലയ്ക്കും തള്ളാനാവാത്ത മുതവാതിറായ ഒരുപാട് ഹദീസുകളുണ്ട് താനും. അപ്പോൾ ഈ ആയത്തുകളുടെ ആശയം നബി(സ്വ)ക്ക് പോലും മനസ്സിലായില്ലെന്ന് പറയേണ്ടിവരും. മാത്രവുമല്ല, അതിനെതിരായി നബി(സ്വ) പഠിപ്പിച്ചു എന്നുപോലും വരും! അല്ലാഹുവിൽ അഭയം.

കൂടാതെ, ഈ ആയത്തുകൾ നബി(സ്വ)യിൽനിന്ന് ആദ്യമായി കേട്ട അനുചരന്മാരിൽ ഒരാൾ പോലും ക്വബ്ർ ശിക്ഷയെ നിഷേധിച്ചിട്ടില്ല. അപ്പോൾ, ഈ വാദം മുസ്‌ലിംകളിൽ ആദ്യമായി ഉയർത്തിയതാരാണ്?

ഹിജ്റ 128ൽ മരണപ്പെട്ട, ഇസ്‌ലാമിൽ നിന്ന് പുറത്താണെന്ന് മുസ്‌ലിം ലോകം അംഗീകരിക്കുന്ന, അഹ്‌ലുസ്സുന്നയിൽനിന്ന് വ്യതിചലിച്ച വിഭാഗമായ ജഹ്മിയ്യാക്കളുടെ നേതാവായ ജഹ്മ് ബ്ൻ സ്വഫ്‌വാനാണ് ആദ്യമായി ക്വബ്ർ ശിക്ഷയെ നിഷേധിച്ച വ്യക്തി. ആരെ പിൻപറ്റണമെന്ന് നാം തീരുമാനിക്കുക.

**ക്വുർആനിലെ ആയത്തുകൾ ക്വബ്ർ ശിക്ഷയെക്കുറിച്ച് പ്രതിപാദിക്കുന്ന ആയത്തുകൾക്ക് എതിരാകുമോ? ഒരിക്കലുമില്ല! അപ്പോൾ ആ വചനങ്ങൾക്ക് ഇങ്ങനെ അർഥമില്ലെന്ന് മാത്രമല്ല, അവ അവതീർണമായത് ക്വബ്ർ ശിക്ഷയില്ല എന്ന് അറിയിക്കുന്നതിനാണ് എന്നതിലേക്ക് സൂചന നൽകുന്ന ഒരൊറ്റ ഹദീസ് പോലുമില്ലെന്നതാണ് വാസ്തവം. മറിച്ച്, ക്വബ്ർ ശിക്ഷയെ സ്ഥിരപ്പെടുത്തുന്ന, ഒരു നിലയ്ക്കും തള്ളാനാവാത്ത മുതവാതിറായ ഒരുപാട് ഹദീസുകളുണ്ട് താനും. അപ്പോൾ ഈ ആയത്തുകളുടെ ആശയം നബി(സ്വ)ക്ക് പോലും മനസ്സിലായില്ലെന്ന് പറയേണ്ടിവരും. മാത്രവുമല്ല, അതിനെതിരായി നബി(സ്വ) പഠിപ്പിച്ചു എന്നുപോലും വരും! അല്ലാഹുവിൽ അഭയം.**




# സമയം എന്ന അനുഗ്രഹം

അബ്ദുല്ലത്വീഫ് സുല്ലമി

അല്ലാഹു നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളിൽ ഏറ്റവും വിലപ്പെട്ട ഒന്നാണ് സമയം. എന്നാൽ ഇന്ന് മനുഷ്യരിൽ അധികവും അശ്രദ്ധയോടും അലസതയോടും കൂടി തള്ളിനീക്കുന്ന ഒരു കാര്യവും സമയം തന്നെ! 'എങ്ങനെയെങ്കിലും നേരം പോയിക്കിട്ടണേ' എന്നത് പലരുടെയും ഒരു സ്ഥിരം പല്ലവിയായി മാറിയിരിക്കുകയാണ്. 'എനിക്കതിന് സമയമില്ല' എന്നു പറയുന്ന ചിലരെയും നമുക്ക് കാണാൻ സാധിക്കും.

സമയത്തെ അഥവാ കാലത്തെ നിയന്ത്രിക്കുന്നവൻ അല്ലാഹുവാണ്. രാവുപകലുകൾ കൃത്യമായി മാറിമാറി വരുന്നതിനു പിന്നിൽ സൃഷ്ടികൾക്കാർക്കും യാതൊരു പങ്കുമില്ല. അത് അല്ലാഹുവിന്റെ മഹത്തായ ഒരു ദൃഷ്ടാന്തമാണ്. അതിനെക്കുറിച്ച് ചിന്തിക്കുവാൻ നാം തയ്യാറാകേണ്ടതുണ്ട്. അല്ലാഹു പറയുന്നു: "തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാപകലുകൾ മാറിമാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ..." (ക്വുർആൻ 3:190,191).

"അവൻ തന്നെയാണ് രാപകലുകളെ മാറിമാറി വരുന്നതാക്കിയവൻ. ആലോചിച്ച് മനസ്സിലാക്കാൻ ഉദ്ദേശിക്കുകയോ, നന്ദി കാണിക്കാൻ ഉദ്ദേശിക്കുകയോ ചെയ്യുന്നവർക്ക് (ദൃഷ്ടാന്തമായിരിക്കുവാനാണത്)" (ക്വുർആൻ 25:62).

നാളെ നമുക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന ചോദ്യങ്ങളിൽ ഒന്ന് തന്റെ ആയുസ്സ് ഏതു മാർഗത്തിൽ വിനിയോഗിച്ചു എന്നതായിരിക്കുമെന്ന് നബി (സ്വ) ഓർമപ്പെടുത്തിയിട്ടുണ്ട്. അതിന് കൃത്യമായി മറുപടി കണ്ടെത്തുവാൻ നമുക്ക് മരണത്തിന്റെ മുമ്പ് സാധിക്കേണ്ടതുണ്ട്. മഹാനായ ഖലീഫ അബൂബക്ർ(റ) തന്റെ പിൻഗാമിക്ക് നൽകിയ വസ്വിയ്യത്തിൽ നമുക്ക് ഇങ്ങനെ കാണാൻ കഴിയും:

"അല്ലാഹുവിന് വേണ്ടി നാം നിർവഹിക്കേണ്ടതായ കുറേ കാര്യങ്ങൾ പകൽ സമയം ചെയ്തു തീർക്കേണ്ടതുണ്ട്; അത് രാത്രിയിൽ സ്വീകരിക്കുന്നതല്ല. രാത്രിയിൽ ചെയ്തുതീർക്കേണ്ടതായ വിഷയങ്ങളുണ്ട്; അത് പകലിൽ സ്വീകരിക്കുന്നതല്ല.' സമയത്തെ ശ്രദ്ധയോടുകൂടി ഉപയോഗപ്പെടുത്തണമെന്നാണ് അദ്ദേഹം ജീവിതാന്ത്യത്തിൽ നൽകുന്ന ഉപദേശം.

നബി(സ്വ)യുടെ ദിനചര്യകളെ സംബന്ധിച്ച് പേരക്കുട്ടിയായ ഹസൻ(റ) തന്റെ പിതാവിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'പ്രവാചകൻ (സ്വ) തന്റെ സമയത്തെ മൂന്ന് ഭാഗമാക്കി തിരിക്കുമായിരുന്നു. ഒരു ഭാഗം അല്ലാഹുവിന്, മറ്റൊരു ഭാഗം കുടുംബത്തിന് വേണ്ടി, മൂന്നാമത്തൊരു ഭാഗം സ്വന്തം ആവശ്യങ്ങൾക്ക് വേണ്ടി.'

പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് നബി(സ്വ) ടൈം മാനേജ്മെന്റ് എത്ര ഭംഗിയായിട്ടാണ് നടപ്പിലാക്കിയത്! സമയത്തിന്റെ ഗൗരവവും അതിന്റെ പ്രാധാന്യവും നമ്മൾ മനസ്സിലാക്കുക. മരണസമയത്ത് മനുഷ്യൻ 'എന്റെ റബ്ബേ, ഒരൽപ സമയം എനിക്ക് നീ നീട്ടിത്തരണേ' എന്ന് അപേക്ഷിക്കുമെന്ന് ക്വുർആൻ വ്യത്യസ്തങ്ങളായ അധ്യായങ്ങളിലൂടെ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അതിനാൽ തന്നെ നമുക്ക് അല്ലാഹു അനുവദിച്ചുതരുന്ന സമയത്തെ നാം നല്ലനിലയിൽ വിനിയോഗിക്കണം. അത് ഒരിക്കലും പാഴായിപ്പോകരുത്. നമുക്ക് അനിഷ്ടകരമായ എന്തെങ്കിലും സംഭവിച്ചാൽ സമയത്തെ അഥവാ കാലത്തെ ശപിക്കുകയോ പഴിപറയുകയോ ചെയ്യരുത്. ജോലിത്തിരക്ക് വരുന്നതിന് മുമ്പ് ഒഴിവുസമയത്തെ പ്രയോജനപ്പെടുത്താനും നല്ലതിനുവേണ്ടി അത് വിനിയോഗിക്കാനുമുള്ള പ്രവാചകനിർദേശം നാം ഉൾക്കൊള്ളുക. ■




# സാമൂഹിക വിരുദ്ധ ക്രമരാഹിത്യ വ്യക്തിത്വം

**ഡോ. മുനവ്വർ**

മറ്റുള്ളവരെ പറ്റിക്കുക, കാരണം കൂടാതെ കള്ളം പറയുക, അകാരണമായി മറ്റുള്ളവരെ സംശയിക്കുക, താൽപര്യമില്ലാത്ത രീതിയിൽ മറ്റുള്ളവരോട് പ്രതികരിക്കുക തുടങ്ങിയ സ്വഭാവസവിശേഷതകളുള്ള വ്യക്തികളെ നിങ്ങൾക്ക് പരിചിതമായിരിക്കാം. സ്വാർഥത, നിരുത്തരവാദിത്തം,ആവേശം, കുറ്റബോധമില്ലായ്മ, ശിക്ഷയിൽനിന്നും ഗുണപാഠം പഠിക്കായ്ക തുടങ്ങിയവയാണ് ഇവരുടെ മറ്റു സവിശേഷകൾ. ഇവർ മനോരോഗികളല്ല, ഇവർക്ക് യാഥാർഥ്യത്തെപ്പറ്റി നല്ല ബോധം ഉണ്ടായിരിക്കും. ഇവരെ ഭയപ്പെടേണ്ടതില്ല. ഇവർ ഒന്നിന്റെയും അടിമയുമല്ല. എന്നാൽ, ഇവരുടെ വ്യവഹാരം അസാധാരണമായിരിക്കും. അത് അവർക്കും മറ്റുള്ളവർക്കും ഹിതകരമായിരിക്കില്ല. ഇത്തരത്തിലുള്ള തകരാറുകൾക്കാണ് 'വ്യക്തിത്വ ക്രമരാഹിത്യം' എന്നു പറയുന്നത്. 'സാമൂഹികവ്യക്തിത്വ വൈകല്യം,' 'മാനസിക വ്യക്തിത്വവൈകല്യം' എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.

1837ൽ ജെ.സി. പ്രിച്ചാർഡ് (J.C. Prichard) ആണ് ഈ ലക്ഷണങ്ങൾ ആദ്യമായി വിവരിച്ചത്. അദ്ദേഹം ഇതിന് ധാർമികഭ്രാന്ത് (moral insantiy) എന്നാണ് നാമകരണം ചെയ്തത്. ധാർമിക അധഃപതനം സംഭവിച്ച ഇത്തരക്കാരുടെ ബുദ്ധിക്ക് യാതൊരു തകരാറും ഇല്ലാത്തതിനാലാണ് അദ്ദേഹം ഇപ്രകാരം നാമകരണം ചെയ്തത്. ഇത്തരം വ്യക്തികൾക്ക് ആത്മസംയമനം ഇല്ല എന്ന് ഇദ്ദേഹം കണ്ടെത്തി, മനോരോഗചികിത്സകർ ഇത്തരം വ്യവഹാരത്തെ 'ഘടനാപരമായ മാനസിക വൈകല്യ വ്യക്തിത്വം' (constitutional spychopathic personaltiy) എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. 1920 കളിലാണ് ഇതിനു 'സാമൂഹിക വൈകല്യ വ്യക്തിത്വം,' 'മാനസിക വൈകല്യ വ്യക്തിത്വം' എന്നീ പേരുകൾ നൽകപ്പെട്ടത്. 1960കളുടെ അവസാനത്തോടെ അമേരിക്കൻ സൈക്ക്യാട്രിക് അസോസിയേഷൻ ആണ് 'സാമൂഹികവിരുദ്ധ വ്യക്തിത്വം' (antisocial personaltiy) എന്ന പദം പ്രയോഗിച്ചു തുടങ്ങിയത്. എച്ച്. ക്ലിക്കി (H Clekley) 1964ൽ പ്രസിദ്ധീകരിച്ച് 'ഭ്രാന്തിന്റെ മുഖംമൂടി' (The Mask of Sanity) എന്ന ഗ്രന്ഥത്തിൽ സാമൂഹികവിരുദ്ധ വ്യക്തിത്വം വിശദീകരിച്ചിട്ടുണ്ട്. മനോരോഗചികിത്സാരംഗത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ സാമൂഹികവിരുദ്ധ വ്യക്തിത്വം നിർണയിക്കുന്നതിനുള്ള പല മാനദണ്ഡങ്ങളും ഇദ്ദേഹം ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതാണ് നാണമില്ലായ്മ, സത്യസന്ധതയില്ലായ്മ, ആത്മാർഥതയില്ലായ്മ, വിശ്വാസ്യതയില്ലായ്മ എന്നിവ. സാമൂഹികവിരുദ്ധ വ്യക്തിത്വത്തിന്റെ ഉടമകൾക്ക് കുറ്റബോധം അനുഭവപ്പെടാറില്ല. അനുഭവങ്ങളിൽനിന്നും ഇവർ പാഠം ഉൾക്കൊള്ളാറില്ല. ജീവിതത്തെക്കുറിച്ചും ഇവർക്ക് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടായിരിക്കുകയില്ല. അതിനാൽ നമുക്ക് ഇ പ്രകാരം പറയാവുന്നതാണ്: സാമൂഹികവിരുദ്ധ വ്യക്തിത്വത്തിന്റെ ഉടമകൾക്ക് സാമൂഹികമാനദണ്ഡം അനുസരിച്ചുള്ള വ്യവഹാരം അസാധ്യ മാണ്. ഇവർക്ക് മറ്റു വ്യക്തികളോടോ സമൂഹത്തോടോ സാമൂഹിക മൂല്യങ്ങളോടോ കൂറു പുലർത്താൻ കഴിയില്ല. ഇവരുടെ വ്യവഹാരങ്ങൾ പലപ്പോഴും സവമൂഹിക വഴക്കുകൾക്ക് കാരണമാവുകയും ചെയ്യും.

**സാമൂഹികവിരുദ്ധ വ്യക്തിയുടെ സ്വഭാവസവിശേഷതകൾ**

സാമൂഹികവിരുദ്ധ വ്യക്തികളിൽ കണ്ടുവരുന്ന പ്രധാനപ്പെട്ട സ്വഭാവ

ലക്ഷണങ്ങൾ താഴെ വിവരിക്കുന്നു. ഒരു പ്രത്യേക വ്യക്തിയിൽ ഈ ലക്ഷണങ്ങൾ അഥവാ സ്വഭാവസവിശേഷതകൾ എല്ലാം ഉണ്ടായിരിക്കണം എന്നില്ല.

*1. ധാർമിക മൂല്യങ്ങൾ, ഉൽക്കണ്ഠ, കുറ്റബോധം എന്നിവയുടെ അഭാവം:* സാമൂഹികവിരുദ്ധ വ്യക്തിത്വത്തിന്റെ ഉടമകൾക്ക് ധാർമികമൂല്യങ്ങൾ മനസ്സിലാക്കുന്നതിനും അതിനു വില കൽപിക്കുന്നതിനും കഴിയുകയില്ല. എന്നാൽ, വാക്കുകളിൽക്കൂടി ഇവർ കടുത്ത ധാർമിക നിഷ്ഠരാണെന്ന് നടിക്കുകയും ചെയ്യും. ഇവർ പറയുന്നത് പൊള്ളവാക്കുകളായിരിക്കും. സമ്മർദം അനുഭവിക്കുന്നതിനു തയാറാകാത്ത ഇവർ ഇവരുടെ വ്യക്തിപരമായ പ്രശ്നങ്ങൾ മറ്റുള്ളവരോടു വിളിച്ചു പറയും. ദുഃഖങ്ങൾ ആരോടും പറയാതെ മനസ്സിൽ സൂക്ഷിച്ചുവച്ച് വിഷമിക്കുന്ന പതിവ് ഇവർക്കില്ല. ഇവർ മറ്റുള്ളവരോട് ശത്രുത പുലർത്തുകയും ചിലപ്പോൾ അവരെ ആക്രമിക്കുകയും ചെയ്യും. ഇവരുടെ ഇത്തരം പ്രവൃത്തി കളിൽ ഇവർക്ക് ഒരിക്കലും കുറ്റബോധം അനുഭവപ്പെടാറില്ല. ഉൽക്കണ്ഠയുടെ അഭാവം, കുറ്റബോധമില്ലായ്മ എന്നീ സവിശേഷതകളോടൊപ്പം പുറമെ കാണിക്കുന്ന ആത്മാർഥതയും ലാഘവത്വവും നിമിത്തം മോഷണം തുടങ്ങിയുള്ള ഇവരുടെ തെറ്റുകുറ്റങ്ങളിൽ മറ്റുള്ളവർ ഇവരെ സംശയിക്കാറില്ല.

*2. നിരുത്തരവാദപരവും ആവേശജനകവുമായ വ്യവഹാരം:* സാമൂഹികവിരുദ്ധ വ്യക്തിത്വം പുലർത്തുന്നവർ മറ്റുള്ളവരുടെ അവകാശങ്ങൾ, ആവശ്യങ്ങൾ, നന്മ എന്നിവയ്ക്ക് യാതൊരുവിധ പരിഗണനയും നൽകുന്നതല്ല. ഇവരിൽ അധികം പേരും കള്ളം പറയുന്നവരാണ്. സ്വപ്രയത്നത്തിലൂടെ ജീവിതമാർഗം കണ്ടെത്തുന്നതിനുപകരം മറ്റുള്ളവരിൽനിന്നും അതു തട്ടിയെടുക്കാൻ ഇവർ മിടുക്കരാണ്. സന്തോഷകരവും രോമാഞ്ചജനകവും ആയിട്ടുള്ള കാര്യങ്ങളോട് അമിത താൽപര്യം കാട്ടുന്ന ഇവർ കീഴ്നടപ്പുകൾക്കു വിപരീതമായി ചിന്തിക്കാതെ ആവേശത്തിമിർപ്പിൽ നിയമലംഘനങ്ങളിലും ഏർപ്പെടാറുണ്ട്. മുൻകാലങ്ങളെപ്പറ്റിയോ ഭാവിയെപ്പറ്റിയോ ചിന്തിക്കാതെ അപ്പോഴത്തെ സുഖത്തിനും നേട്ടത്തിനായിരിക്കും ഇവർ തങ്ങളുടെ വ്യവഹാരങ്ങളിൽ മുൻതൂക്കം നൽകുക

*3. ഉപരിപ്ലവതയും ന്യായീകരണ മിടുക്കും:* സാമൂഹികവിരുദ്ധ വ്യക്തിത്വത്തിന്റെ ഉടമകളായിട്ടുള്ള പലരും മറ്റുള്ളവരിൽ മതിപ്പുളവാക്കാനും സ്നേഹിക്കാൻ കൊള്ളാവുന്നവരാണെന്നു വരുത്തിത്തീർക്കാനും നല്ലവരാണെന്ന് പറയിക്കാനും കഴിയുന്നവരാണ്. നിർദോഷമായി തോന്നുന്ന അവരുടെ പ്രകൃതം അവർക്ക് ധാരാളം സുഹൃത്തുക്കളെയും ഉണ്ടാക്കിക്കൊടുക്കും. ചിലപ്പോഴൊക്കെ തമാശകളും മറ്റും പറഞ്ഞു മറ്റുള്ളവരെ രസിപ്പിക്കാൻ കഴിയുന്ന ഇവർ തങ്ങളുടെ ജീവിതവീക്ഷണം സന്തോഷകരമാണെന്നു വരുത്തിത്തീർക്കാനും ശ്രമിക്കും. ഇവർ ചെയ്യുന്ന കള്ളങ്ങളും തെറ്റുകളും ഏതെങ്കിലും വിധത്തിൽ കണ്ടുപിടിക്കപ്പെട്ടാൽ ആത്മാർഥത നിറഞ്ഞു തുളുമ്പുന്ന വിധത്തിൽ ഖേദപ്രകടനം നടത്താനും ഇവർ മടിക്കുകയില്ല. ഇവർ എളുപ്പത്തിൽ ക്ഷമ ചോദിക്കുകയും അത്തരം കുറ്റങ്ങൾ മേലിൽ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യും; എന്നാൽ, ഇതെന്നും ആത്മാർഥതയോടെ ചെയ്യുന്നതോ പറയുന്നതോ ആയിരിക്കില്ല. മറ്റുള്ളവരുടെ കുറവുകളെപ്പറ്റിയും ആവശ്യങ്ങളെപ്പറ്റിയും നല്ല ഉൾക്കാഴ്ച പുലർത്താൻ കഴിയുന്ന ഇവർ അവയെ പരമാവധി ചൂഷണം ചെയ്യുകയും ചെയ്യും. തങ്ങൾ ചെയ്യുന്ന സാമൂഹികവിരുദ്ധ പ്രവൃത്തികളുടെ ഉത്തര വാദിത്തം മറ്റുള്ളവരുടെമേൽ കെട്ടിവച്ച് അതിനെ യുക്തിപൂർവം ന്യായീ കരിക്കുവാൻ ഇവർ സമർഥരാണ്. അങ്ങനെ മറ്റുള്ളവരെയും തന്നെത്തന്നെയും തങ്ങൾ കുറ്റവിമുക്തരാണെന്നു ബോധ്യപ്പെടുത്താൻ ഇവർക്കു കഴിയും.

*4. അധികാരികളെ നിഷേധിക്കലും അനുഭവങ്ങളിൽനിന്നും നേട്ടങ്ങൾ കൈവരിക്കുന്നതിനുമുള്ള കഴിവില്ലായ്മയും:* നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും തങ്ങൾക്ക് ബാധകമല്ല എന്ന വിധത്തിലാണ് സാമൂഹികവിരുദ്ധ വ്യക്തിത്വം പുലർത്തുന്നവരുടെ വ്യവഹാര രീതി. ഭരണാധികാരികളെ മനഃപൂർവം ധിക്കരിക്കണമെന്നുള്ള ഇവരുടെ ആഗ്രഹത്തിന്റെ പ്രതിഫലനങ്ങളാണ് ആവേശകരമായ എടുത്തുചാട്ടങ്ങൾ, ശത്രുത, കുറ്റകരമായ പ്രവൃത്തികൾ എന്നിവ. ചിലർ കൗമാര കുറ്റകൃത്യങ്ങളിലേക്കും ശിക്ഷാർഹമായ മറ്റു പ്രവൃത്തികളിലേക്കും വഴുതിപ്പോകാറുണ്ട്. എന്നാൽ ഇവർ സ്ഥിരം കുറ്റവാളികൾ ആയിത്തീരണമെന്നില്ല. ഇതിന്റെയൊക്കെ ഫലമായി ധാരാളം ബുദ്ധിമുട്ടുകളും ശിക്ഷകളും അനുഭവിക്കേണ്ടിവന്നാലും ഒന്നും സംഭവിച്ചിട്ടില്ലാത്ത രീതിയിൽ ഇവർ ഇവരുടെ പ്രവർത്തനശൈലി പിന്തുടരുക തന്നെ ചെയ്യും. സാമൂഹികവിരുദ്ധ പ്രവൃത്തികളുടെ അനന്തരഫലങ്ങൾ തങ്ങൾക്ക് ബാധകമല്ല എന്ന തോന്നലാണ് ഇവർ വച്ചു പുലർത്തുക.

*5. സാമൂഹികമായ പരസ്പര ബന്ധത്തോടുള്ള നിസ്സംഗത:* സാമൂഹികവിരുദ്ധ വ്യക്തിത്വം ഉള്ളവർ മറ്റുള്ളവരുടെ ഇഷ്ടവും സ്നേഹബന്ധവും പിടിച്ചുപറ്റുന്നതിൽ ആദ്യം വിജയിക്കും. എന്നാൽ പിന്നീട് ഈ ബന്ധം നിലനിർത്തുവാൻ അവർക്ക് കഴിയാതെ വരും. ഇവരുടെ വ്യവഹാരങ്ങളിൽ ചിലപ്പോഴൊക്കെ കണ്ടുവരാറുള്ള ഉത്തരവാദിത്തമില്ലായ്മ, അനുകമ്പയില്ലായ്മ, നന്ദിയില്ലായ്മ, പശ്ചാത്താപമില്ലായ്മ, ബുദ്ധിസ്ഥിരതയില്ലാത്ത വിധത്തിലുള്ള പെരുമാറ്റം എന്നിവയാണ് ഇതിനുള്ള കാരണങ്ങൾ. സ്നേഹം എന്താണെന്നു ഗ്രഹിക്കാനും അതിനെ വിലമതിക്കാനും കഴിയാത്ത ഇവർക്ക് മറ്റുള്ളവരോട് സ്നേഹം പ്രകടിപ്പിക്കാനും കഴിയാറില്ല.

(തുടരും)




# നമ്മുടെ രാജ്യത്തെ കോടതികൾ

അബൂആദം അയ്യൻ

**തിരഞ്ഞെടുപ്പു ട്രൈബ്യൂണൽ**

തിരഞ്ഞെടുപ്പുകേസുകൾ കേൾക്കുന്ന ട്രൈബ്യൂണലാണ് തിരഞ്ഞെടുപ്പു ട്രൈബ്യൂണൽ (Election Tribunal). പാർലമെന്റിലേക്കും നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച കേസുകൾ ഹൈക്കോടതി ജഡ്ജിയും, കോർപ്പറേഷനുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കുമുള്ള തിരഞ്ഞെടുപ്പു സംബന്ധിച്ച കേസുകൾ ജില്ലാ ജഡ്ജിയും, പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച കേസുകൾ മുൻസിഫും ആയിരിക്കും കേൾക്കുന്നത്.

**സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ**

അഖിലേന്ത്യാ സർവീസിലെ അംഗങ്ങൾ, കേന്ദ്രഗവണ്മെന്റിൽ ഏത് തസ്തികയിലുമുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ നിയമനം, സേവനവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച തർക്കങ്ങളിന്മേലും പരാതികളിന്മേലും തീർപ്പുകൽപിക്കുന്നതിന് നിയുക്തമായ ട്രൈബ്യൂണലാണ് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (Central Administrative Tribunal - CAT).

ചെയർമാൻ, വൈസ് ചെയർമാൻ, ജുഡീഷ്യൽ മെംബർമാർ, അഡ്മിനിസ്ട്രേറ്റീവ് മെംബർമാർ എന്നിവരടങ്ങുന്നതാണ് ട്രൈബ്യൂണൽ. ചെയർമാനും വൈസ് ചെയർമാന്മാരും ഹൈക്കോടതി ജഡ്ജിമാരായിരുന്നവരോ, അല്ലെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽസ് ആക്ട് (1985) നിർദേശിക്കുന്ന യോഗ്യതകളുള്ള കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥരോ ആയിരിക്കും. ജുഡീഷ്യൽ മെംബർമാർ ഹൈക്കോടതി ജഡ്ജിമാരോ, ഹൈക്കോടതി ജഡ്ജിമാരാകാൻ യോഗ്യതയുള്ള കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥരോ ആയി രിക്കുന്നതാണ്. ആക്ട് നിർദേശിക്കുന്ന യോഗ്യതകളുള്ള കേന്ദ്രഗവണ്മെന്റ് ഉദ്യോഗസ്ഥരായിരിക്കും അഡ്മിനിസ്ട്രേറ്റീവ് മെംബർമാർ. രാഷ്ട്രപതിയാണ് ഇവരുടെ നിയമനങ്ങൾ നടത്തുന്നത്.

ചെയർമാനും ഒരു ജൂഡീഷ്യൽ മെംബറും ഒരു അഡ്മിനിസ്ട്രേറ്റീവ് മെംബറും തുടങ്ങുന്നതാണ് ട്രൈബ്യൂണൽ ബെഞ്ച്. ചെയർമാൻ പ്രിസൈഡിംഗ് ഓഫീസറായുള്ള പ്രിൻസിപ്പൽ ബെഞ്ച് ഡൽഹിയിലും, വൈസ് ചെയർമാന്മാർ, ആക്ടിംഗ് ചെയർമാന്മാർ എന്ന നിലയിൽ പ്രിസൈഡിംഗ് ഓഫീസർമാരായുള്ള അഡീഷണൽ ബെഞ്ചുകൾ രാജ്യത്തെ വിവിധ കേന്ദ്രങ്ങളിലും പ്രവർത്തിച്ചുപോരുന്നു. ഉത്തരവിന്മേൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽസ് ആക്ടിലെ വ്യവസ്ഥ പ്രകാരം സംസ്ഥാന ഗവണ്മെന്റ് ഉദ്യോഗസ്ഥർക്കായി സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് മാതൃകയിൽ സ്ഥാപിതമായ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (State Administrative Tribunal) സംസ്ഥാനങ്ങളിലും പ്രവർത്തിച്ചുപോരുന്നുണ്ട്.

**സായുധസേനാ ട്രൈബ്യൂണൽ**

കര, നാവിക, വ്യോമസേനാ വിഭാഗങ്ങളുമായി ബന്ധപ്പെട്ട സിവിൽ സർവീസ് കേസുകൾ വിചാരണചെയ്ത് തീർപ്പുകൽപിക്കുന്ന ട്രൈബ്യൂണലാണ് സായുധസേനാ ട്രൈബ്യൂണൽ (Armed Forces Tribunal). സിവിൽ കോടതികളിലും സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലും; ഈ മൂന്ന് സേനാവിഭാഗങ്ങളിലുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസുകളും കോർട്ട് മാർഷൽ (സൈനിക കോടതി) ഉത്തരവിന്മേൽ ഹൈക്കോടതികൾ മുമ്പാകെയുള്ള അപ്പീലുകളും ഹൈക്കോടതിയുടെ അധികാരമുള്ള ഈ ട്രൈബ്യൂണലിലേക്ക് മാറ്റപ്പെട്ടിരിക്കുകയാണ്. ട്രൈബ്യൂണലിന്റെ വിധിയിന്മേൽ സുപ്രീം കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം. ചെയർമാനു പുറമെ വേണ്ടത്ര ജുഡീഷ്യൽ മെമ്പർമാരും അഡ്മിനിസ്ട്രേറ്റീവ് മെമ്പർമാരും അടങ്ങുന്നതാണ് ഈ

ട്രൈബ്യൂണൽ. ഒരു മുൻ സുപ്രീം കോടതി ജഡ്ജിയോ, ഒരു മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസോ ആയിരിക്കും ട്രൈബ്യൂണൽ ചെയർമാൻ. ജുഡീഷ്യൽ മെംബർമാർ റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിമാരും, അഡ്മിനിസ്ട്രേറ്റീവ് മെംബർമാർ മേജർ ജനറൽ-റിയർ അഡ്മിറൽ-എയർ മാർഷൽ റാങ്കുകളിൽ താഴെയല്ലാത്തവരും, ഒരു വർഷമെങ്കിലും ജഡ്ജ് അഡ്വക്കേറ്റ് ജനറൽ (സൈന്യത്തെ സംബന്ധിക്കുന്നതായ നിയമപരമായ കാര്യങ്ങളിൽ ഉപദേശം നൽകുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റ് നിയമിക്കുന്ന അഭിഭാഷകൻ) ആയി സേവനമനുഷ്ഠിച്ചിട്ടുള്ളവരുമായിരിക്കും. ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് ഡൽഹിയിലാണ്. കൊച്ചിയിലാണ് റീജിയനൽ ബെഞ്ചുകളിലൊന്ന്.

### റെയിൽവേ ക്ലെയിംസ് ട്രൈബ്യൂണൽ

ഇന്ത്യൻ റെയിൽവേ മൂലം, ജനങ്ങളുടെ ജീവനും സ്വത്തിനും നേരിടുന്ന നഷ്ടങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക നിർണയിക്കുന്നതിന് നിയുക്തമായിട്ടുള്ള ട്രൈബ്യൂണലാണ് ഇത്. ചെയർമാൻ, വൈസ് ചെയർമാൻ, ജുഡീഷ്യൽ മെംബർമാർ എന്നിവരടങ്ങുന്നതാണ് ഈ ട്രൈബ്യൂണൽ. ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ളയാളോ ആയിരിക്കും ചെയർമാൻ, വൈസ് ചെയർമാന്മാരും ജുഡീഷ്യൽ മെംബർമാരും ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ളവരോ, അല്ലെങ്കിൽ റെയിൽവേ ക്ലെയിംസ് ട്രൈബ്യൂണൽ ആക്ട് (1988) നിർദേശിക്കുന്ന യോഗ്യതകളുള്ള കേന്ദ്ര ഗവണ്മെന്റ് ഉദ്യോഗസ്ഥരോ ആയിരിക്കുന്നതാണ്. ആക്ട് നിർദേശിക്കുന്ന യോഗ്യതകളുള്ളവരായിരിക്കും ടെക്നിക്കൽ മെംബർമാർ. ഇവരുടെ നിയമനങ്ങൾ രാഷ്ട്രപതിയാണ് നടത്തുന്നത്. ചെർമാനോ അല്ലെങ്കിൽ ആക്ടിംഗ് ചെയർമാൻ എന്ന നിലയിൽ വൈസ് ചെയർമാനോ അധ്യക്ഷനായുള്ള ട്രൈബ്യൂണൽ ബെഞ്ചിൽ, ഒരു ജൂഡിഷ്യൽ മെംബറും ഒരു ടെക്നിക്കൽ മെംബറും ഉണ്ടായിരിക്കുന്നതാണ്. ഇത്തരം ട്രൈബ്യൂണൽ ബെഞ്ചുകൾ രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ട്രൈബ്യൂണൽ ഉത്തരവിനെ ഹൈക്കോടതിയിൽ ചോദ്യം ചെയ്യാവുന്നതാണ്.

### യൂണിവേഴ്സിറ്റി അപ്പലെറ്റ് ട്രൈബ്യൂണൽ

സംസ്ഥാന സർവകലാശാലകളുടെ കീഴിലുള്ള സ്വകാര്യ കോളേജുകളിലെ അധ്യാപകരുടെയും അനധ്യാപകരുടെയും നിയനമന ഉത്തരവകൾക്കെതിരായ അപ്പീലുകൾ, അവരുടെ പ്രമോഷൻ സംബന്ധിച്ച ഉത്തരവുകളിന്മേലുള്ള അപ്പീലുകൾ എന്നിവ കേട്ട് തീർച്ചചെയ്യുന്ന ട്രൈബ്യൂണാണ് യൂണിവേഴ്സിറ്റി അപ്പലെറ്റ് ട്രൈബ്യൂണൽ (Universtiy Appellate Tribunal). ഇവർക്കെതിരായ അച്ചടക്കനടപടികൾ തീരുമാനിക്കുന്നതിനും ട്രൈബ്യൂണലിന് അധികാരമുണ്ട്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ആളെയാണ് ട്രൈബ്യൂണലായി നിയോഗിക്കുക. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

### ട്രാൻസ്പോർട്ട് അപ്പലെറ്റ് അതോറിറ്റി

ട്രാൻസ്പോർട്ട് ബസ്സുകൾ, പ്രൈവറ്റ് ബസ്സുകൾ, മറ്റ് മോട്ടോർ വാഹനങ്ങൾ മുതലായവയ്ക്ക് പെർമിറ്റ് നിരസിക്കുകയോ, അനധികൃതമായി പെർമിറ്റ് നൽകുകയോ ചെയ്തുകൊണ്ടുള്ള റീജനൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഉത്തരവുകളിന്മേലുള്ള അപ്പീലുകൾ തീർച്ചചെയ്യുന്ന അധികാരിയാണ് ഇത്. ജില്ല ജഡ്ജിയുടെ പദവിയിലുള്ള ആളായിരിക്കും ഈ സ്ഥാനത്തിരുന്ന് അപ്പീലുകൾ കേൾക്കുക. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.

### വക്ഫ് ട്രൈബ്യൂണൽ

വക്ഫ് ബോർഡിന്റെ സ്വത്തുക്കൾ സംബന്ധിച്ച തർക്കങ്ങളിന്മേൽ (വസ്തു വക്ഫ് ബോർഡ് വകയാണോ, അല്ലെങ്കിൽ വസ്തു സുന്നി വക്ഫ് ആണോ, അല്ലെങ്കിൽ വസ്തു ശിയാ വക്ഫ് ആണോ എന്ന്) തീർപ്പുകൽപിക്കുന്ന ട്രൈബ്യൂണലാണ് ഇത്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ളയാളെയാണ് ട്രൈബ്യൂണലായി നിയോഗിക്കുക. വിധിയിന്മേൽ അപ്പീലിനു വ്യവസ്ഥയില്ല. എന്നാൽ സ്വമേധയായോ കക്ഷികളുടെ അപേക്ഷകളിന്മേലോ ഹൈക്കോടതിക്ക് ട്രൈബ്യൂണൽ രേഖകൾ വരുത്തി ഉത്തരവിന്റെ നിയമസാധുത പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്താവുന്നതാണ്.

**ഇന്ത്യൻ റെയിൽവേ മൂലം, ജനങ്ങളുടെ ജീവനും സ്വത്തിനും നേരിടുന്ന നഷ്ടങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക നിർണയിക്കുന്നതിന് നിയുക്തമായിട്ടുള്ള ട്രൈബ്യൂണലാണ് ഇത്. ചെയർമാൻ, വൈസ് ചെയർമാൻ, ജുഡീഷ്യൽ മെംബർമാർ എന്നിവരടങ്ങുന്നതാണ് ഈ ട്രൈബ്യൂണൽ. ഹൈക്കോടതി ജഡ്ജിയോ, ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ളയാളോ ആയിരിക്കും ചെയർമാൻ, വൈസ് ചെയർമാന്മാരും ജുഡീഷ്യൽ മെംബർമാരും ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യതയുള്ളവരോ, അല്ലെങ്കിൽ റെയിൽവേ ക്ലെയിംസ് ട്രൈബ്യൂണൽ ആക്ട് (1988) നിർദേശിക്കുന്ന യോഗ്യതകളുള്ള കേന്ദ്ര ഗവണ്മെന്റ് ഉദ്യോഗസ്ഥരോ ആയിരിക്കുന്നതാണ്. ആക്ട് നിർദേശിക്കുന്ന യോഗ്യതകളുള്ളവരായിരിക്കും ടെക്നിക്കൽ മെംബർമാർ. ഇവരുടെ നിയമനങ്ങൾ രാഷ്ട്രപതിയാണ് നടത്തുന്നത്.**




4


# ഫിത്നയും മുസ്‌ലിംകളുടെ നിലപാടും

ശൈഖ് സ്വാലിഹ് ആലുശൈഖ്
വിവ: സിയാദ് കണ്ണൂർ

ശറഇയ്യായ കാര്യങ്ങൾ പ്രയോഗവത്കരിക്കുന്നതിൽ ഈ പതാക എങ്ങനെ? നമസ്കാരത്തിനായി കൽപിക്കുന്ന വിഷയത്തിൽ അതെങ്ങനെ? ദുരാചാരത്തിൽനിന്നും വിലക്കുന്ന വിഷയത്തിൽ അതെങ്ങനെ? നിർബന്ധകാര്യങ്ങളിൽ നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുന്നതിൽ അതെങ്ങനെ? നിഷിദ്ധകാര്യങ്ങളിൽ നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുന്നതിൽ അതെങ്ങനെ?

അവ സമ്പൂർണമാണെങ്കിൽ, തട്ടുകൾ അതിന്റെ പൂർണത കാണിക്കും. അവയിൽ ന്യൂനതയുണ്ടെങ്കിൽ തട്ടുകൾ അതിന്റെ തോതനുസരിച്ചുള്ള ന്യൂനത അറിയിക്കും.

ഈ തട്ടുകൾ സുപ്രധാനമാണ്. അത് നിങ്ങളുടെ ഹൃദയത്തിലും മസ്തിഷ്കത്തിലുമുണ്ടാകണം. അതിനെ ഒരിക്കലും വിട്ടുപിരിയരുത്. വ്യതിചലിക്കുന്ന വേളയിൽ വഴിതെറ്റിക്കാതെയും ക്രമക്കേട് ഉണ്ടാകുമ്പോൾ ആശയക്കുഴപ്പമുണ്ടാക്കാതെയും അത് നിങ്ങളെ പിടിച്ചുനിർത്തും.



**അവർ ധാരാളമായി അല്ലാഹുവോട് പ്രാർഥിക്കുകയും അവരെ ഉപദേശിക്കുകയും ചെയ്യും. അവരിൽ നിന്നും യാതൊരു പ്രതിഫലവും നന്ദിയും പ്രതീക്ഷിക്കുകയില്ല. അല്ലാഹുവിന്റെ പ്രീതി മാത്രമാണ് അതുമുഖേന അവർ ആഗ്രഹിക്കുന്നത്. ഇത് ഹൃദയത്തിൽ സ്ഥിരപ്പെട്ടു കഴിഞ്ഞാൽ, നാം യഥാർഥത്തിൽ അഹ്‌ലുസ്സുന്നതി വൽജമാഅഃയിൽ പെട്ടവരായി. അഹ്‌ലുസ്സുന്നതി വൽജമാഅഃ എഴുതിയ അക്വീദാപുസ്തകങ്ങൾ വായിച്ചു നോക്കുക. ഭരണാധികാരിക്ക് പ്രജകളോടും, പ്രജകൾക്ക് ഭരണാധികാരിയോടുമുള്ള ബാധ്യതകൾ വിവരിക്കുന്ന പ്രത്യേക അധ്യായങ്ങൾതന്നെ നിങ്ങൾക്ക് അതിൽ കാണാം. കാരണം അതിലൂടെയാണ് ജമാഅത്ത് സ്ഥാപിതമായതും അതിലൂടെതന്നയാണ് അഹ്‌ലുസ്സുന്നതി വൽജമാഅഃ നിലനിൽക്കുന്നതും.**

ഇത് നിനക്ക് വ്യക്തമാകുകയും മുസ്‌ലിം പതാകയെ മറ്റുള്ളവയിൽനിന്നും വേർതിരിച്ചറിയുകയും ചെയ്താൽ, സത്യത്തോടും സന്മാർഗത്തോടുമൊപ്പം ആ മുസ്‌ലിം പതാകക്ക് കീഴിൽ നിൽക്കൽ നിന്റെ ബാധ്യതയാണ്. കാരണം സത്യവിശ്വാസികളോടൊപ്പം നിൽക്കാൻ അല്ലാഹു കൽപിച്ചിട്ടുണ്ട്. മാത്രമല്ല, അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കാനും ഭിന്നിക്കുന്നതിൽനിന്നും മാറിനിൽക്കാനും അവൻ നമ്മെ പ്രേരിപ്പിച്ചു.

അതിൽ ഒന്നാമത്തേത്: ആ പതാകയോടുള്ള നിങ്ങളുടെ ആഭിമുഖ്യം സത്യസന്ധമായിരിക്കണം. ഇസ്‌ലാമിനെ ശരിയായ നിലയ്ക്ക് ഉയർത്തിക്കാട്ടുന്ന പതാകയോടായിരിക്കണം നിങ്ങളുടെ ആഭിമുഖ്യം. വക്രതയോ സംശയമോ ആശയക്കുഴപ്പങ്ങളോ അതിലുണ്ടാകരുത്. കാരണം അത് ഒന്നുകിൽ ഇസ്‌ലാം അല്ലെങ്കിൽ കുഫ്റ് എന്ന നിലയ്ക്കാണ്. ഇസ്‌ലാമാണെന്ന് സ്ഥിരപ്പെട്ടാൽ, പിന്നെ അതിന്മേൽ ശറഇയ്യായ വിധികൾ ബാധകമാക്കേണ്ടതുണ്ട്.

(ഒരു വ്യക്തിയെ ബഹിഷ്കരിക്കുന്നതിന് അവന്റെ) പാപത്തെ ഹേതുവാക്കാൻ ഒരു മുസ്‌ലിമിന് പാടുള്ളതല്ല. അങ്ങനെയായാൽ, സത്യവിശ്വാസികളോടും അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവരോടും വലാഅ് കാണിക്കണം എന്ന അല്ലാഹുവിന്റെയും തിരുദൂതരുടെയും കൽപനകൾ അവൻ പാലിക്കുന്നില്ല എന്നുവരും.

രണ്ടാമത്തേത്: അല്ലാഹു നിനക്ക് പഠിപ്പിച്ചുതന്ന പ്രകാരം ആ പതാകയെ ഗുണകാംക്ഷയോടെ ഉപദേശിക്കുക. ഭിന്നതയെ ഇഷ്ടപ്പെടുന്ന ബിദ്അത്തുകാരോട് അഹ്‌ലുസ്സുന്നതി വൽജമാഅഃ എതിരാണ്. തങ്ങളുടെ ഭരണം ഏൽപിക്കപ്പെട്ടവരിൽ വെറുപ്പുളവാക്കുന്ന വല്ലതും കണ്ടെങ്കിൽ പോലും അവരെ ഗുണകാംക്ഷയോടെ ഉപദേശിക്കുകയും അവർക്കുവേണ്ടി ധാരാളം പ്രാർഥിക്കുകയും ചെയ്യുന്ന വിഷയത്തിലാണ് അഹ്‌ലുസ്സുന്നതി വൽജമാഅഃ ബിദ്അത്തുകാരോട് എതിരായത്.

അവർ ധാരാളമായി അല്ലാഹുവോട് പ്രാർഥിക്കുകയും അവരെ ഉപദേശിക്കുകയും ചെയ്യും. അവരിൽ നിന്നും യാതൊരു പ്രതിഫലവും നന്ദിയും പ്രതീക്ഷിക്കുകയില്ല. അല്ലാഹുവിന്റെ പ്രീതി മാത്രമാണ് അതുമുഖേന അവർ ആഗ്രഹിക്കുന്നത്. ഇത് ഹൃദയത്തിൽ സ്ഥിരപ്പെട്ടു കഴിഞ്ഞാൽ, നാം യഥാർഥത്തിൽ അഹ്‌ലുസ്സുന്നതി വൽജമാഅഃയിൽ പെട്ടവരായി.

അഹ്‌ലുസ്സുന്നതി വൽജമാഅഃ എഴുതിയ അക്വീദാപുസ്തകങ്ങൾ വായിച്ചു നോക്കുക. ഭരണാധികാരിക്ക് പ്രജകളോടും, പ്രജകൾക്ക് ഭരണാധികാരിയോടുമുള്ള ബാധ്യതകൾ വിവരിക്കുന്ന പ്രത്യേക അധ്യായങ്ങൾതന്നെ നിങ്ങൾക്ക്

**ഇസ്‌ലാമിനെ അതല്ലാത്തതിൽ നിന്നുള്ളതിന്റെ വിധിയും, ഈമാനിനെയും കുഫ്‌റിനെയും കുറിച്ചുള്ളവിധിയും (അറിയാൻ) പണ്ഡിതന്മാരിലേക്ക് മടക്കണം. വിദ്യാർഥികളിലേക്ക് മടക്കരുത്. അവർക്ക് ഒരുപക്ഷേ, ചില ഭാഗങ്ങൾ അറിയുകയും മറ്റുചിലത് അറിയാതെയും വരാം. അതല്ലെങ്കിൽ സാമാന്യവത്കരിക്കാൻ പാടില്ലാത്ത ചില സംഗതികളെ അവർ സാമാന്യവത്കരിച്ചു എന്നും വരാം. അതിനാൽ, ശരിയായ തുലാസുപയോഗിച്ച് തൂക്കാൻ സാധിക്കാത്തവരെ സംബന്ധിച്ചിടത്തോളം, ഇത്തരം വിഷയങ്ങളിലുള്ള വിധികർത്താക്കൾ പണ്ഡിതന്മാരാണ്. ഈമാനിനെയും കുഫ്‌റിനെയും സംബന്ധിച്ചും നാം മുകളിൽ പറഞ്ഞ മറ്റുവിഷയങ്ങളെ സംബന്ധിച്ചുമുള്ള അവരുടെ വാക്കുകളും നിഗമനങ്ങളും നാം സ്വീകരിക്കണം.**

അതിൽ കാണാം. കാരണം അതിലൂടെയാണ് ജമാഅത്ത് സ്ഥാപിതമായതും അതിലൂടെതന്നയാണ് അഹ്‌ലുസ്സുന്നതി വൽജമാഅഃ നിലനിൽക്കുന്നതും.

നബി(സ്വ)യിൽനിന്നും വന്നതാണിത്. അവിടുന്ന് മുസ്‌ലിംകളായ ഭരണാധികാരികളെയും സാധാരണക്കാരെയും ഉപദേശിക്കാൻ പ്രേരിപ്പിച്ചത് 'മതം ഗുണകാംക്ഷയാണ്' എന്ന ഹദീസിൽ കാണാം. ഉപദേശിക്കൽ നിർബന്ധമാണെന്ന് സ്ഥിരപ്പെട്ടാൽ, പിന്നെ അത് ഒരു മുസ്‌ലിമിന്റെ ബാധ്യതയായി മാറി. എന്നാൽ എങ്ങനെയാണ് ഒരാൾ ഉപദേശിക്കുക? ആ സംസാരം എങ്ങനെയാകണം?

അത് നബിചര്യ(സുന്നത്ത്)യിലൂടെസ്ഥിരപ്പെട്ടതാകണം; അല്ലാതെ, അവനവന് തോന്നിയ മാർഗത്തിലൂടെയല്ല.

ഹിശാമിബ്നു ഹകീമിനോട് ഇയാദുബ്നു ഗനം പറഞ്ഞതായി സ്വഹീഹായ ഒരു ഹദീഥിൽ ഇപ്രകാരം സ്ഥിരപ്പെട്ടു: 'തിരുദൂതർ(സ്വ) പറയുന്നത് നീ കേട്ടിട്ടില്ലേ, ഭരണാധികാരിയെ ഉപദേശിക്കാൻ ആരെങ്കിലും ഉദ്ദേശിച്ചാൽ, അവൻ അത് പരസ്യമായി ചെയ്യരുത്. പകരം, അദ്ദേഹത്തിന്റെ കൈ പിടിച്ചുകൊണ്ട് ഏകാന്തതയിലേക്ക് പോകട്ടെ. ശേഷം അദ്ദേഹം (ഉപദേശം) സ്വീകരിക്കുകയാണെങ്കിൽ അങ്ങനെ. അതല്ലെങ്കിൽ, അവൻ തന്റെ കടമ നിറവേറ്റി.'

അതിനാൽ, പ്രവാചകചര്യക്കായി ചെവിയോർക്കുക. നിസ്സംശയം, നിങ്ങൾതന്നെയാണ് സുന്നത്തിനെ അനുധാവനം ചെയ്യുന്നതിൽ അതീവതൽപരർ. അഹ്‌ലുസ്സുന്നതി വൽജമാഅഃയും ആ വിഷയത്തിൽ അതീവ തൽപരരായിരുന്നു.

ഇത് (ഉപരിസൂചിത ഹദീസ്) നമുക്ക് ശാന്തത നൽകുകയും നബി(സ്വ) പറഞ്ഞതിനെ പിൻപറ്റുന്നവരാക്കുകയും ചെയ്യുന്നു. ഇത് പിന്തുടർന്നാൽ, അല്ലാഹുവിന്റെ അനുമതിയോടുകൂടി നാം സുരക്ഷിതരാണ്. ഇത് പിന്തുടരുന്നില്ലെങ്കിൽ, നമ്മിൽ ന്യൂനതയുണ്ടാവുകയും നമ്മുടെ എതിർപ്പിന് ആനുപാതികമായി അഹ്‌ലുസ്സുന്നതി വൽജമാഅഃയുടെ മാർഗത്തോട് നാം എതിര് നിൽക്കുന്നവരാകുകയും ചെയ്യും.

മുകളിൽ പറഞ്ഞ തുലാസുകളുപയോഗിച്ച് മുസ്‌ലിം പതാകയെ മറ്റുള്ളവയിൽനിന്നും വേർതിരിച്ചറിഞ്ഞാൽ, ആ പതാകക്ക് ശറഇയ്യായ വിധികൾ ബാധകമാക്കണം. ആ പതാക മുസ്‌ലിം പതാകയാണെന്ന് തെളിയിക്കപ്പെടുകയും ചെയ്യും. ഇത് സുപ്രധാനമായ ഒരു വിഷയമാണ്. അവസ്ഥകൾ മാറുകയും ഫിത്‌ന വെളിപ്പെടുകയും ചെയ്യുമ്പോൾ അതിന്റെ പ്രാധാന്യം വർധിക്കുകയും ചെയ്യും.

ഈ തുലാസുകളെക്കുറിച്ച്– ഈ വിഷയങ്ങൾ എങ്ങനെ തൂക്കും എന്ന കാര്യത്തിൽ – ഒരു മുസ്‌ലിം ആശയക്കുഴപ്പത്തിലാണെങ്കിൽ, അവൻ പണ്ഡിതന്മാരിലേക്ക് മടങ്ങണം. (കാരണം) അവരാണ് ശരിയായ തുലാസുകളുപയോഗിച്ച് തൂക്കുകയും നേരായ രീതിയിൽ വിലയിരുത്തുകയും ശറഇയ്യായ നിയമങ്ങൾക്കനുസൃതമായി വിധിക്കുകയും ചെയ്യുന്നത്.

അതിനാൽ, ഇസ്‌ലാമിനെ അതല്ലാത്തതിൽ നിന്നുള്ളതിന്റെ വിധിയും, ഈമാനിനെയും കുഫ്‌റിനെയും കുറിച്ചുള്ളവിധി




യും (അറിയാൻ) പണ്ഡിതന്മാരിലേക്ക് മടക്കണം. വിദ്യാർഥികളിലേക്ക് മടക്കരുത്. അവർക്ക് ഒരുപക്ഷേ, ചില ഭാഗങ്ങൾ അറിയുകയും മറ്റുചിലത് അറിയാതെയും വരാം. അതല്ലെങ്കിൽ സാമാന്യവത്കരിക്കാൻ പാടില്ലാത്ത ചില സംഗതികളെ അവർ സാമാന്യവത്കരിച്ചു എന്നും വരാം.

അതിനാൽ, ശരിയായ തുലാസുപയോഗിച്ച് തൂക്കാൻ സാധിക്കാത്തവരെ സംബന്ധിച്ചിടത്തോളം, ഇത്തരം വിഷയങ്ങളിലുള്ള വിധികർത്താക്കൾ പണ്ഡിതന്മാരാണ്. ഈമാനിനെയും കുഫ്റിനെയും സംബന്ധിച്ചും നാം മുകളിൽ പറഞ്ഞ മറ്റുവിഷയങ്ങളെ സംബന്ധിച്ചുമുള്ള അവരുടെ വാക്കുകളും നിഗമനങ്ങളും നാം സ്വീകരിക്കണം.

അഹ്‌ലുസ്സുന്നതി വൽജമാഅഃ അംഗീകരിച്ചതുപോലെ, പുണ്യവാനായാലും അധർമകാരിയായാലും, ഏതൊരു ഭരണാധികാരിക്ക് കീഴിലും ജിഹാദുണ്ട്. ഏതെങ്കിലും ഒരു കാലത്ത് അല്ലെങ്കിൽ ഏതെങ്കിലും ഒരു അവസരത്തിൽ, ശറഇന് വിരുദ്ധമായി ഭരണാധികാരി വല്ലതും ചെയ്തു എന്ന കാരണത്താൽ ജിഹാദിന്റെ പതാകയിൽനിന്നും വിട്ടുനിൽക്കൽ ഒരാൾക്കും അനുവദനീയമല്ല.

മുസ്‌ലിം ഭരണാധികാരികൾക്ക് ഭരണീയരിൽനിന്നും ലഭിക്കേണ്ട അവകാശത്തിൽ പെട്ടതാണ് ഭരണാധികാരികൾക്ക് വേണ്ടിയുള്ള പ്രാർഥന. സുന്നത്തിന്റെ സഹായകനും അഹ്‌ലുസ്സുന്നതി വൽജമാഅഃയുടെ ഇമാമുമായ ഇമാം ബർബഹാരി തന്റെ 'അസ്സുന്ന' എന്ന ഗ്രന്ഥത്തിൽ (ഇത് പ്രസിദ്ധീകരിക്കപ്പെട്ടതും സുലഭവുമാണ്) പറയുന്നു:

'ഭരണാധികാരിക്കു വേണ്ടി പ്രാർഥിക്കുന്ന ഒരു മനുഷ്യനെ നീ കണ്ടാൽ, അവൻ സുന്നത്തിന്റെ ആളാണെന്ന് നീ മനസ്സിലാക്കുക. ഭരണാധികാരിക്ക് എതിരിൽ പ്രാർഥിക്കുന്ന ഒരു മനുഷ്യനെ നീ കണ്ടാൽ, അവൻ ബിദ്അത്തിന്റെ



**അഹ്‌ലുസ്സുന്നതി വൽജമാഅഃ അംഗീകരിച്ചതുപോലെ, പുണ്യവാനായാലും അധർമകാരിയായാലും, ഏതൊരു ഭരണാധികാരിക്ക് കീഴിലും ജിഹാദുണ്ട്. ഏതെങ്കിലും ഒരു കാലത്ത് അല്ലെങ്കിൽ ഏതെങ്കിലും ഒരു അവസരത്തിൽ, ശറഇന് വിരുദ്ധമായി ഭരണാധികാരി വല്ലതും ചെയ്തു എന്ന കാരണത്താൽ ജിഹാദിന്റെ പതാകയിൽനിന്നും വിട്ടുനിൽക്കൽ ഒരാൾക്കും അനുവദനീയമല്ല. മുസ്‌ലിം ഭരണാധികാരികൾക്ക് ഭരണീയരിൽനിന്നും ലഭിക്കേണ്ട അവകാശത്തിൽ പെട്ടതാണ് ഭരണാധികാരികൾക്ക് വേണ്ടിയുള്ള പ്രാർഥന. സുന്നത്തിന്റെ സഹായകനും അഹ്‌ലുസ്സുന്നതി വൽജമാഅഃയുടെ ഇമാമുമായ ഇമാം ബർബഹാരി തന്റെ 'അസ്സുന്ന' എന്ന ഗ്രന്ഥത്തിൽ (ഇത് പ്രസിദ്ധീകരിക്കപ്പെട്ടതും സുലഭവുമാണ്) പറയുന്നു: 'ഭരണാധികാരിക്കു വേണ്ടി പ്രാർഥിക്കുന്ന ഒരു മനുഷ്യനെ നീ കണ്ടാൽ, അവൻ സുന്നത്തിന്റെ ആളാണെന്ന് നീ മനസ്സിലാക്കുക. ഭരണാധികാരിക്ക് എതിരിൽ പ്രാർഥിക്കുന്ന ഒരു മനുഷ്യനെ നീ കണ്ടാൽ, അവൻ ബിദ്അത്തിന്റെ ആളാണെന്ന് നീ മനസ്സിലാക്കുക.'**

ആളാണെന്ന് നീ മനസ്സിലാക്കുക.'

ഫുദൈലുബ്നു ഇയാദ് തന്റെ കാലത്തുള്ള ഭരണാധികാരിക്കു വേണ്ടി ധാരാളമായി പ്രാർഥിക്കുമായിരുന്നു. അക്കാലത്തുള്ള അബ്ബാസിയ്യ ഭരണാധിപന്മാരെക്കുറിച്ച് നമുക്ക് നന്നായി അറിയാം. (എന്നിട്ടും) അവർക്കുവേണ്ടി അദ്ദേഹം പ്രാർഥിച്ചിരുന്നു. അദ്ദേഹത്തോടു ചോദിക്കപ്പെട്ടു: 'താങ്കളുടെ സ്വന്തത്തിന് വേണ്ടി പ്രാർഥിക്കുന്നതിനെക്കാളധികം താങ്കൾ ഭരണാധികാരികൾക്കുവേണ്ടി പ്രാർഥിക്കുന്നു?' അദ്ദേഹം പറഞ്ഞു: 'അതെ. എന്തെന്നാൽ ഞാൻ നന്നായാൽ അത് എനിക്കും എന്റെ ചുറ്റുമുള്ളവർക്കും മാത്രമാണ്. എന്നാൽ, ഭരണാധികാരി നന്നായാൽ അത് മുഴുവൻ മുസ്‌ലിംകൾക്കുമാണ്.'

അതിനാൽ, മുസ്‌ലിംകൾക്ക് മൊത്തത്തിൽ നന്മ ലഭിക്കണമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ, മുസ്‌ലിം ഭരണാധികാരികളെയും കൈകാര്യകർത്താക്കളെയും നന്നാക്കുവാനും അവർക്ക് അല്ലാഹുവിന്റെ ഗ്രന്ഥത്തിനും തിരുദൂതരുടെ ചര്യയ്ക്കും അനുസൃതമായി കർമങ്ങൾ ചെയ്യാനുള്ള തൗഫീഖിനായും ആത്മാർഥമായി പ്രാർഥിക്കുക. കിതാബും സുന്നത്തുമനുസരിച്ചുള്ള സന്മാർഗത്തിനും കർമങ്ങൾക്കും ഉപരിയായി നാം ഒന്നുംതന്നെ ആഗ്രഹിക്കുകയോ പ്രതീക്ഷിക്കുകയോ ചെയ്യുന്നില്ല. ഹൃദയങ്ങൾ അല്ലാഹുവിന്റെ കൈയിലാണ്. അവനാണ് അതിനെ മാറ്റിമറിക്കുന്നത്

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089



അധ്യായം: 44

A

# അദ്ദുഖാൻ

## (പുക)

(മക്കയിൽ അവതരിച്ചത്)

حمٓ ﴿١﴾
وَٱلْكِتَـٰبِ ٱلْمُبِينِ ﴿٢﴾
إِنَّآ أَنزَلْنَـٰهُ فِى لَيْلَةٍ مُّبَـٰرَكَةٍ ۚ إِنَّا كُنَّا
مُنذِرِينَ ﴿٣﴾
فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ ﴿٤﴾
أَمْرًا مِّنْ عِندِنَآ ۚ إِنَّا كُنَّا مُرْسِلِينَ ﴿٥﴾
رَحْمَةً مِّن رَّبِّكَ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٦﴾
رَبِّ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَآ ۖ إِن
كُنتُم مُّوقِنِينَ ﴿٧﴾
لَآ إِلَـٰهَ إِلَّا هُوَ يُحْىِۦ وَيُمِيتُ ۖ رَبُّكُمْ وَرَبُّ
ءَابَآئِكُمُ ٱلْأَوَّلِينَ ﴿٨﴾
بَلْ هُمْ فِى شَكٍّ يَلْعَبُونَ ﴿٩﴾
فَٱرْتَقِبْ يَوْمَ تَأْتِى ٱلسَّمَآءُ بِدُخَانٍ مُّبِينٍ
﴿١٠﴾

1. ഹാമീം,
2. സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണെ സത്യം;
3. തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു.
4. ആ രാത്രിയിൽ യുക്തിപൂർണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു.
5. അതെ, നമ്മുടെ പക്കൽനിന്നുള്ള കൽപന. തീർച്ചയായും നാം (ദൂതൻമാരെ) നിയോഗിച്ചുകൊണ്ടിരിക്കുന്നവനാകുന്നു.
6. നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു കാരുണ്യമത്രെ അത്. തീർച്ചയായും അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും.
7. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവ്. നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ!
8. അവനല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവപിതാക്കളുടെ രക്ഷിതാവും ആയിട്ടുള്ളവൻ.
9. എങ്കിലും അവർ സംശയത്തിൽ കളിക്കുകയാകുന്നു.
10. അതിനാൽ, ആകാശം തെളിഞ്ഞുകാണാവുന്ന ഒരു പുകയും കൊണ്ട് വരുന്ന ദിവസം നീ പ്രതീക്ഷിച്ചിരിക്കുക.

يَغۡشَى ٱلنَّاسَۖ هَٰذَا عَذَابٌ أَلِيمٞ ١١

رَّبَّنَا ٱكۡشِفۡ عَنَّا ٱلۡعَذَابَ إِنَّا مُؤۡمِنُونَ ١٢

أَنَّىٰ لَهُمُ ٱلذِّكۡرَىٰ وَقَدۡ جَآءَهُمۡ رَسُولٞ مُّبِينٞ ١٣

ثُمَّ تَوَلَّوۡاْ عَنۡهُ وَقَالُواْ مُعَلَّمٞ مَّجۡنُونٌ ١٤

إِنَّا كَاشِفُواْ ٱلۡعَذَابِ قَلِيلًاۚ إِنَّكُمۡ عَآئِدُونَ ١٥

يَوۡمَ نَبۡطِشُ ٱلۡبَطۡشَةَ ٱلۡكُبۡرَىٰٓ إِنَّا مُنتَقِمُونَ
١٦ ۞

وَلَقَدۡ فَتَنَّا قَبۡلَهُمۡ قَوۡمَ فِرۡعَوۡنَ وَجَآءَهُمۡ
رَسُولٞ كَرِيمٌ ١٧

أَنۡ أَدُّوٓاْ إِلَيَّ عِبَادَ ٱللَّهِۖ إِنِّي لَكُمۡ رَسُولٌ أَمِينٞ ١٨

11. മനുഷ്യരെ അത് പൊതിയുന്നതാണ്. ഇത് വേദനയേറിയ ഒരു ശിക്ഷയായിരിക്കും.
12. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീ ഈ ശിക്ഷ ഒഴിവാക്കിത്തരേണമേ, തീർച്ചയായും ഞങ്ങൾ വിശ്വസിച്ചുകൊള്ളാം.
13. എങ്ങനെയാണ് അവർക്ക് ഉൽബോധനം ഫലപ്പെടുക? (കാര്യം) വ്യക്തമാക്കുന്ന ഒരു ദൂതൻ അവരുടെ അടുക്കൽ ചെന്നിട്ടുണ്ട്.
14. എന്നിട്ട് അദ്ദേഹത്തെ വിട്ട് അവൻ പിന്തിരിഞ്ഞുകളയുകയാണ് ചെയ്തത്. ആരോ പഠിപ്പിച്ചുവിട്ടവൻ, ഭ്രാന്തൻ എന്നൊക്കെ അവർ പറയുകയും ചെയ്തു.
15. തീർച്ചയായും നാം ശിക്ഷ അൽപം ഒഴിവാക്കിത്തരാം. എന്നാൽ നിങ്ങൾ (പഴയ അവസ്ഥയിലേക്ക്) മടങ്ങുകതന്നെ ചെയ്യുമല്ലോ.
16. ഏറ്റവും വലിയ പിടുത്തം നാം പിടിക്കുന്ന ദിവസം തീർച്ചയായും നാം ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്.
17. ഇവർക്ക് മുമ്പ് ഫിർഔന്റെ ജനതയെ നാം പരീക്ഷിച്ചിട്ടുണ്ട്. മാന്യനായ ഒരു ദൂതൻ അവരുടെ അടുത്ത് ചെന്നു.
18. അല്ലാഹുവിന്റെ ദാസന്മാരെ നിങ്ങൾ എനിക്ക് ഏൽപിച്ചു തരണം, തീർച്ചയായും ഞാൻ നിങ്ങളിലേക്കുള്ള വിശ്വസ്തനായ ദൂതനാകുന്നു. (എന്ന് അദ്ദേഹം പറഞ്ഞു.)

2,3). ക്വുർആൻ ക്വുർആനിനെക്കൊണ്ട് സത്യം ചെയ്യുകയാണിവിടെ. സ്പഷ്ടമായ ഈ ഗ്രന്ഥം കൊണ്ട് സത്യം ചെയ്യുന്നു. വ്യക്തമാക്കേണ്ടതെല്ലാം വ്യക്തമാക്കുന്നു. സ്പഷ്ടമായ ഗ്രന്ഥം. അതവൻ ഇറക്കി. (ഒരു അനുഗൃഹീത രാത്രിയിൽ). അതായത് ധാരാളം നന്മയും അനുഗ്രഹവുമുള്ള ഒന്നാണ് മഹത്ത്വത്തിന്റെ രാത്രി. ആയിരം മാസങ്ങളെക്കാൾ ഉത്തമമായത്. അപ്പോൾ ഏറ്റവും ശ്രേഷ്ഠമായ വചനത്തെ ഏറ്റവും ശ്രേഷ്ഠമായ രാപ്പകലുകളിൽ ഏറ്റവും ശ്രേഷ്ഠനായ മനുഷ്യന് ആദരണീയ അറബി ഭാഷയിൽ അവനിറക്കി. കഷ്ടപ്പാട് നിറഞ്ഞ, അജ്ഞത പരന്ന ഒരു ജനതയെ താക്കീത് ചെയ്യുവാൻ. അതിന്റെ പ്രകാശത്താൽ അവർ വഴി കണ്ടെത്താനും അതിന്റെ മാർഗദർശനത്തെ അവർ സ്വീകരിക്കാനും അതിനോടൊപ്പം അവർ സഞ്ചരിക്കാനും അങ്ങനെ ഇഹപരനന്മകൾ അവർ കൈവരിക്കാനുംവേണ്ടി. അതാണല്ലോ അല്ലാഹു പറഞ്ഞത്: (തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു).

4). (അതിൽ) അതായത് ക്വുർആൻ അവതരിച്ച ശ്രേഷ്ഠമായ ആ രാത്രിയിൽ (യുക്തി പൂർണമായ ഓരോ കാര്യവും വേർതിരിച്ച് വിവരിക്കപ്പെടുന്നു). അതായത് വേർതിരിക്കപ്പെടുകയും വിവേചിക്കപ്പെടുകയും അല്ലാഹു വിധിച്ച മതപരവും വിധി സംബന്ധവുമായ എല്ലാ കാര്യവും രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്നു. അത് അല്ലാഹു സൃഷ്ടികളുടെ വിധികളും അവധികളും ഉപജീവനവും പ്രവർത്തനങ്ങളും ചുറ്റുപാടുകളും കണക്കാക്കിയ ആദ്യരേഖയോട് യോജിക്കുകയും ചെയ്യുന്നു.

തുടർന്ന് അല്ലാഹു തന്റെ അടിമ മാതാവിന്റെ വയറ്റിലാകുമ്പോൾ സംഭവിക്കേണ്ട കാര്യങ്ങൾ രേഖപ്പെടുത്താൻ മലക്കുകളെ ഏൽപിച്ചിരിക്കുന്നു. പിന്നീട് ഇഹലോകത്തേക്ക് വന്നതിനുശേഷമുള്ള കാര്യങ്ങളും ഏൽപിക്കുന്നു. മനുഷ്യന്റെ പ്രവർത്തനങ്ങളെ രേഖപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്ന

മാന്യന്മാരായ മലക്കുകളാണ് ഏൽപിക്കപ്പെടുന്നത്. പിന്നീട് അല്ലാഹു ഓരോ വർഷത്തിലും ഉണ്ടാകേണ്ട കാര്യങ്ങളെ ലൈലത്തുൽ ക്വദ്റിന്റെ രാവിൽ നിശ്ചയിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ പ്രവർത്തനങ്ങളുടെ പൂർണതയും യുക്തിയും സംരക്ഷണം നൽകുന്നതിലെ അന്യൂനതയും തന്റെ സൃഷ്ടികൾക്ക് നൽകുന്ന ശ്രദ്ധയുമാണ്.

5). (അതെ, നമ്മുടെ പക്കൽനിന്നുള്ള കൽപന) ഈ യുക്തിപൂർണമായ കൽപന നമ്മുടെ അടുക്കൽ നിന്നുള്ളതാണ്. (തീർച്ചയായും നാം നിയോഗിച്ചുകൊണ്ടിരിക്കുന്നവനാകുന്നു). പ്രവാചകന്മാരെ അയക്കുന്നവനും വേദഗ്രന്ഥങ്ങളെ ഇറക്കുന്നവനും. അയക്കുന്നവന്റെ കൽപനകൾ എത്തിക്കുന്നവരും അവന്റെ വിധികളെ അറിയിക്കുന്നവരുമാണ് ദൂതന്മാർ.

6). (എന്റെ രക്ഷിതാവിന്റെ അടുക്കൽ നിന്നുള്ള ഒരു കാരുണ്യമത്രെ അത്). പ്രവാചകന്മാരെ നിയോഗിക്കുന്നതിലും വേദഗ്രന്ഥങ്ങൾ ഇറക്കുന്നതിലും ഏറ്റവും ശ്രേഷ്ഠം കാരുണ്യമായി സ്രഷ്ടാവ് മനുഷ്യർക്ക് നൽകിയ ക്വുർആൻ തന്നെയാണ്. വേദഗ്രന്ഥങ്ങൾ മുഖേനയും പ്രവാചകന്മാരിലൂടെയും സന്മാർഗം കാണിച്ചുകൊടുത്തു എന്നതുതന്നെയാണ് തന്റെ ദാസന്മാർക്ക് അല്ലാഹു നൽകിയ കാരുണ്യം. ഇഹപര നന്മകൾ അവൻ കരസ്ഥമാക്കുന്നത് അവ മുഖേനയാണ്. അതാണ് അതിന് നിമിത്തമാകുന്നത്. (തീർച്ചയായും അവൻ തന്നെയാകുന്നു എല്ലാം കേൾക്കുന്നവനും അറിയുന്നവനും). എല്ലാ ശബ്ദവും അവൻ കേൾക്കുന്നു. ബാഹ്യവും ആന്തരികവുമായ സർവ കാര്യങ്ങളും അവനറിയുകയും ചെയ്യുന്നു. വേദഗ്രന്ഥങ്ങളും പ്രവാചകന്മാരും എത്രത്തോളം മനുഷ്യർക്ക് അനിവാര്യമാണെന്ന് അല്ലാഹുവിന്നറിയാം. അതിനാൽ അവർ മുഖേന അവൻ അവരെ അനുഗ്രഹിച്ചു. ആകയാൽ അല്ലാഹുവിനത്രെ സ്തുതിയും പ്രശംസയും നന്മയുമെല്ലാം.

7,8). (ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവ്) അതായത് അതിന്റെ സ്രഷ്ടാവും നിയന്താവും അതിനെ ഉദ്ദേശിക്കുന്നവിധം കൈകാര്യം ചെയ്യുന്നവനും. (നിങ്ങൾ ദൃഢവിശ്വാസമുള്ളവരാണെങ്കിൽ) ദൃഢത പ്രദാനം ചെയ്യുന്ന വിധം അതിനെ മനസ്സിലാക്കുന്നവരാണെങ്കിൽ നിങ്ങളറിയണം, സൃഷ്ടിജാലങ്ങളുടെ രക്ഷിതാവാണ് യഥാർഥ ആരാധ്യൻ. അതാണ് അല്ലാഹു പറഞ്ഞത്: (അവനല്ലാതെ യാതൊരു ആരാധ്യനുമില്ല) അവനെയല്ലാതെ ആരാധിക്കാവതല്ല. (അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു) മരിപ്പിക്കലും ജീവിപ്പിക്കലും അവന്റെ മാത്രം കൈകാര്യങ്ങളിൽ പെട്ടതാണ്. അതിനാൽ മരണശേഷം നിങ്ങളെ അവൻ ജീവിപ്പിക്കുകയും നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുകയും ചെയ്യും. നന്മയ്ക്ക് നന്മയും തിന്മയ്ക്ക് തിന്മയും. (നിങ്ങളുടെ രക്ഷിതാവും നിങ്ങളുടെ പൂർവപിതാക്കളുടെ രക്ഷിതാവും ആയിട്ടുള്ളവൻ) ആദ്യകാലക്കാരുടെയും അവസാനകാലക്കാരുടെയും രക്ഷിതാവ്. അവർക്ക് അനുഗ്രഹങ്ങൾ നൽകി സംരക്ഷിക്കുന്നവൻ, അവരെ ദോഷങ്ങളിൽ നിന്ന് പ്രതിരോധിക്കുന്നവൻ.

9). അല്ലാഹു തന്റെ സൃഷ്ടികർതൃത്വത്തെയും ആരാധ്യതയെയും സംശയരഹിതമായും പൂർണ അറിവോടെയും സ്ഥാപിച്ചശേഷം അറിയിക്കുന്നത്. കാര്യങ്ങൾ ഇത്രയൊക്കെ വ്യക്തമാണെങ്കിലും അവിശ്വാസികൾ; (എങ്കിലും അവർ സംശയത്തിൽ കളിക്കുകയാകുന്നു) സംശയങ്ങളിലും ആശയക്കുഴപ്പങ്ങളിലും മുഴുകിയവരായി. അവരെ എന്തിനുവേണ്ടി സൃഷ്ടിച്ചു എന്നതിൽ അവർ അശ്രദ്ധരാണ്. ഉപദ്രവമല്ലാതെ മറ്റൊരു പ്രയോജനവുമില്ലാത്ത അർഥശൂന്യമായ കളികളിൽ വ്യാപൃതരാണവർ.

10-16). (അതിനാൽ നീ പ്രതീക്ഷിച്ചിരിക്കുക) അവർക്ക് ശിക്ഷ വരുന്നത് നീ പ്രതീക്ഷിക്കുക. തീർച്ചയായും അത് അടുത്തിരിക്കുകയാണ്. അതിന്റെ സമയമായിക്കഴിഞ്ഞു. (ആകാശം തെളിഞ്ഞുകാണാവുന്ന ഒരു പുകയും കൊണ്ട് വരുന്ന ദിവസം, മനുഷ്യരെ അത് പൊതിയുന്നതാണ്). ആ പുക അവരെ മുഴുവൻ ബാധിക്കും. അവരോട് പറയപ്പെടും: (ഇത് വേദനയേറിയ ഒരു ശിക്ഷയായിരിക്കും) ഈ പുകയെന്താണെന്നതിൽ ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായഭിന്നതയുണ്ട്.

ഒരു അഭിപ്രായം: ഉയിർത്തെഴുന്നേൽപുനാളിൽ നരകം കുറ്റവാളികളിലേക്കടുക്കുമ്പോൾ അവരെ പൊതിയുന്ന ഒരു പുകയാണതെന്നാണ്. ഉയിർത്തെഴുന്നേൽപുനാളിലെ ഒരു ശിക്ഷയെക്കുറിച്ച് അല്ലാഹു അവരെ താക്കീത് ചെയ്യുന്നു. ആ ദിവസത്തെ കാത്തിരിക്കാൻ തന്റെ നബിയോട് അല്ലാഹു നിർദേശിക്കുകയും ചെയ്യുന്നു. ഈ ആശയം ശക്തിപ്പെടുത്തുന്നത് സത്യനിഷേധികളെ താക്കീത് ചെയ്യുന്ന ക്വുർആനിന്റെ ഒരു രീതിയാണ്. അവർക്ക് സാവകാശം നൽകുകയും ആ ദിനത്തെക്കുറിച്ചും ശിക്ഷയെക്കുറിച്ചും അവരെ താക്കീത് ചെയ്യുകയും തങ്ങളെ ഉപദ്രവിക്കുന്നവർക്ക് ശിക്ഷ പ്രതീക്ഷിക്കുന്നതിലൂടെ വിശ്വാസികളെയും പ്രവാചകനെയും സമാശ്വസിപ്പിക്കുകയും കൂടിയാണിതിൽ. ഈ ആയത്തിൽ അതിനെ ശക്തിപ്പെടുത്തുന്ന മറ്റൊരാശയം കൂടിയുണ്ട്. (എങ്ങനെയാണവർക്ക് ഉദ്ബോധനം ഫലപ്പെടുക? കാര്യം വ്യക്തമാക്കുന്ന ഒരു ദൂതൻ അവരുടെ അടുക്കൽ ചെന്നിട്ടുണ്ട്). ഇഹലോകത്തേക്ക് മടങ്ങാൻ ആവശ്യപ്പെടുമ്പോൾ സത്യനിഷേധികളോട് ഉയിർത്തെഴുന്നേൽപുനാളിൽ പറയപ്പെടുന്നതാണിത്. തിരിച്ചുപോക്കിന്റെ സമയം കഴിഞ്ഞെന്ന് അവരോട് പറയപ്പെടും.

മറ്റൊരാശയമായി പറയപ്പെടുന്നത്: സത്യത്തോട് അഹങ്കാരം കാണിക്കുകയും വിശ്വസിക്കാൻ വി

സമ്മതിക്കുകയും ചെയ്തപ്പോൾ അവിശ്വാസികളായ ക്വുറൈശികൾക്ക് സംഭവിച്ചതാണിതെന്നാണ്. നബി (സ്വ) അവർക്കെതിരെ ഇങ്ങനെ പ്രാർഥിച്ചു:

أللهم أعني عليهم بسنين كسني يوسف
(البخاري 4797)

"യൂസുഫ് നബി(അ)യുടെ കാലത്തുണ്ടായ ക്ഷാമവർഷംപോലെ ഇവർക്ക് നൽകി നീ എന്നെ സഹായിക്കേണമേ" (ബുഖാരി 4774, മുസ്‌ലിം 2792).

അങ്ങനെ അല്ലാഹു അവരുടെമേൽ കഠിനമായ വിശപ്പിറക്കി. എല്ലുകളും ശവങ്ങളും ഭക്ഷിക്കേണ്ട അവസ്ഥയുണ്ടാക്കി. അങ്ങനെ അവർ ആകാശത്തിനും ഭൂമിക്കുമിടയിൽ പുകയുടെ രൂപത്തിലുള്ളത് കണ്ടു. അത് പുകയായിരുന്നില്ല. വിശപ്പിന്റെ കാഠിന്യത്താൽ അവർക്ക് തോന്നിയതാണ്. ഇതായിരിക്കാം ഈ വചനത്തിന്റെ താൽപര്യം. (ആകാശം തെളിഞ്ഞ് കാണാവുന്ന ഒരു പുകയും കൊണ്ടുവരുന്ന ദിവസം) അവരുടെ കാഴ്ചയുമായി ബന്ധപ്പെട്ട ഒന്നാണത്. യഥാർഥത്തിൽ ഉള്ളതല്ല. അല്ലാഹുവിന്റെ ദൂതൻ അവർക്ക് കാരുണ്യത്താൽ തേടുന്നതുവരെ ഈ അവസ്ഥ തുടർന്നു. ഈ അവസ്ഥ നീങ്ങിക്കിട്ടാൻ പ്രാർഥിക്കാൻ അവർ പ്രവാചകനോട് ആവശ്യപ്പെട്ടു.

നബി(സ്വ) തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു. അല്ലാഹു അവരിൽനിന്ന് അത് നീക്കിക്കൊടുത്തു. അതാണ് അല്ലാഹു പറഞ്ഞത്: (തീർച്ചയായും നാം ശിക്ഷ അൽപം ഒഴിവാക്കിത്തരാം. എന്നാൽ നിങ്ങൾ മടങ്ങുകതന്നെ ചെയ്യുമല്ലോ). ആ ശിക്ഷ അവരിൽ നിന്ന് ഒഴിവാക്കിക്കൊടുക്കുമെന്ന് അറിയിക്കുകയും നിഷേധത്തിലേക്കും അഹങ്കാരത്തിലേക്കും തിരിച്ചുപോകുന്നതിനെ താക്കീത് ചെയ്യുകയും ചെയ്യുന്നു. അത് സംഭവിച്ചു. അവരെ അല്ലാഹു ഏറ്റവും വലിയ പിടികൂടൽ പിടികൂടി. അതാണ് ബദ്‌റിലെ സംഭവങ്ങളെന്ന് പറയുന്നു. ഇതിൽ അഭിപ്രായവ്യത്യാസമുണ്ട്.


മറ്റൊരഭിപ്രായമായി പറയപ്പെട്ടത്, ഇത് അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാണെന്നാണ്. അതായത് ജനങ്ങളുടെ ശ്വസനത്തെ പിടികൂടുന്ന ഒരു പുകയുണ്ടാകുമെന്നും പുകയുടെ രൂപത്തിലായിരിക്കും അത് വിശ്വാസികളെ ബാധിക്കുക എന്നുമാണ്.

ശരിയായത് ഒന്നാമത്തെ അഭിപ്രായമാണ്. അല്ലാഹുവിന്റെ വാക്കിന്റെ ഉദ്ദേശ്യം അതാണെന്നതിന് തുടർന്നുള്ള വചനത്തിൽ തെളിവുണ്ട്. (അതിനാൽ, ആകാശം തെളിഞ്ഞുകാണാവുന്ന ഒരു പുകയും കൊണ്ട് വരുന്ന ദിവസം നീ പ്രതീക്ഷിച്ചിരിക്കുക. മനുഷ്യരെ അത് പൊതിയുന്നതാണ്. ഇത് വേദനയേറിയ ഒരു ശിക്ഷയായിരിക്കും. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീ ഈ ശിക്ഷ ഒഴിവാക്കിത്തരേണമേ, തീർച്ചയായും ഞങ്ങൾ വിശ്വസിച്ചുകൊള്ളാം. എങ്ങനെയാണ് അവർക്ക് ഉൽബോധനം ഫലപ്പെടുക? (കാര്യം) വ്യക്തമാക്കുന്ന ഒരു ദൂതൻ അവരുടെ അടുക്കൽ ചെന്നിട്ടുണ്ട്. എന്നിട്ട് അദ്ദേഹത്തെ വിട്ട് അവൻ പിന്തിരിഞ്ഞുകളയുകയാണ് ചെയ്തത്. ആരോ പഠിപ്പിച്ചുവിട്ടവൻ, ഭ്രാന്തൻ എന്നൊക്കെ അവർ പറയുകയും ചെയ്തു). ഇതെല്ലാം ഉയിർത്തെഴുന്നേൽപുനാളിൽ ഉണ്ടാകുന്നതാണ്. എന്നാൽ ഈ വചനം: (തീർച്ചയായും നാം ശിക്ഷ അൽപം ഒഴിവാക്കിത്തരാം. എന്നാൽ നിങ്ങൾ (പഴയ അവസ്ഥയിലേക്ക്) മടങ്ങുകതന്നെ ചെയ്യുമല്ലോ. ഏറ്റവും വലിയ പിടുത്തം നാം പിടിക്കുന്ന ദിവസം തീർച്ചയായും നാം ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്). ഇത് നേരത്തെ പറഞ്ഞപോലെ ക്വുറൈശികൾക്ക് സംഭവിച്ചതാണ്.

ഈ രണ്ട് അർഥങ്ങൾക്കാണ് ഈ വചനങ്ങൾ ഇറങ്ങിയത് എന്നാകുമ്പോൾ അതിലെ പദങ്ങൾ അതിന് തടസ്സമില്ല. മറിച്ച് അത് അങ്ങേയറ്റം യോജിപ്പ് പുലർത്തുകയും ചെയ്യുന്നു. ഇതാണ് എനിക്ക് വ്യക്തമായതും ഞാൻ മുൻഗണന നൽകുന്നതും (അല്ലാഹു അഅ്‌ലം).

17. മുഹമ്മദ് നബി(സ്വ)യെ കളവാക്കിയവരെക്കുറിച്ച് പറഞ്ഞപ്പോൾ കളവാക്കുന്ന പൂർവികന്മാർ ഇവർക്കുണ്ടെന്നും അല്ലാഹു പറയുന്നു. മൂസാ നബി(അ)യെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് അവരുടെ ചരിത്രം പറയുന്നത്. അവരുടെ നിഷേധത്തിൽനിന്ന് അവരെ പിന്തിരിപ്പിക്കാൻ അവർക്കിറക്കിയതും പരാമർശിക്കുന്നു. (ഇവർക്ക് മുമ്പ് ഫിർഔനിന്റെ ജനതയെ നാം പരീക്ഷിച്ചിട്ടുണ്ട്) അതായത് മൂസബ്നു ഇംറാനെ അവരിലേക്കയച്ചു. നാം അവരെ പരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്തു. മറ്റാരിലും കാണാത്ത സവിശേഷ സ്വഭാവമുള്ള മാന്യനായ പ്രവാചകൻ.

18). (അല്ലാഹുവിന്റെ ദാസന്മാരെ നിങ്ങൾ എനിക്ക് എൽപിച്ചുതരണം) ഫിർഔനിനോടും അവന്റെ ജനതയോടും അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ ദാസന്മാരെ നിങ്ങൾ എനിക്ക് ഏൽപിച്ചുതരണം. ബനൂഇസ്‌റാഈലുകാരെയാണ് ഉദ്ദേശിക്കുന്നത്. അതായത്, കഠിനമായ ശിക്ഷയും പീഡനങ്ങളും ഏൽപിക്കുന്നതിൽനിന്നും അവരെ നിങ്ങൾ മോചിപ്പിക്കണം. കാരണം, അവരെന്റെ ബന്ധുക്കളും (ആ കാലത്തെ) ഏറ്റവും ഉൽകൃഷ്ട ജനതയുമാകുന്നു. നിങ്ങളവരെ അക്രമിക്കുകയും അന്യായമായി അടിമകളാക്കിവെക്കുകയും ചെയ്യുന്നു. അതിനാൽ അവരുടെ രക്ഷിതാവിനെ ആരാധിക്കാൻ അവരെ വിട്ടേക്കുക. (തീർച്ചയായും ഞാൻ നിങ്ങളിലേക്കുള്ള വിശ്വസ്തനായ ദൂതനാകുന്നു). ലോകരക്ഷിതാവിൽനിന്നുള്ള ദൂതൻ ഏതൊരുകാര്യവുമായി നിയോഗിക്കപ്പെട്ടുവോ അതിൽ വിശ്വസ്തൻ. ഞാനൊന്നും നിങ്ങളോട് മറച്ചുവെക്കുന്നില്ല. കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നില്ല. അങ്ങനെയാകുമ്പോൾ അദ്ദേഹത്തിന് പൂർണമായി കീഴൊതുങ്ങൽ നിർബന്ധമാകുന്നു. ■



# നായ്പ്പേടിയിൽ ഒരു സംസ്ഥാനം!

ടി.കെ അശ്റഫ്
: 81118 07199

ഏതാനും ആഴ്ചകളായി തെരുവുനായ്ക്കളുടെ പരാക്രമത്തിന്റെ വാർത്തകൾ വാർത്താമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയാണ്. മനുഷ്യജീവന് ഭീഷണിയായ ഇവയെ എന്തുചെയ്യണം എന്ന് തീരുമാനിക്കാൻ ഇനിയും നമ്മുടെ ഭരണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ആകെക്കൂടി വന്ധ്യംകരണം നടത്തുക, പ്രതിരോധ വാക്സിൻ കുത്തിവയ്ക്കുക എന്നീ തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്. അതുകൊണ്ട് ഒരുപക്ഷേ, ഭാവിയിൽ തെരുവുനായ്ക്കളുടെ എണ്ണം അൽപം കുറഞ്ഞേക്കാം, പേ ബാധയും കുറഞ്ഞേക്കാം; എന്നാൽ നിലവിൽ, കണ്ടവരെയൊക്കെ കടിച്ചുകീറിക്കൊണ്ടിരിക്കുന്ന നായകളെ തടയാൻ ഇതുകൊണ്ടാകുമോ?

ഈ ഘട്ടത്തിൽ കടിക്കുന്ന നായകളെ സംബന്ധിച്ചുള്ള ഇസ്‌ലാമിക നിലപാട് പ്രസക്തമാവുകയാണ്. എല്ലാ ജീവികളോടും കാരുണ്യം കാണിക്കണമെന്ന് പഠിപ്പിച്ച മതമാണ് ഇസ്‌ലാം. ഒരാൾ നായക്ക് ദാഹജലം നൽകിയതിന്റെ പേരിൽ സ്വർഗത്തിന് അർഹനായി എന്നും, ഒരു സ്ത്രീ പൂച്ചക്ക് ഭക്ഷണം നൽകാതെ കെട്ടിയിട്ട് അതിനെ മരണത്തിലേക്ക് തള്ളിയിട്ടതിന്റെ പേരിൽ നരകത്തിന് അർഹയായി എന്നും നബി(സ്വ) പഠിപ്പിക്കുന്നുണ്ട്. അതോടൊപ്പം തന്നെ മനുഷ്യനെ ഉപദ്രവിക്കുന്ന ഏത് ജീവിയെയും കൊല്ലാനുള്ള അനുവാദവും നൽകി. നബി(സ്വ) വധിക്കാൻ അനുവദിച്ച ദുഷ്ടജന്തുക്കളിൽ ഒന്ന് കടിക്കുന്ന നായയാണ്. (ബുഖാരി, മുസ്‌ലിം).

മനുഷ്യരാണ് ഭൂമുഖത്ത് ഉൽകൃഷ്ട ജീവി. മനുഷ്യനുവേണ്ടിയാണ് പ്രപഞ്ചത്തിലുള്ളതെല്ലാം സൃഷ്ടിച്ചിരിക്കുന്നത് എന്നാണ് ഇസ്‌ലാമിക കാഴ്ചപ്പാട്. മനുഷ്യനെ ദ്രോഹിക്കുന്ന അവസ്ഥ വന്നാൽ അവിടെ ജീവിക്കല്ല; മനുഷ്യനാണ് പ്രാധാന്യം നൽകേണ്ടത്. പ്രകൃതിയിലെ എല്ലാം മനുഷ്യനുള്ളതാണ്. പക്ഷേ, ഒന്നും ദുരുപയോഗം ചെയ്യരുത് എന്ന് മാത്രം. എത്ര പ്രസക്തവും പ്രായോഗികവുമാണ് ഈ കാഴ്ചപ്പാടെന്ന് നോക്കൂ!

ഇക്കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ മാത്രം പാലക്കാട് ജില്ലയിൽ 2124 പേർക്കാണ് കടിയേറ്റത്. (ഇത് ഔദ്യോഗിക കണക്കു മാത്രമാണ്). സെപ്തംബർ മാസത്തിൽ 22 ദിവസത്തിനുള്ളിൽ 1324 പേരാണ് തെരുവ് നായ്ക്കളുടെ കടിയേറ്റ് ജില്ല ആശുപത്രിയിൽ ചികിത്സ തേടിയെത്തിയിട്ടുള്ളത്. ഒരു ജില്ലയിലെ മാത്രം കണക്കാണിതെന്ന് പ്രത്യേകം ഓർക്കുക!

തെരുവുനായ കുറുകെ ചാടിയതിനാൽ ഇരുചക്രവാഹനങ്ങൾ മറിഞ്ഞ് പരിക്കേൽക്കുന്നവരുടെയും മരണപ്പെടുന്നവരുടെയും എണ്ണം നാൾക്കുനാൾ വർധിച്ചുകൊണ്ടിരിക്കുയാണ്. കൂട്ടത്തോടെ അലഞ്ഞുതിരിയുന്ന നായ്ക്കൾ മഹാ അപകടകാരികളാണ്. ഇവയെ ഭയന്ന് പ്രഭാത സവാരി നിർത്തിവച്ചവരുണ്ട്. കുട്ടികളെ കളിക്കാൻ വിടാൻ രക്ഷിതാക്കൾക്ക് ധൈര്യമില്ല. സ്കൂളിലേക്കും മദ്റസയിലേക്കും കുട്ടികളെ പറഞ്ഞയക്കുമ്പോൾ രക്ഷിതാക്കൾക്ക് കൂടെ പോകേണ്ടിവരുന്നു.

പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയാലോ, വന്ധ്യംകരണം നടത്തിയാലോ അലഞ്ഞുനടക്കുന്ന നായ്ക്കൾ അക്രമസ്വഭാവം അവസാനിപ്പിക്കുമോ എന്ന ചോദ്യം പ്രസക്തമാണ്. എത്രയും വേഗം അലഞ്ഞുതിരിയുന്ന നായകളെ നിർമാർജനം ചെയ്യേണ്ടതുണ്ട്. അതാണ് യഥാർഥ പരിഹാരം. നഗരങ്ങളിലും അങ്ങാടികളിലും നാട്ടിൻപുറങ്ങളിലുമെല്ലാം ജനങ്ങൾക്ക് നായ്പ്പേടിയില്ലാതെ നടക്കാൻ കഴിയണം. അതിനുള്ള പ്രായോഗിക നടപടികളാണ് ഉത്തരവാദപ്പെട്ടവർ കൈക്കൊള്ളേണ്ടത്.




GET IT ON Google Play

Download on the App Store

## പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 OCTOBER 01

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

# പുറത്തിറങ്ങി...

60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

